Aikyadeepam

# ഐക്യദീപം

മാർച്ച് 2014

Since 1976 വില ₹ 10





## വിവാഹിതരായി

വെണ്ണിക്കുളം തെള്ളിയൂർ കരുവള്ളിൽ കെ. എസ് ഏബ്രഹാമിന്റെയും ആലിസ് ഏബ്രഹാമിന്റെയും മകൻ **ആഷിഷ് ഏബ്രഹാമും** മാവേലിക്കര ചെറുകോൽ അടിച്ചിലേത്തുതറയിൽ ബാബുവിന്റെയും മോളമ്മ ബാബുവിന്റെയും മകൾ **മോബി ബാബുവും** തമ്മിലുള്ള വിവാഹം 2014 ജനുവരി 2-ാം തീയതി വാളക്കുഴി സെന്റ് ജോസഫ് മലങ്കര കത്തോലിക്ക ദൈവാലയത്തിൽ വച്ച് ഫാ. മാത്യു പഞ്ഞിക്കാട്ടിൽ ആശിർവദിച്ചു.



## വിവാഹിതരായി

മാലം ഒറവയ്ക്കൽ കാലായിൽ പരേതനായ സാബു ജേക്കബിന്റെയും ലിസിമോൾ മാത്യുവിന്റെയും മകൻ **ജേക്കബ് കുര്യനും (സെറിൻ)** മൈലപ്രാ വലിയപറമ്പിൽ വി.വി വർഗ്ഗീസിന്റെയും സാറാമ്മ വർഗ്ഗീസിന്റെയും മകൾ **ഡയാന മേരി വർഗ്ഗീസും** തിരുവല്ല അതിരൂപതാ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെയും പിതൃ സഹോദരൻ റവ.ഫാ. ജേക്കബ് ഒറവയ്ക്കൽ ഒ.ഐ.സിയുടെയും പ്രധാന കാർമികത്വത്തിൽ മാലം സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയത്തിൽ വച്ച് വിവാഹിതരായി.



# എഡിറ്റോറിയൽ
## editorial

കടലിലെ തിരമാലകൾ അവയുടെ നനുത്ത സ്പർശനത്താൽ കരയെ നിരന്തരം പുൽകുമ്പോൾ, പുനർജനിയുടെ വാതിലുകൾ കടന്ന് ആ കര കൂടുതൽ കൂടുതൽ നവമാവുകയല്ലേ? ഒഴുകുന്ന പുഴയുടെ ഓളങ്ങൾ അരികുകളിലേക്ക് പോലും പടർന്ന് ഒരു പുണ്യസ്നാനത്തിന്റെ തെളിനീർശുദ്ധി വരുത്തുന്നതുപോലെ... മഴത്തുള്ളികൾ ഭൂമിയുടെ നെഞ്ചിലേക്ക് പെയ്തിറങ്ങി, വിണ്ടുകീറിയ പാടുകളിൽ അമൃതിന്റെ നിശ്വാസം നിറയ്ക്കുന്നില്ലേ? അതെ, ഭൂമി നിരന്തരം അതിനെ ശുദ്ധീകരിക്കുന്നു.

മരണനിഴൽ മൂടിയ അസ്ഥിതാഴ്‌വരയിൽ ദൈവം എസക്കിയേലിനോട് മൃദുവായി സംസാരിച്ചു. ദ്രവിച്ച അസ്ഥികൾ പുതുജീവന്റെ മജ്ജയും മാംസവും ധരിച്ചതുപോലെ... ഒരു സ്വപ്നത്തിന്റെ മറവിൽ ദൈവം അസീസിയിലെ ഫ്രാൻസിസിനോട് സംസാരിച്ചു. പ്രതീക്ഷയുടെ വെളിച്ചം വിതറാനാവാതെ നിലംപൊത്താൻ കാത്തുനിന്ന ആ ദേവാലയം വീണ്ടും പ്രാർത്ഥനാമുഖരിതമായതുപോലെ... ഇനിയും തുറന്നിടാനാവാത്ത ജാലകത്തിനരികെ ദൈവം വീണ്ടും സംസാരിച്ചു. അകത്തുവരുവാനും പുറത്തുപോകുവാനുമുള്ള വാതിലുകളും, കാഴ്ചകളുടെ ജാലകങ്ങളും തുറക്കപ്പെട്ടു. വത്തിക്കാൻ കൗൺസിലെന്ന പുതുജീവന്റെ തണുത്ത കാറ്റ് സഭയെ തഴുകിയൊഴുകി. ഭാരതത്തിന്റെ വസന്തമായ് ഒരു CBCI സംഗമം. പുതിയ ദൗത്യങ്ങളുടെ ദൈവകല്പനകൾക്കായി കാത്തിരുന്ന ദിനങ്ങൾ... ദൈവസ്വരത്തിനായി കാതോർത്തിരുന്ന പ്രാർത്ഥനയുടെ നിമിഷങ്ങൾ...

ഇതാ... പുണ്യം വിടരുന്ന ഒരു നോമ്പുകാലം... കുരിശുപൂക്കുന്ന കാലം... വേദനകളിൽ, ത്യാഗങ്ങളിൽ, വിശുദ്ധിയുടെ പുതുവീഞ്ഞ് നിറഞ്ഞൊഴുകുന്ന ദിനങ്ങൾ. മരുഭൂമിയിലേക്ക് നമുക്കും അവനോടൊപ്പം യാത്രചെയ്യാം. നോമ്പിന്റെ പരിത്യാഗങ്ങൾ നമ്മിൽ മാറ്റം വരുത്തിക്കഴിയുമ്പോൾ... നാമും അവനോടൊപ്പം രൂപാന്തരപ്പെട്ടുകഴിയുമ്പോൾ ഉത്ഥാനത്തിന്റെ പുതിയ ദിനങ്ങളിലേക്ക് ഉണരാം... ഉത്ഥാനത്തിന്റെ ശോഭയോടെ...

Aikyadeepam
# ഐക്യദീപം

2014 മാർച്ച് പുസ്തകം 45 ലക്കം 3

▶ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ

▶ സഹ രക്ഷാധികാരി
മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ

▶ ചീഫ് എഡിറ്റർ
ഫാദർ ഡോ. തോമസ്കുട്ടി പതിനെട്ടിൽ

▶ അസോസിയേറ്റ് എഡിറ്റർ
ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ

▶ പ്രസാധകൻ
ഫാദർ തോമസ് കൊടിനാട്ടുകുന്നേൽ

▶ സർക്കുലേഷൻ മാനേജർ
ബ്രദർ ജെയ്സൻ വടക്കത്ര

▶ ഓഫീസ് സെക്രട്ടറി
സിസ്റ്റർ സെലീനാ ബസീലിയൻ

▶ ഉപദേശക സമിതി
മോൺ. ആന്റണി ചെത്തിപ്പുഴ
റവ. ഫാ. ചെറിയാൻ താഴമൺ
റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
ശ്രീ. ഷാജി കാരയ്ക്കൽ
പ്രൊഫ. ജേക്കബ് എം. ഏബ്രഹാം
ശ്രീ. ജോമി കലയപുരം
ശ്രീ. ജിജി മുളമൂട്ടിൽ
ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ

Printing at: Dona Offset, Kottayam
Annual Subscription ₹ 120.00
Single Copy ₹ 10.00
Overseas: $40.00 or ₹ 2750

Bank Details : Chief Editor, Aikyadeepam
Andhra Bank, Tiruvalla 689 101
A/c No. 110110100023901
IFSC. ANDB0001101
SWIFT CODE: ANDBINBB

Designed by : Prasad P. S.
Greeshma Designs, Kottayam
Ph: 9447304348
gdesignktm@gmail.com

All correspondence regarding Agency and Subscription:
Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral,
Tiruvalla-1.
Phone: 0469-2600626
Fax: 0469-2600822.
E-mail: aikyadeepamtvla@gmail.com


എഡിറ്റോറിയൽ 01

ഇടയശബ്ദം 03

4

കുരിശു പൂക്കുന്ന കാലം
പെരുമ്പടവം ശ്രീധരൻ

6 INTERVIEW


12

നോമ്പും നോമ്പുകാലചൈതന്യവും
ഫാ. ഡോ. ഐസക് പറപ്പള്ളിൽ

21

ഹൃദ്രോഗബാധയും ആധുനിക ചികിത്സയും
ഡോ. രാജൻ ജോസഫ് മാഞ്ഞൂരാൻ

22

CBCI ദിനങ്ങളിലൂടെ

സ്ഥിരം പംക്തികൾ
പ്രബോധനം, കുടുംബവേദി, അമ്മ മനസ്സ്, ഉള്ളതുപറഞ്ഞാൽ, ബാലദീപം, വിശുദ്ധിയുടെ ലില്ലിപുഷ്പങ്ങൾ, യൂത്ത് കോർണർ, ഉൾക്കണ്ണ്

## മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
## മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്




ഭാരതസഭയിൽ വസന്താനുഭവം പകർന്ന് പാലായിൽ ഭാരതമെത്രാന്മാരുടെ 8 ദിവസം നീണ്ട ദ്വിവാർഷിക സമ്മേളനം പൂർത്തീകരിക്കപ്പെട്ടു. Renewed Church for Renewed Society - നവീകൃതയായ സഭ നവീകൃതമായ സമൂഹത്തിനുവേണ്ടി എന്ന ലക്ഷ്യവുമായി സമ്മേളിച്ച ഈ അജപാലകരുടെ പ്രാർത്ഥനാപൂർവ്വമായ കൂടിവരവും പരിചിന്തനങ്ങളും തീരുമാനങ്ങളും പുതിയ ചൈതന്യം പകരുന്നു. രണ്ടാം വത്തിക്കാൻ സുന്നഹദോസിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങൾക്കു മകുടം ചാർത്തിക്കൊണ്ടാണ് 31-ാം CBCI പ്ലീനറി സമ്മേളനം നവീകരണത്തിന്റെ ഉറവിടത്തിന്റെയും ശക്തിയുടെയും പ്രതീകമായ അൽഫോൻസാമ്മയുടെ നാട്ടിൽ നടത്തപ്പെട്ടത്. എല്ലാ മേഖലകളെയും സ്പർശിച്ചുകൊണ്ടുള്ള ഭാരതമെത്രാന്മാരുടെ ധ്യാനാത്മകമായ പങ്കുവെയ്ക്കൽ നമ്മുടെ നാടിനും സഭകൾക്കും വലിയ ആവേശവും അതോടൊപ്പം വെല്ലുവിളിയുമാണ് ഉയർത്തുന്നത്.


ഫ്രാൻസിസ് മാർപാപ്പായുടെ ശൈലിയും ഊന്നലുകളും ഈ നവീകരണത്തിന് മാതൃകയും ശക്തിയും നല്കുന്നു എന്ന് ഭാരത മെത്രാന്മാർ വിലയിരുത്തുന്നു. ഈ കാലഘട്ടത്തിന് ആവശ്യമായ നേതൃത്വമാണ് പരി. പാപ്പാ തരുന്നത്. പരി. പിതാവിനെ അനുകരിച്ച് ലളിതമായ ജീവിതശൈലിയും പെരുമാറ്റവും ഓരോ ഇടയന്മാരും സ്വായത്തമാക്കണമെന്നും "ആടുകളുടെ മണമുള്ള" ഇടയന്മാരായി രൂപപ്പെടണമെന്നും പിതാക്കന്മാർ തീരുമാനിക്കുകയുണ്ടായി. പള്ളികളും സ്ഥാപനങ്ങളും മറ്റും നിർമ്മിക്കുമ്പോൾ പുലർത്തേണ്ട ലാളിത്യം, സംബോധനകളിൽ ഉണ്ടാവേണ്ട ഹൃദ്യതയും ലാളിത്യവും, പാവങ്ങളോടും ഇല്ലായ്മക്കാരോടും ഉണ്ടാവേണ്ട വർദ്ധിതതാൽപര്യവും, സാമൂഹ്യനീതിയും ദൈവരാജ്യസംസ്ഥാപനത്തിനുള്ള പുനർസമർപ്പണവും പ്രത്യേകം പ്രതിപാദിക്കപ്പെട്ടു. കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങളിലെ 167 രൂപതകളിലെ പിതാക്കന്മാരുടെ ഒത്തുച്ചേരൽ ഏറെ ആത്മിക അനുഭവമായിരുന്നു. ബ്രസീലും അമേരിക്കയും കഴിഞ്ഞാൽ ഏറ്റം വലിയ കോൺഫ്രൻസാണ് ഭാരതസമിതി.

ലത്തീൻ, സീറോ മലബാർ, സീറോ മലങ്കര എന്നീ മൂന്നു വ്യക്തിഗതസഭകൾ തമ്മിലുള്ള വലിയ ഇഴയടുപ്പം, സൗഹൃദാന്തരീക്ഷം, പരസ്പര ഉത്തരവാദിത്വം തുടങ്ങിയ കാര്യങ്ങൾ ദീപ്തമായി കാട്ടിയ സമ്മേളനമായിരുന്നു പാലായിൽ നടന്ന CBCI

(ശേഷം പേജ് 27)

# കുരിശു പൂക്കുന്ന കാലം





പെരുമ്പടവം ശ്രീധരൻ

ബേത്‌ലഹേമിലെ പുൽക്കുടിലിനു മുകളിൽ യേശുവിന്റെ ജനനത്തെ കാണിക്കുന്ന നക്ഷത്രവും അതിന്റെ വെളിച്ചവും മാത്രമാണോ ഉണ്ടായിരുന്നത്?

ആ നക്ഷത്രവെളിച്ചത്തിന്റെ നിലാവൊളിക്കു മേൽ എവിടെയോ കാൽവരിയിലേക്കു നീളുന്ന ഒരു കുരിശിന്റെ നിഴലും ഉണ്ടായിരുന്നില്ലേ?

ഉണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

12-ാംമത്തെ വയസ്സിൽ ജറുസലേം ദേവാലയത്തിൽ വച്ച് മഹാപുരോഹിതന്മാരോട് ദൈവശാസ്ത്രപരമായ ഒരു സംവാദത്തിൽ ഏർപ്പെടുമ്പോൾ കൈയ്യിൽ കുരിശുയർത്തി നിൽക്കുന്ന കാൽവരിയുടെ നിഴൽ തന്റെ നേർക്ക് ചായുന്നത് ഉൾക്കണ്ണാൽ കണ്ടിട്ടുണ്ടാവണം.



തന്റെ രക്തം കൊണ്ട് വേണം ലോകത്തേയും കാലത്തേയും വെഞ്ചരിക്കാനെന്ന് അറിഞ്ഞുകൊണ്ടാവണം യേശു അതുവരെ ആരും നടക്കാത്ത വഴികളിലൂടെ നടന്നത്.

ഏതായിരുന്നു യേശുവിന്റെ വഴി?

അത് മറ്റുള്ളവർ നടന്നുണ്ടായ വഴിയായിരുന്നില്ല. ഭൂമിയിൽ യേശുവിന്റെ കാല്പാടുകൾ പതിഞ്ഞുണ്ടായ വഴി ആ ഒരാൾ മാത്രം നടന്ന വഴിയായിരുന്നു.

അതിലേ പിന്നെ ആരും വന്നില്ല.

പീഡാനുഭവത്തിലൂടെ സഹനങ്ങളിലൂടെ തെളിഞ്ഞു വരുന്ന വഴികളെല്ലാം ഒടുവിൽ കുരിശുമരണത്തിന്റെ വക്കിലെത്തുന്നു.

ഇടയ്ക്ക് ഒരു ഗദ്സമനുണ്ട്.

തന്റെ നേർക്കുയർത്തപ്പെടുന്ന കുരിശിന്റെ നിഴലിലിരുന്ന് യേശു ധ്യാനിക്കുന്ന ഇടം. രക്തം വിയർപ്പാകുന്ന നിമിഷങ്ങൾ.

സ്വന്തം ശിഷ്യന്മാരാൽ പോലും ഉപേക്ഷിക്കപ്പെട്ട നിലയിൽ, ആർക്കും വേണ്ടാതെ.......

തന്റെ പ്രയത്നങ്ങൾ മുഴുവൻ വ്യർത്ഥ്യമായി പോകുന്നെന്നു തോന്നിപ്പിച്ച നിമിഷങ്ങൾ.........

ലോകചരിത്രത്തിൽ വേറെ കണ്ടിട്ടുണ്ടോ ഇങ്ങനെ ഒരാളെ? എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട്, തനിയെ........

ഗദ്സമനിലെ നിമിഷങ്ങൾ സഹനത്തിന്റെ കൊടുമുടിയായി ചരിത്രത്തിൽ ഉയർന്നു നിൽക്കുന്നു.

ഗദ്സമനിൽ നിന്ന് അധിക ദൂരം ഉണ്ടായിരുന്നില്ല കാൽവരിയിലേക്ക്.

ഒരു ദുഃഖവെള്ളി

യേശുവിന്റെ രക്തം വാർന്ന് ഒരു കുരിശ് നനയുന്നു.

ഇനി അവനില്ല എന്നു വിശ്വസിച്ച് യേശുവിന്റെ ശിഷ്യന്മാർപ്പോലും പോയി അവരുടെ വഴിക്ക്. കുരിശിൽ മരിച്ചവന് ഉയർത്തെഴുന്നേല്പ്പുണ്ടാവുമെന്ന് വിശ്വസിക്കാൻ അവർ അശക്തരായിരുന്നു.

എന്നാൽ അത് സംഭവിച്ചു

ഉയർത്തെഴുന്നേല്പിന്റെ ഒരു ഞായർ

മഹത്തായ ഒരാശയവും ഇല്ലാതായിപ്പോകുന്നില്ല എന്നെന്നേക്കുമായിട്ട്,

നോക്ക്,

മരം കൊണ്ടുണ്ടാക്കപ്പെട്ട ഒരു കുരിശ് ഏകാന്തതയുടെയും നിശബ്ദതയുടെയും അപാരതയിൽ ഭൂമിയും ആകാശവും മുട്ടി നിൽക്കുന്നു.

ഇരുണ്ട ആകാശം ദൈവത്തിന്റെ മൗനം കൊണ്ടു വിങ്ങുന്നു.

സ്നേഹത്തിന്റെ അനന്തമായ കടൽപോലെ അനന്തമായ സ്നേഹത്തിന്റെ ആകാശം പോലെ യേശു മനുഷ്യദുഃഖങ്ങളിൽ വന്നു നിറയുന്നു.

ഓരോ നോമ്പും ഓർമ്മിപ്പിക്കുന്നു,

കുരിശുപൂക്കുന്ന ഒരു കാലം വരുമെന്ന്. •



interview

interview interview

# Thomas D'souza


## Archbishop of Calcutta

**How do you evaluate the CBCI meeting in Pala?**

For me this was a very good experience. I have attended a number of CBCI meeting and every year the quality of our meeting seems to be increasing and improving. Here the total set up, like the accommodation and the other facilities are well made. We had a lot of exchanges during the meetings and interactions by which the theme that was meant for this year's meeting: "renewed church for a renewed society" was very much clarified and brought to concrete steps. The theme helps us to look more at ourselves, our lives as bishops, as members of the church, the lives of other members of the church, our priests, religious, laity, and how together as a church we have to renew ourselves, and

how we can become witnesses in the society. From that point of view I think that it has been a very fruitful and meaningful meeting.

## Our theme was renewed church for a renewed society. What were the thrusts of the CBCI in this regard? According to you what are the areas the CBCI is asking us to focus on?



The one important aspect that this meeting is insisting on is the witnessing aspect of the Christian life, of the religious life, priestly life, bishop's life, etc. Evangelization becomes effective only to the extent we the members remain powerful witnesses. This aspect of witnessing, I felt, was very much insisted on and it was brought up very clearly in the CBCI. Also it agrees very well with the call of Pope Francis. His examples as well as his very straight forward message to the entire church, that we need to be very much simple in our life, we must be focused on Jesus Christ, we must love the church and we become witness in our Christian life, together with this the theme we had, I felt it tallies very well. The most important thing is witnessing. Church together will renew the society. In our own country Mahatma Gandhi said my life is my message. So in that context, the church also has to have her own life and give this message by witnessing.

## In the wake of the call of the CBCI what do you think are the challenges of your Archdiocese?

Fortunately, in the Archdiocese of Calcutta we have a lot of renowned witnessing which was going on already. Thanks to the life and example of Bl. Mother Therese and her sisters. Our own priests, religious and laity have a great role to play in this witnessing and they are doing it. What I feel is that I have to pay more attention to our faith formation. Our witnessing is not merely superfluous. It has to be a fruit of what we believe in and that faith must expresses in action. Sometimes that doesn't happen. It becomes superfluous. Especially our needs have grown. Mother Therese had already insisted on. Her service was not merely a service. It all started with prayer and silence. The fruit of silence is prayer, the fruit of prayer is faith, the fruit of faith is love, the fruit of love is service and the fruit of service is peace. That was her programme. Therefore service, witnessing, etc. also have their root in silence, prayer and in God. That aspect of our faith formation has to be deepened, especially for the younger generation. Secondly I have to pay more attention to our family. If faith in the family is strong, then the faith in the children



and around will be stronger. More attention to the family and also pastoral visit will help us to know their problems. For example marriage preparation courses, follow up programmes after marriage and also special care for families that are facing difficulties, may be even economic difficulties must be resolved. The third main area is the educational area. We have many schools in Calcutta. There are number of poor children, both Catholic and non-Christian. We have to put all our efforts together to help them in their schools like meeting their fees, buying books, etc. We have to go a long way to cater to all the children who are in need. This will be an extra effort I feel in this to make our faith more practical and also to take care of our poor children and adults.

## What is your message for the church in Kerala especially the Malankara Catholic Church?

My first message is, “thanks” for the gift of faith in Kerala. I was so impressed by the faith that I saw here. I have been here before as a young bishop. I came and stayed in a family here. The deep faith of the simple father and mother in the family impressed me. First of all I feel, the number of vocations has come up: the number of priests and religious coming up and serving in the north that all show that they had the faith in their family. Therefore, I thank God for this gift of faith that you all have and living. The second message of mine would be share this faith. What we receive is what we give. Sharing has already done by the missionaries in the past but also so many people who are already here can share that by witnessing. Thirdly the Malankara Church has got a very good tradition and a very beautiful liturgy, so devotional and real God experiencing. The priest, the sisters and the people that you have are such level in the society. Do your level best to deepen the faith, in their lives, so that they can be what they are called to be, namely a people of God and for his people.

**(Archbishop Thomas is a great leader and bishop of Calcutta. Recently he has permitted one of his seminarians to join the Malankara Seminary for the ETRI. He is the bishop of the sisters of Mother Teresa)**



# Archbishop Abraham Viruthakulangara

## Archbishop of Nagpur

### How do you evaluate the CBCI meeting in Pala?

The fraternity and love existing among the bishops and the hospitality of Mar Joseph Kallirangattu, and other bishops and other people have impressed me. It was well arranged. I must have been attending many CBCI meetings these years; but I could say the best organized Meeting was this. The hospitality and tension free atmosphere all make it the best and I congratulate the organizers.

### Our theme was renewed church for a renewed society. What were the thrusts of the CBCI in this regard?

### According to you what are the areas the CBCI is asking us to focus on?

I also was involved in the selection of this theme. We thought we must think of an introspection and this renewal should take place first among the bishops and then among the priests and religious and then among the laity. It should not be the other way around. The conference is asking first the bishops to change their life style, thinking pattern and also to become more simple and close to the people. We have the great example of Pope Francis who in his life and action "smells the sheep". We do not actually smell the sheep because some bishops are living away from their sheep. So the thrust is to become more simple, more prayerful, to come closer to the people and also to be able to interact with the sheep. The shepherd is always with the sheep. The conference was successful in discussing these themes. So when bishops change the priests change and then the laity changes and when the laity changes the community changes and when the community changes the society changes.

### In the wake of the call of the CBCI what do you think are the challenges of your Archdiocese?

In our diocese, we don't have many Catholics. There are only 30,000 Catholics.

Nagpur is the headquarters of the Rashtria Swayam Seva sangh(RSS). According to me they are not the biggest challenge for us. We lack committed priests. We need more priests, religious and lay people who are passionate for Christ and his gospel. Secondly the challenge is to make the religious and other more conscious of their responsibility as missionaries. There are many people who like to do lot of services. The Holy Father in his apostolic encyclical, "*Evangeli Gaudium*" says – "everyone has to keep a smile on his face". We have to make conscious our people to move from comfort zone to a dangerous zone. We need more financial support for doing the mission work and spreading the gospel of Christ.



### What is your message for the church in Kerala especially the Malankara Catholic Church?


I have been very impressed by the Malankara community. I am a very close associate of the Malankara community. From the beginning itself I was very close to Malankara community. The Malankara community should become more mission oriented. You have great faith and so this should be given to others. The duty to give the faith is most important. Not only Kerala or Malankara church, the whole universe will have to become richer. We need a little more outreaching mentality. Malankara community is very faithful to their bishops, liturgy.

**(Archbishop is a great leader in the CBCI. He is the bishop who favours the youth, especially the Jesus Youth).** ●

## അഭിനന്ദനങ്ങൾ







കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ(സിബിസിഐ)യുടെ പ്രസിഡന്റായി തിരുവനന്തപുരം അതിരൂപത ആർച്ച് ബിഷപ്പും മലങ്കര കത്തോലിക്കാ സഭാ മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാ ബാവ തെരഞ്ഞെടുക്കപ്പെട്ടു. തൃശൂർ ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഒന്നാം വൈസ് പ്രസിഡണ്ടും ഗോവാ ആർച്ച് ബിഷപ് ഡോ. ഫിലിപ്പ് നേരി ഫെറാവോ രണ്ടാം വൈസ് പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു.

കുടുംബവേദി



**ഫാ. ജോസ് തൈപ്പറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പസ്തോലേറ്റ്
തിരുവല്ല അതിരൂപത

# സൗഖ്യത്തിന്റെ വലിയ നോമ്പ്

**യോഹ. 2:1 – 11**

ഒരിക്കൽക്കൂടി വലിയ നോമ്പും വിശുദ്ധ വാരവും ഉത്ഥാനപ്പെരുന്നാളും സമാഗതമായിരിക്കുന്നു. നമ്മുടെ രക്ഷയുടെ അടിസ്ഥാനമാണ് ഈ സംഭവങ്ങൾ. അവയുടെ ആത്മാർത്ഥമായ അനുസ്മരണം വഴി യേശുവിന്റെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും നാം പങ്കുചേരുകയാണ്. ഇതിനുവേണ്ടി ഓരോ വ്യക്തിയും സ്വയം ഉരുകി രൂപാന്തരപ്പെടുന്ന സമയമാണ് നോമ്പുകാലം. ദൈവത്തോടും മനുഷ്യരോടുമുള്ള അനുരഞ്ജനത്തോടെയാണ് ഹൃദയത്തിന്റെ ഉരുകൽ ആരംഭിക്കുന്നത്. ഉരുകാത്ത ഹൃദയത്തിന്റെ അനുരഞ്ജനം താൽക്കാലികമാണ്. ആത്മാർത്ഥമായ അനുരഞ്ജനം നടക്കണമെങ്കിൽ വിശ്വാസത്തിന്റെ ആഴം മനസ്സിലാക്കണം. അതിനായി ഓരോ വ്യക്തിയും തന്റെ ഈ ലോക ജീവിതത്തിന്റെ നശ്വരതയെപ്പറ്റി മനസ്സിലാക്കണം. അതേ സമയം വരാനിരിക്കുന്ന അനശ്വരതയെപ്പറ്റി ധ്യാനിക്കുകയും വേണം. "മനുഷ്യാ നീ മണ്ണാകുന്നു, മണ്ണിലേക്ക് തന്നെ നീ മടങ്ങുമെന്ന് ഓർത്തുകൊള്ളുക" (ഉല്പത്തി 3:19). "ജലത്തിലെ കുമിളപോലെ അത് പൊട്ടിത്തകരുന്നു, വയലിലെ പുല്ലുപോലെ അത് വാടിക്കരിയുന്നു, മനസ്സിലെ കിനാവുപോലെ കടന്നുപോകുന്നു" (1 പത്രോസ് 1:24, ജോബ് 20:8). ഈ ഹ്രസ്വത മനസ്സിലാകുമ്പോൾ ചുരുങ്ങിയ 'കൂടാരവാസമാകുന്ന' ലോകജീവിതം നമുക്ക് അതിവേഗം അനുരഞ്ജനപ്പെടാനുള്ള ഉത്തേജകമാകും. അതുപോലെ മനുഷ്യജീവിതം അമർത്യതയിലേക്ക് (അനശ്വരത) അതിവേഗം പോകുന്നുവെന്നതും നമ്മുടെ അനുരഞ്ജനവേഗത കൂട്ടും.

ഈ ലോകത്തിലെ ചുരുങ്ങിയ ദിനങ്ങളാണ് ശാശ്വതമെന്ന് കരുതുന്ന വ്യക്തിക്ക് അനുരഞ്ജനം ഒരു കീറാമുട്ടിയാകുന്നു. ഞാനെന്തിന് അനുരഞ്ജനപ്പെടണം എന്ന ചോദ്യവും വാർദ്ധക്യമാകുമ്പോൾ അനുരഞ്ജനപ്പെടാമെന്ന ചിന്തയും മാനസാന്തരം നീട്ടിക്കൊണ്ടു പോകാൻ പ്രേരിപ്പിക്കുന്നു. നാളെയും ജീവിതമുണ്ടല്ലോ എന്ന ചിന്ത അനുതപിക്കാൻ തീരുമാനിക്കുന്നവന്റെ മനസ്സു മാറ്റുന്നു. "നാളെയെച്ചൊല്ലി അഹങ്കരിക്കേണ്ട, ഒറ്റ ദിവസം കൊണ്ട് എന്തു സംഭവിക്കുമെന്ന് നീ അറിയുന്നില്ല" (സുഭാഷിതങ്ങൾ 27:1).



അതുകൊണ്ട് നടന്നുവന്നത് തെറ്റായ വഴിയിലൂടെയെങ്കിൽ തെറ്റിയ വഴി തിരുത്തി നടക്കുന്നതാണ് നോമ്പുകാല യാത്ര. വഴി മാറി നടക്കണമെങ്കിൽ, മനസ്സു മാറണം, മാറിയ മനസ്സിലേ ശരിയായ വഴി തെളിയൂ. അപ്പോൾ അകക്കണ്ണ് തെളിയും. തെളിയുന്ന കണ്ണിലൂടെയൊഴുകുന്ന അനുതാപക്കണ്ണീർ വീഴുന്നിടത്ത് ദൈവവചനം പൊട്ടിമുളക്കും. അത് കുടുംബത്തെ മുഴുവൻ തണുപ്പിച്ച് സൗഖ്യം പ്രദാനം ചെയ്യും. ഈ സൗഖ്യം ദൈവം തരുന്നതാണ്. ഏശയ്യ 44:22–ൽ "കാർമേഘം പോലെ നിന്റെ തിന്മകളെയും, മൂടൽമഞ്ഞുപോലെ നിന്റെ പാപങ്ങളെയും ഞാൻ തുടച്ചു നീക്കി. എന്നിലേക്ക് തിരിച്ചു വരൂ, ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു" എന്ന സ്വരം കാഴ്ച തെളിഞ്ഞവൻ കേൾക്കും. ഇപ്രകാരം കാഴ്ച തെളിഞ്ഞവന് നോമ്പുകാല വിശപ്പിനും ദാഹത്തിനും വിലയുണ്ടാകും. ജീവിത വേദനകൾക്കും തകർച്ചകൾക്കും വില തോന്നും. ശാരീരിക സഹനത്തിനും ഉപവാസത്തിനും പ്രസക്തി തോന്നും. കുരിശിന് അർത്ഥമുണ്ടാകും. ആ കുരിശ് ഒരുക്കത്തോടെ തോളിലേറ്റാനും തോളിലേറ്റിയ കുരിശ് വഹിച്ച് കാൽവരിയിൽ ഉയർന്നു നിൽക്കുന്ന കുരിശിനെ ലക്ഷ്യമാക്കി നീങ്ങാനും അവിടെ നിന്ന് തന്റെ രക്ഷകനോടൊപ്പം ഉത്ഥാനത്തിന്റെ വെളിച്ചത്തിലേക്ക് അലിഞ്ഞുചേരാനും സാധിക്കും. അതാണ് ഉത്ഥാനം നൽകുന്ന നിത്യസൗഖ്യം. ●



# നോമ്പും നോമ്പുകാലചൈതന്യവും വിശുദ്ധ ഗ്രന്ഥത്തിലും ആരാധനക്രമത്തിലും



**ഫാ. ഡോ. ഐസക് പറപ്പള്ളിൽ**

(പ്രൊഫ. സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി, തിരുവനന്തപുരം)

വിശ്വാസജീവിതത്തിലും ആരാധനാജീവിതത്തിലും നോമ്പിനും ഉപവാസത്തിനും വർജ്ജനയ്ക്കും അതുല്യമായ സ്ഥാനമുണ്ട്. എല്ലാ മതവിഭാഗങ്ങളും ഇവയ്ക്ക് വലിയ പ്രാധാന്യം നൽകുന്നുമുണ്ട്. അനുതാപവും മാനസാന്തരവുമാണ് നോമ്പുകാലത്തിന്റെ പ്രധാന സന്ദേശം. ഗ്രീക്കുഭാഷയിലെ 'മെറ്റനോയിയാ' എന്ന വാക്കിന്റെ അർത്ഥം ആന്തരിക പരിവർത്തനം, മാനസാന്തരം എന്നാണ്. എന്നാൽ അനുതാപവും മാനസാന്തരവും ഒന്നല്ല മറിച്ച് ഒരേ പ്രക്രിയയുടെ രണ്ട് ഘട്ടങ്ങളാണ്. ഒന്ന് ആരംഭമാണെങ്കിൽ മറ്റേത് അതിന്റെ പരിസമാപ്തിയും ഫലവുമാണ്.

## സഭ നിഷ്ക്കർഷിക്കുന്ന നോമ്പുകൾ

പ്രധാനമായും 3 നോമ്പുകളാണ് വിശ്വാസികൾ വളരെ ഒരുക്കത്തോടും ഭക്തിയോടും ഗൗരവമായും ആചരിക്കുവാൻ സഭ ആവശ്യപ്പെടുന്നത്.

- **മൂന്ന് നോമ്പ്** : യൗനാ ദീർഘദർശിയുടെ വചനം ശ്രവിച്ച്, ചാക്കു ധരിച്ചും ചാരം പൂശിയും മാനസാന്തരപ്പെട്ട നിനുവെ നിവാസികളെ അനുസ്മരിക്കുന്നു. വലിയ നോമ്പിലേയ്ക്ക് പ്രവേശിക്കുവാനുള്ള ഒരുക്കംകൂടിയാണ് മൂന്ന് നോമ്പ്. മൂന്ന് നോമ്പിനുശേഷം 18-ാം ദിവസം വലിയനോമ്പ് ആരംഭിക്കുന്നു.
- **ഇരുപത്തിയഞ്ച് നോമ്പ്** : കർത്താവിന്റെ ജനനത്തിരുനാളിന് ഒരുക്കമായി 25 നോമ്പ് നോറ്റ്, യേശുവിന്റെ ജനനത്തെക്കുറിച്ചും, മനുഷ്യഹൃദയത്തിൽ യേശു ജനിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ചിന്തിക്കുന്നു.

**അമ്പതുനോമ്പ്** : അമ്പതുനോമ്പിലെ നാല്പതാം വെള്ളിവരെ, പരസ്യശുശ്രൂഷയ്ക്ക് ഒരുക്കമായി, യേശു നാല്പതു ദിവസം ഉപവസിച്ചതിന്റെയും, പിന്നീട് ഹാശാ ആഴ്ച ഉൾപ്പെടെ പത്തു ദിവസങ്ങൾ യേശുവിന്റെ രക്ഷാകരമായ പീഡാനുഭവത്തെയും അനുസ്മരിക്കുന്നു. യേശുവിന്റെ ഉത്ഥാനത്തിരുനാൾ ഭക്തിയോടെ ആചരിക്കുവാനുള്ള ഒരുക്കം കൂടിയാണത്.

ഈ മൂന്നു നോമ്പുകൾ കൂടാതെ, ഭക്തിപരമായി ആചരിക്കുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന മറ്റു മൂന്നു നോമ്പുകൾകൂടെയുണ്ട്.

**പതിമൂന്നു നോമ്പ്** : ജൂൺ 16 മുതൽ 29 വരെയുള്ള ദിവസങ്ങളിൽ ശ്ലീഹാ നോമ്പായി ആചരിക്കുന്നു. പത്രോസ്-പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മത്തിരുനാളോടുകൂടി ഈ നോമ്പ് അവസാനിക്കുന്നു. അപ്പസ്തോലന്മാരേപ്പോലെ വിശ്വാസികൾക്കും, സഭയിലുള്ള മിഷൻ പ്രവർത്തനത്തിന്റെ ഉത്തരവാദിത്വത്തെ ഈ നോമ്പ് ഓർമ്മിപ്പിക്കുന്നു.

**പതിനഞ്ച് നോമ്പ്** : ഓഗസ്റ്റ് 1 മുതൽ 15 വരെയുള്ള ദിവസങ്ങളിൽ, പരി. ദൈവമാതാവിന്റെ സ്വർഗ്ഗാരോപണത്തിരുനാളിന് മുന്നോടിയായി ഈ നോമ്പ് ആചരിക്കുന്നു. ഈ തിരുനാൾ, മറിയത്തെപ്പോലെ അനുഗ്രഹകരമായ ഒരു മരണം സ്വീകരിക്കുവാൻ വിശ്വാസികൾക്കും സാധിക്കുന്നതിനുള്ള ഒരുക്കത്തെ ഓർമ്മിപ്പിക്കുന്നു,.

**എട്ടുനോമ്പ്** : പരി. മറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായി, എട്ടു ദിവസം നോമ്പുനോറ്റ് ഈ തിരുനാൾ ആചരിക്കുന്നു.

## ഉപവാസവും തപശ്ചര്യയും വിശുദ്ധ ഗ്രന്ഥത്തിൽ

വിശുദ്ധഗ്രന്ഥത്തിൽ പ്രവാചകന്മാർ ഉൾപ്പെടെ അനേകം പേർ ഉപവസിച്ച് പ്രാർത്ഥിക്കുന്നതായി നാം കാണുന്നു.

ഇസ്രായേൽജനത്തെ നയിച്ച മോശ ദൈവകൽപനകൾ സ്വീകരിക്കുന്നതിന് ഒരുക്കമായി 40 ദിനരാത്രങ്ങൾ സീനായ്മലയിൽ ഉപവസിച്ച് പ്രാർത്ഥിച്ചതായി നാം കാണുന്നു (പുറ. 24:18). "മൂശാ തൻ നോമ്പാൽ ഇസ്രേല്യർക്കായ് നേടി ജീവൻ കല്പനകൾ....." (വലിയ നോമ്പിലെ പ്രാർത്ഥനാക്രമം, പേജ് 71).

ദാനിയേൽ തപശ്ചര്യകൾ അനുഷ്ഠിച്ച്, ഉപവസിച്ച് ദൈവതിരുമുമ്പിൽ വിശുദ്ധീകരിക്കുന്നത് നാം വായിക്കുന്നു (ദാനി. 9:3) "ദാനിയേൽ നോറ്റൊരു നോമ്പാൽ ബാബേലിൽ സിംഹങ്ങൾ തൻ വായ് ബന്ധിച്ചു...." (പേജ് 127).

ജോയേൽ ദീർഘദർശിയും, ചാക്കുധരിച്ച് വിലാപത്തോടെ ഉപവസിച്ച് പ്രാർത്ഥിക്കുന്നതായി കാണുന്നു (ജോയേൽ 1:13 ff)

40 ദിവസം ഉപവസിച്ച് പ്രാർത്ഥിച്ച ഏലിയാ ദീർഘദർശിയെപ്പറ്റിയും വി. ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു (1 രാജാ. 19:8 ff) "മൂശാനിബി ഏലിയായും നാൽപതുനാൾ ഉപവസിച്ചല്ലോ...." (പേജ് 72).

കർത്താവ് ആഗ്രഹിക്കുന്ന യഥാർത്ഥ ഉപവാസത്തെപ്പറ്റി ഏശയ്യാ പറയുന്നത് ശ്രദ്ധിക്കുക: ''നിങ്ങളുടെ സ്വരം ഉന്നതത്തിൽ എത്താൻ ഇത്തരം ഉപവാസം ഉപകരിക്കുകയില്ല. ഇത്തരം ഉപവാസമാണോ ഞാൻ ആഗ്രഹിക്കുന്നത്... ഇതിനെയാണോ നിങ്ങൾ ഉപവാസമെന്നും കർത്താവിന് സ്വീകാര്യമായ ദിവസമെന്നും വിളിക്കുക" (ഏശ. 58:4-5).

പരസ്യജീവിതത്തിനുമുമ്പ് 40 ദിവസം മരുഭൂമിയിൽ ഉപവസിച്ച് പ്രാർത്ഥിക്കുന്ന യേശുവിനെ നാം പുതിയനിയമത്തിൽ കാണുന്നു. (മത്താ. 4:2). "നാഥൻ താനുപവാസത്താൽ രിപുവാം സാത്താനെ വെന്നു..." (പേജ് 72).

സ്നാപക യോഹന്നാനും അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും സന്ദേശം നൽകുന്നു. (മർക്കോ. 1:1-4)

യഹൂദന്മാരും, നോമ്പിനും ഉപവാസത്തിനും പ്രാധാന്യം നൽകിയിരുന്നു. തിങ്കളും വ്യാഴവും അവർക്ക് ഉപവാസദിനമായിരുന്നു. തിങ്കളാഴ്ച, മോശ സീനായ്മലയിലേക്ക് കയറിയതിനെയും, വ്യാഴാഴ്ച, മോശ സീനായ്മലയിൽനിന്ന് ഇറങ്ങി വന്നതിനെയും അനുസ്മരിച്ചാണ്അവർ പ്രത്യേകം ഉപവസിച്ചിരുന്നത്.



ആദിമക്രൈസ്തവരും ഉപവാസത്തിനും നോമ്പിനും പ്രാധാന്യം കൊടുത്തു. പ്രത്യേകിച്ചും ബുധൻ, വെള്ളി ദിവസങ്ങളിൽ അവർ ഉപവസിച്ചിരുന്നു. ബുധനാഴ്ച, യഹൂദന്മാരുടെ നിയമ കോടതി യേശുവിനെ വധിക്കുവാൻ തീരുമാനിച്ചതിനെ ഓർത്തും, വെള്ളിയാഴ്ച യേശുവിനെ വധിച്ചതിനെ യോർത്തുമാണ് ഇപ്രകാരം ആ ദിവസങ്ങളിൽ ഉപവസിച്ചിരുന്നത്.

ഇങ്ങനെ നോമ്പിനും ഉപവാസത്തിനും തപശ്ചര്യകൾക്കും വിശ്വാസജീവിതത്തിൽ വലിയ പ്രാധാന്യമുണ്ടെന്ന് വിശുദ്ധ ഗ്രന്ഥവും അനേകവ്യക്തികളും നമ്മെ പഠിപ്പിക്കുന്നു.

## നോമ്പും ഉപവാസവും അന്ത്യോക്യൻ പാരമ്പര്യത്തിൽ

സുറിയാനിസഭകളിൽ, പ്രത്യേകിച്ചും അന്ത്യോക്യൻ പാരമ്പര്യത്തിൽ നോമ്പിനും ഉപവാസത്തിനും വലിയ പ്രാധാന്യമുണ്ട്. ഉപവസിക്കുക എന്നാൽ ഭക്ഷണം വേണ്ടെന്നുവയ്ക്കുക, കഴിക്കാതിരിക്കുക എന്നർത്ഥം. എന്നാൽ ഭക്ഷണം കഴിക്കാതിരിക്കുന്ന ഏവനേയും ഉപവാസക്കാരൻ എന്ന് വിളിക്കുന്നത് ശരിയല്ല. പ്രത്യേക ലക്ഷ്യത്തോടെ, പ്രായശ്ചിത്തത്തിന്റെ ഭാഗമായി ഭക്ഷണം കഴിക്കാതിരിക്കുന്നതിനെ ഉപവാസമെന്നു വിളിക്കാം. സഭാപിതാക്കന്മാരെ സംബന്ധിച്ചിടത്തോളം ഉപവാസം എന്നത് ആത്മാവിന്റെ ആഘോഷമാണ്. നമ്മുടെ മനസ്സിനെയും ആത്മാവിനെയും സുഖപ്പെടുത്തുന്ന മരുന്നാണ് ഉപവാസം. പുണ്യപ്രവർത്തികളോടൊപ്പം നാം നടത്തുന്ന ഉപവാസം നമ്മെ നിത്യജീവിതത്തിലേക്ക് നയിക്കും. ഉപവാസം നമ്മെ തിന്മയിൽനിന്ന് സംരക്ഷിക്കും. തിന്മയ്ക്കെതിരായി ഈ ആത്മീയയുദ്ധത്തിൽ നമ്മുടെ മനസ്സിനെയും ശരീരത്തെയും ഒരുക്കുന്നതാണ് ഉപവാസം. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർ അപ്രേമിനെ സംബന്ധിച്ചിടത്തോളം ഉപവാസമെന്നത് തിന്മയ്ക്കെതിരായ ആയുധമാണ്. ആറാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാബൂഗിലെ ഫിലക്സീനോസ് പറയുന്നു "ഉപവാസവും വർജ്ജനയും ക്രിസ്തീയജീവിതമാകുന്ന കൃഷിഭൂമിയിലെ രണ്ട് പുണ്യ ആയുധങ്ങളാണ്". ഉപവാസം ഫലവത്താകുന്നത് ഹൃദയത്തിന്റെ എളിമയോടും, നിരന്തരമായ പ്രാർത്ഥനയോടും, മറ്റുള്ളവരോടുള്ള കരുതലോടുംകൂടി അത് നിർവഹിക്കുമ്പോഴാണ്.

## നോമ്പും പ്രാർത്ഥനയും മലങ്കര ആരാധനക്രമത്തിൽ

മലങ്കര ആരാധനക്രമത്തിൽ, പ്രത്യേകിച്ച് മൂന്ന് നോമ്പിന്റെയും വലിയനോമ്പിന്റെയും പ്രാർത്ഥനകളും ഗീതങ്ങളും നോമ്പിന്റെ അർത്ഥത്തെയും നോമ്പാചരണത്തിന്റെ ഫലങ്ങളെയും നമ്മുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ഏതാനും ചില പ്രാർത്ഥനകൾ ശ്രദ്ധിക്കുക:

"നോമ്പ് നല്ലതാണ്. എന്നാൽ ഒരുവൻ സ്നേഹം കൂടാതെ നോമ്പ് നോറ്റാൽ അവന്റെ വൃതം കൊണ്ട് യാതൊരു പ്രയോജനവുമില്ല" (പേജ് 83).

"പ്രാർത്ഥന നല്ലതാണ്. എന്നാൽ സ്നേഹം അതിനെ കരേറ്റുന്നില്ലെങ്കിൽ അതിന്റെ ചിറക് ബലഹീനമത്രേ" (പേജ് 83,75,79).

"ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും, ശത്രുവായ ദുഷ്ടനു നേരെ തോൽക്കാത്ത ആയുധവുമാണ്" (പേജ് 17,26).

"നോമ്പ് സ്വർഗ്ഗത്തിലേയ്ക്ക് കരേറുവാനുള്ള ഗോവണിയും, പ്രാർത്ഥന സ്വർഗ്ഗത്തിന്റെ താക്കോലുമാണ്" (പേജ് 12-13).



"ഈ നോമ്പിന്റെ അവസാനത്തിൽ ഞങ്ങൾ പ്രശോഭിതരായി തീരണമേ....വിശുദ്ധിയുടെ തുറ മുഖത്തേക്ക് ഞങ്ങളെ നോമ്പിലൂടെ അടുപ്പിക്കണമേ... ദുഷ്ടതകളെ പിഴുതുകളയുകയും തിന്മകളെ അകറ്റുകയും ചെയ്യണമേ.... ഈ നോമ്പ് സ്വർഗ്ഗത്തിലേക്ക് കരേറ്റുന്ന വിസ്മയനീയ നോമ്പത്രേ.... നോമ്പ് ശരീരത്തെ കീഴ്പ്പെടുത്തുന്നു, ആത്മാവിനെ വെൺമയുള്ളതാക്കുന്നു" (പേജ് 14).

പ്രാർത്ഥന നോമ്പുകളാൽ സാത്താനോട് പൊരുതി വിജയിച്ചീടാനും നിൻ സഭയെ....(പേജ് 10).

തിരുഹിതമതുപോലെ നോമ്പാചരിപ്പാനും, പാപങ്ങളെയെല്ലാം മായ്ച്ചീടാനും..." (പേജ് 10).

പാവന നോമ്പല്ലോ വിജയത്തിന്നുടെ അടയാളം, രിപുവിനെതിരായി തോൽക്കാത്തായുധമാകുന്നു (പേജ് 15).

ദുഷ്ടനെതിരായി തുണ ചെയ്കീശാ, ആയുധമാത്മാൽ തിരുനാമത്തിൽ മുദ്രിതമാക്കി രക്ഷിക്കെന്നെ (പേജ് 24).

അലസന്മാരെ എഴുന്നേൽപ്പിൻ പോരാട്ടത്തിൽ മടുക്കരുതേ, നോമ്പിൽ ജാഗ്രതയായ് ജീവൻ നേടാനായി യത്നിപ്പിൻ (പേജ് 44).

മിശിഹാ ദേവേശാ കൃപയോട് നോമ്പാൽ, സാത്താനെ ലജ്ജിപ്പിച്ചു, ദുഷ്ടൻ ശക്തിയെ നീ വെന്നു... (പേജ് 67).

സകലേശൻ മിശിഹാ നമ്മൾക്കായ് ഉപവാസം ചെയ്തുപദേശം നൽകി (പേജ് 73).

സോദരരേ അതിശക്തമതും നന്മ നിറഞ്ഞതുമാം നോമ്പ് (പേജ് 91).

പാവന നോമ്പിതുതന്നെന്ന നിബിവചനം കേൾ, എങ്ങനെ പാലിക്കണമെന്നും ഘോഷിച്ചീടുന്നു. വഞ്ചനയിൻ കെട്ടുകളെ പൊട്ടിക്കേണം, മുട്ടുള്ളോർക്കായ് അപ്പം വിഭജിക്കേണം, പരദേശിയ്ക്ക് അഭയം നൽകേണം (പേജ് 100).

വരുവിൻ പാപക്കറകൾ പെരുത്തു ദുഷ്ടതയാലും, ശുദ്ധി വെടിഞ്ഞോരാത്മാവിനെ അനുതാപത്താലും കണ്ണീരാലും ശുചിയാക്കാം (പേജ് 126).

ഉപവാസവും പ്രാർത്ഥനയും ദാനധർമ്മവും നോമ്പിൽ ലയിച്ച് ചേർന്നിരിക്കുന്നു. നോമ്പ് നോക്കുന്നവനും ഉപവസിക്കുന്നവനും ദാനധർമ്മത്തിനുകൂടി തയ്യാറാകണം. അവന്റെ ഉപവാസവും വർജ്ജനയുമൊക്കെ ഭക്ഷണമില്ലാത്തവന് ഭക്ഷണം കൊടുക്കുവാനും, ദാനധർമ്മം നടത്തുവാനും സഹായിക്കണം. താഴെപ്പറയുന്ന ഗീതങ്ങൾ ശ്രദ്ധിക്കുക:

നാൽപതു നോമ്പതു നോക്കുക നീ, തീറ്റുക തീനില്ലാത്തവനെ ..,... (പേജ് 30).

ഭക്ഷണപാനീയം വെടിയും നോമ്പതു ലഘുവല്ലോ, പുണ്യത്തിൻ നോമ്പതു നാഥൻ ദൃഷ്ടിയിൽ വലുതല്ലോ, ഉപവാസമോടെ ദാനം ചേർക്കുന്നോൻ വൻപ്രതിഫലവും പ്രാപിച്ചീടുന്നു, ദാനം ചെയ്‌വാൻ ഇല്ലാത്തോൻ, സ്നേഹം പകരേണം (പേജ് 130).

ഒരു ക്രൈസ്തവന്റെ നോമ്പ് എന്താണെന്നും ആ നോമ്പാചരണം എങ്ങനെയായിരിക്കണമെന്നും, അതിലൂടെ സംഭവിക്കുന്നത് എന്താണെന്നുമൊക്കെ മേൽപ്പറഞ്ഞ പ്രാർത്ഥനകളും ഗീതങ്ങളും വെളിപ്പെടുത്തുന്നു. സാത്താനോട് പൊരുതി വിജയിക്കുവാൻ, ദുഷ്ടതകളെ പിഴുതുകളയാൻ, തിന്മകളെയും പാപങ്ങളെയും മായ്ക്കാൻ, ദൈവസന്നിധിയിൽ പ്രശോഭിതരാകാൻ, വിശുദ്ധിയുടെ തുറമുഖത്തേക്ക് കൂടുതൽ അടുക്കാൻ, സ്വർഗ്ഗത്തിലേക്ക് കരേറുവാൻ, ആത്മാവിനെ വെണ്മയുള്ളതാക്കാൻ, വഞ്ചനയുടെ കെട്ടുകളെ പൊട്ടിക്കാൻ, അനശ്വരജീവൻ പ്രാപിക്കുവാൻ, മുട്ടുള്ളോർക്കായ് അപ്പത്തെ വിഭജിച്ചീടാൻ... എന്നീ ആശയങ്ങളിലൂടെ ക്രിസ്തീയ നോമ്പും നോമ്പാചരണവും എന്താണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുന്നു. അതോടൊപ്പം ദൈവത്തോടും മനുഷ്യരോടും അനുരഞ്ജനപ്പെടുവാനുമുള്ള അവസരവുമാണ് നോമ്പ്. വലിയ നോമ്പിന്റെ ആരംഭ ദിവസമായ തിങ്കളാഴ്ച നടത്തുന്ന ശുബുക്കോനോ (ക്ഷമ, അനുരഞ്ജനം, രമ്യത) എന്ന ശുശ്രൂഷയിലെ പ്രാർത്ഥനകളും ഗീതങ്ങളും ഈ അർത്ഥം വെളിവാക്കുന്നു. നോമ്പാചരണത്തിലേയ്ക്ക് പ്രവേശിക്കുന്നതിനും, നോമ്പാചരണം ഫലപ്രദമാകുന്നതിനും അനുരഞ്ജനവും രമ്യതയും ആവശ്യമാണെന്ന് സഭ നമ്മെ ഓർമ്മിപ്പിക്കുന്നു. അതിന്റെ പ്രതീകമായി ഈ ശുശ്രൂഷയുടെ അവസാനത്തിൽ എല്ലാവരും പരസ്പരം സമാധാനം നൽകുകയും ചെയ്യുന്നു.


## നോമ്പുകാലം - ചോദ്യങ്ങൾ ചോദിക്കുവാനുള്ള കാലം

നോമ്പുകാലം പരീക്ഷയുടെ കാലമാണ്, വിലയിരുത്തലിന്റെ കാലമാണ്. നോമ്പുകാലം നമ്മോടുതന്നെ ചോദ്യങ്ങൾ ചോദിക്കുവാനുള്ള സമയമാണ്. ചോദ്യം ചോദിക്കേണ്ടതും, ഉത്തരം കണ്ടെത്തേണ്ടതും, അതിന് മാർക്കിടേണ്ടതും, ഗ്രേഡ് നിശ്ചയിക്കേണ്ടതും മറ്റാരുമല്ല, ഞാൻ തന്നെയാണ്.

വി. ഗ്രന്ഥത്തിൽ അനേകം ചോദ്യങ്ങൾ നാം കാണുന്നുണ്ട്. പഴയനിയമത്തിൽ ദൈവം ആദ്യമായി ചോദിക്കുന്ന രണ്ടു ചോദ്യങ്ങൾ നോമ്പുകാലത്ത് നാം നമ്മോടും ചോദിക്കേണ്ടതാണ്. ഒന്നാമത്തെ ചോദ്യം "നീ എവിടെയാണ്"? (ഉല്പ. 3:9). രണ്ടാമത്തെ ചോദ്യം "നിന്റെ സഹോദരനെവിടെ"? (ഉല്പ. 4:9). ഒന്നാമത്തെ ചോദ്യം അപ്പനോടാണെങ്കിൽ, രണ്ടാമത്തെ ചോദ്യം മകനോടാണ്. 'നീ എവിടെയാണ്' എന്നതിന് ഉത്തരം കണ്ടുപിടിച്ചാൽ, 'നിന്റെ സഹോദരനെവിടെ' എന്നതിനും നാം ഉത്തരം കണ്ടുപിടിക്കണം. നാം ഒരു കൂട്ടായ്മയിൽ, സമൂഹത്തിൽ, കുടുംബത്തിൽ ഒന്നിച്ച് ജീവിക്കുമ്പോൾ, സഹോദരനെ മറന്ന് ഉപേക്ഷിച്ച് ജീവിക്കുവാൻ പാടുള്ളതല്ല. ഞാനാണോ എന്റെ സഹോദരന്റെ കാവൽക്കാരൻ എന്ന് തിരിച്ച് ചോദിച്ച് ചോദ്യത്തെ ലഘൂകരിക്കലല്ല, വെല്ലുവിളിക്കുകയല്ല, മറിച്ച് ഞാൻ തന്നെയാണ് എന്റെ സഹോദരന്റെ കാവൽക്കാരൻ എന്ന് തിരിച്ചറിയുകയാണ് വേണ്ടത്. കൂട്ടായ്മയിലും കൂട്ടത്തിലും കാണേണ്ടവൻ അകന്നു നിൽക്കുവാൻ, മാറി നിൽക്കുവാൻ പാടുള്ളതല്ല. കൂട്ടായ്മയിൽനിന്ന് അകലുന്നതാണ്, മാറി നിൽക്കുന്നതാണ്

(ശേഷം പേജ് 30 )

interview



# Archbishop John Barva SVD

## Kattak, Bhuvaneshur, Orissa

**How do you evaluate the CBCI meeting in Pala?**

First of all my heartfelt thanks to everyone those organized this 31st plenary assembly of the CBCI at Palai in Kerala. This was a unique experience for me to come to Kerala and especially at Pala, as it was several times repeated, the cradle of vocations of the missionaries and also great and holy land of St. Alphonsa. It was wonderful to experience the faith, the unity, the commitment and the oneness of the people at Pala. I visited some families and I could experience the joy everyone experiences and expresses during this time and the pride that all the bishops are here and something so beautiful to see them joyous and happy to have us. It was a pride moment. The organization of the people involved, the religious, the laity, the security, the police and the food, everything was so marvelous. So in one word I can say it was wonderful, beyond words to describe. With regard to the theme 'renewed church for a renewed society' is something very much fitting for this age, especially this year 2014 , because for me this year is a special year, because religiously we have a Pope, energetic, vibrant, innovative and all that one can positively think of. A wonderful Pope! He was elected, appointed and chosen in this year of 2014. Also politically, whatever may be the reason, but there was some kind of change bringing about by Kejeriwal, but how long are they going to be is not my concern; but I believe that some difference is being felt by all the people. And in this time to reflect on the theme 'renewed church for a renewed society' is perfectly suitable and fitting and apt to the time and situation. That the largest number of bishops has come together for CBCI shows that we are all interested in and enthusiastic about and eagerly waiting for this renewal; because unless we renew from us within nothing is going to happen. I don't expect too many things happening outside. But I expect great things

could happen from and through us the bishops. We should be renewed and let we, bishops take up this challenge and responsibility of renewing the church and surely the society will be renewed. The theme was wonderful; the sharing was so fantastic and also apt to the context. We could experience the enthusiasm of our bishops, because everyone will say we should be transformed and we should be renewed first then we can see the difference. Once we are able to a make a difference in our life, automatically things will be different. So greater thrust was given to individual, personal, change and then gradually to the collective life and that also begin from the grass root. Let it sprout and grow from the grass root. Not that we impose but be with the people and make them feel the urgency of the situation, especially renewal of the time. In this age where there is so much of Secularism, Consu-merism, and individualistic approach we are called to build up a community of love, caring, sharing; that is something beautiful.

**Our theme was renewed church for a renewed society. What were the thrusts of the CBCI in this regard? According to you what are the areas the CBCI is asking us to focus on?**

I am proud to be called as Kandamal bishop, because those particular days when persecutions took place I was the bishop of Rourkela, just another diocese in Orissa. I was so intimately connected to this tragic event, because my own niece who is a nun was raped during this persecution. My family and I have undergone in the suffering. I am proud to say today that my people, not even one, though they were rumors and news that a lot of people have gone and changed their faith and gone back to Hinduism. It is not true because I know that not even one has gone to Hindu faith. All of them invariably continue to express their joy in remaining a Christian and above all a Catholic. Today as I go around the archdiocese, to all the villages especially in the corners to bless the rebuilt churches, destroyed during persecutions, I can see the enthusiasm of the people. As the first local tribal bishop they all are very proud of me and they say let us build a peaceful land for everyone and those who perpetrated the persecutions they say to me, we are sorry because we never realized what we were doing, because we were given drugs and we have done a great mistake by destroying our peaceful life and coexistence. Today we ask pardon.

My people say, we have totally forgiven you, because our Lord forgave all those who crucified Him unconditionally. But one thing let us remain brothers and sisters; we have to rebuild a beautiful Kandamal. In this context, I on behalf of my people, my religious and other thank everyone in Kerala. I have received a great amount of generosity, great amount of donation, contribution, prayer through which we became strengthened, reinforced and have grown in communion with the Lord and with one another and that way whole world was with us in prayer. I must thank everyone in Kerala. They have supported us through their generosity and through prayer. My sincere thanks to each one of you!

**What is your message for the church in Kerala especially the Malankara Catholic Church?**

With regard to the Syro-Malankara Church, though I am not very much familiar with, I met one of my priests from Orissa working in Los Angeles. I was so happy because when I know that he is working for the unity of the Church and especially for the growth of the Syro Malankara church, it was a great fascination for me. I could find that there was no trace of difference in our relationship, in our life style. Every family accepted me, welcomed me and they were so joyous that I visited them in their homes. People don't keep any separation between the rites. No matter the rite, if we are able to live as brothers and able to build up the kingdom of God then that is more beautiful. God bless.

**(Archbishop John has studied with our Archbishop in Pune. He is now mending the wounds and injuries and divide caused at the time of the persecution in Kandamal. The Church is sprouting there.)**



# മരുഭൂമിയിൽ ക്രിസ്തുവിനോടൊപ്പം

നോമ്പാകുന്ന ആത്മീയശിക്ഷണത്തിന്റെ തീവ്രതയേറിയ യാത്രയിലേക്ക് നാം ഒരിക്കൽക്കൂടി കടന്നുവരുന്നു. പ്രാർത്ഥന, ദാനധർമ്മം, ഉപവാസം എന്നീ ത്രിവിധ ദൗത്യങ്ങളിലൂടെ ദൈവത്തിലേക്ക് അടുക്കുവാൻ പരിശുദ്ധ സഭ അവളുടെ മക്കളെ അനുസ്മരിപ്പിക്കുന്ന കാലം. കർത്താവിന്റെ ഉയിർപ്പിനെ നന്നായി ആഘോഷിക്കുവാനും ദൈവികശക്തി അനുഭവ വേദ്യമാക്കുവാനും ഈ കാലം നമ്മെ ഒരുക്കുന്നു. കർത്താവായ യേശുക്രിസ്തുവിന്റെ മരുഭൂമിയിലെ ജീവിതവും തുടർന്നുള്ള പീഡാനുഭവം, മരണം, ഉയിർപ്പ് എന്നീ രക്ഷാകര രഹസ്യങ്ങളെ ധ്യാനിച്ചുകൊണ്ട് നവീകൃതരാകാൻ വേണ്ടി കർത്താവിനോട് ഒപ്പം നടത്തുന്ന മരുഭൂമി യാത്രയാണ് ഓരോ വലിയ നോമ്പും.



ബ്രദർ മാത്യു പുത്തൻപുരയിൽ

തിരുനാളുകളിലും ആഘോഷങ്ങളിലും ഭൗതികത എന്ന പുഴുക്കുത്ത് വ്യാപിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ, ഉപവാസത്തിന്റെ മൂല്യത്തെക്കുറിച്ച് ഒന്ന് ചിന്തിക്കുന്നത് ഏറെ ഉചിതമാണ്. നമ്മുടെ കർത്താവ് പരസ്യജീവിതത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് മരുഭൂമിയിൽ അനുഷ്ഠിച്ച ഉപവാസം നമ്മെ ഉപവാസത്തിന്റെ മഹനീയ ചിന്തയിലേക്ക് നയിക്കുന്നു. ഹോറെബ് മലയിൽ ദൈവത്തെ കണ്ടുമുട്ടുന്നതിനു മുമ്പ് ഏലിയാ ഉപവസിച്ചതുപോലെ (1 രാജാ. 19:8) തന്റെ മുമ്പിലുണ്ടായിരുന്ന ദൗത്യനിർവ്വഹണത്തിനുവേണ്ടി പ്രാർത്ഥനയും ഉപവാസവും വഴി യേശു സ്വയം

**പാപത്താലും അതിന്റെ പരിണിതഫലങ്ങളാലും ഭാരപ്പെട്ടവർക്ക് ദൈവവുമായുള്ള സംസർഗ്ഗം വീണ്ടെടുക്കുവാൻ സഭ ഉപവാസത്തെ ഒരു ഉപകരണമാക്കിയിരിക്കുന്നു.**

ഒരുങ്ങുകയായിരുന്നു. പ്രലോഭകനുമായി ഒരു വലിയ സമരം ആരംഭത്തിൽ തന്നെ നടത്തുന്നു.

നമ്മുടെ ശാരീരിക പോഷണത്തിന് ഉത്തമവും ഉപകാരപ്രദവുമായ ചിലത് ഉപേക്ഷിക്കുന്നതിൽ എന്ത് മൂല്യവും അർത്ഥവും ആണ് ഉള്ളതെന്ന് നാം അത്ഭുതപ്പെട്ടേക്കാം. പാപത്തെയും അതിലേക്ക് നയിക്കുന്നവരെയും അതിജീവിക്കാൻ ഉപവാസം വലിയ സഹായകമാണെന്ന് വി. ഗ്രന്ഥവും ക്രൈസ്തവ പാരമ്പര്യങ്ങളും നമ്മെ പഠിപ്പിക്കുന്നു. വിലക്കപ്പെട്ട മരത്തിന്റെ ഫലം ഭക്ഷിക്കരുത് എന്നത് (ഉല്പത്തി 2:17), ഉപവാസത്തിന്റെയും സംയമനത്തിന്റെയും നിയമമാണെന്ന് സഭാപിതാവായ ബേസിൽ ഓർമ്മിപ്പിക്കുന്നു.

പാപത്താലും അതിന്റെ പരിണിതഫലങ്ങളാലും ഭാരപ്പെട്ടവർക്ക് ദൈവവുമായുള്ള സംസർഗ്ഗം വീണ്ടെടുക്കുവാൻ സഭ ഉപവാസത്തെ ഒരു ഉപകരണമാക്കിയിരിക്കുന്നു. ബാബിലോൺ വിപ്രവാസത്തിനുശേഷം വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയ്ക്ക് ഒരുങ്ങി വന്ന ഇസ്രായേൽ ജനത്തോട് എസ്രാ പറയുന്നത് ഉപവസിക്കാനാണ്. അങ്ങനെ നമുക്ക് ദൈവമുമ്പിൽ എളിമയുള്ളവരാകാം (എസ്രാ. 8:21). അതുപോലെ നിനവേ നിവാസികൾ യോനായുടെ പശ്ചാത്തപിക്കാനുള്ള ആഹ്വാനത്തിന് പ്രത്യുത്തരമായി ആത്മാർത്ഥതയുള്ള ഉപവാസം പ്രഖ്യാപിച്ചു (യോന. 3:9). അങ്ങനെ അവർ നാശത്തിൽനിന്ന് രക്ഷപ്രാപിച്ചു.

പുതിയ നിയമത്തിലേക്ക് കടന്നുവരുമ്പോൾ നിയമങ്ങളെ കർശനമായി പാലിച്ചിരുന്ന ഫ്രീശമനോഭാവത്തെ വിമർശിച്ചുകൊണ്ട് ക്രിസ്തു ഉപവാസത്തിന്റെ ആഴത്തിലുള്ള അർത്ഥം നൽകുന്നു. ശരിയായ ഉപവാസം സ്വർഗീയ പിതാവിന്റെ ഇഷ്ടം നിറവേറ്റലാണെന്ന് യേശു ആവർത്തിക്കുന്നു. "രഹസ്യങ്ങൾ അറിയുന്ന പിതാവ് അതിന് പ്രതിഫലം നൽകും" (മത്തായി 6:18). ആദിമ ക്രൈസ്തവ സമൂഹത്തിൽ ഉപവാസത്തിന്റെ പ്രകടമായ മാതൃകകൾ നാം കാണുന്നു (cf; അപ്പ.13:3; 14:22; 27:21; 2 കോറി. 6:5). ഉപവാസത്തിന്റെ പാപശക്തികളെ നിയന്ത്രിക്കാനുള്ള കഴിവ് സുറിയാനി പിതാവായ സാറൂഖിലെ യാക്കോബ് എടുത്തുപറയുന്നു. അതുപോലെ അപ്പസ്തോലിക പിതാക്കന്മാരിൽ പ്രത്യേകിച്ച് ഡിഡാക്കെയിൽ ഉപവാസത്തെ മാമോദീസായ്ക്കു മുമ്പുള്ള നിർബന്ധമുള്ള അനുഷ്ഠാനമായി അവതരിപ്പിക്കുന്നു.

എന്നാൽ ഉപവാസത്തിന്റെ ആദ്ധ്യാത്മികാർത്ഥം ആധുനികലോകം ഇന്ന് വേണ്ടത്ര ഗൗനിക്കുന്നതേയില്ല. ഭൗതികതയുടെ അതിപ്രസരമുള്ള ഉത്തരാധുനിക സംസ്കാരത്തിൽ ഉപവാസം ശാരീരിക.... ഉപവാസം ഇഥംപ്രഥമമായി മാറേണ്ടത് ദൈവേഷ്ടത്തോട് അനുരൂപപ്പെടുന്നതിന് തങ്ങളെ തടയുന്നതിനെയെല്ലാം സുഖപ്പെടുത്താനുള്ള ചികിത്സയായിട്ടാണ്. തനിക്കുവേണ്ടിതന്നെ ജീവിക്കാതെ, തന്നെ സ്നേഹിക്കുകയും തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തവനുവേണ്ടിയും, തന്റെ സഹോദരർക്കുവേണ്ടിയും ജീവിക്കാനുള്ള വിളിയാണ് ഓരോ ക്രൈസ്തവന്റെയും ഈ വിളിയിൽ ഉപവാസത്തിന്റെ ആവശ്യകത ദൈവദാസനായ ആറാം പൗലോസ് മാർപ്പാപ്പ 1966-ൽ പ്രസിദ്ധീകരിച്ച Poenitemini എന്ന അപ്പസ്തോലിക കോൺസ്റ്റിറ്റ്യൂഷനിൽ എടുത്തു കാട്ടുന്നുണ്ട് (cf. Ch.1).

സർവ്വോപരി ഉപവാസത്തിന്റെ വിശ്വസ്തമായ അനുഷ്ഠാനം ആത്മാവും ശരീരവുമുള്ള സമഗ്രവ്യക്തിക്ക് ഐക്യം നൽകുന്നു. ശാരീരികപോഷണത്തിനുള്ള ഭക്ഷണപദാർത്ഥങ്ങൾ ഉപേക്ഷിക്കുന്നതുവഴി ക്രിസ്തുവിനെ ശ്രവിക്കാനും അവനിൽ ജീവിക്കാനുമുള്ള ആന്തരിക സന്നദ്ധത നമ്മളിൽ ഉണ്ടാകുന്നു. 'സ്വന്തതീരുമാനപ്രകാരമുള്ള ഉപവാസം സഹിക്കുന്ന തന്റെ സഹോദരനെ സഹായിക്കാൻ സന്നദ്ധനായ നല്ല സമറായന്റെ ചൈതന്യം ഉൾക്കൊള്ളാൻ നമ്മെ പ്രേരിപ്പിക്കും (Benedict XVI, Deus Caritas cst, 15).

ശരീരത്തെ പീഡിപ്പിക്കുകയോ സുകൃതം നേടുകയോ അല്ല ക്രൈസ്തവ വീക്ഷണത്തിൽ ഉപവാസത്തിന്റെ ലക്ഷണം. പഴയനിയമത്തിന്റെ അനുഷ്ഠാനരീതിയിൽനിന്ന് ക്രിസ്തുവിന്റെ ആഗമനത്തോടെ ദൈവ-മനുഷ്യബന്ധത്തെപ്പറ്റി പുതിയൊരു കാഴ്ചപ്പാട് ലോകത്തിനു ലഭിച്ചു. മതാനുഷ്ഠാനങ്ങൾക്കെല്ലാം നവമായ ഒരർത്ഥം കൈവന്നു. ഉപവാസം അതിൽതന്നെ ഒരു ലക്ഷ്യം അല്ലെന്നും ദൈവോന്മുഖനാകാൻ മനുഷ്യനെ സഹായിക്കുന്ന ഉപാധിയാണെന്നും ഇത് പങ്കുവയ്ക്കുന്നു. മനസ്സിന്റെയും മനോഭാവത്തിന്റെയും മാറ്റമാണ് ഇതിന്റെ പ്രകടമായ ലക്ഷണം. ഈ മാനസാന്തരം സഹോദരനെപ്പറ്റിയുള്ള ചിന്തയിലാണ് ഫലമണിയുന്നത്.

അവസാനമായി നമ്മിലെ താളംതെറ്റിയ എല്ലാ ബന്ധങ്ങളോടും തൃഷ്ണകളോടും പടപൊരുതാൻ ഉപവാസം വഴിയുള്ള ഭൗതികസുഖങ്ങളിൽനിന്നുള്ള വിമുഖത നമ്മെ സഹായിക്കുന്നു. ആദിപാപത്താൽ ബലഹീനമാക്കപ്പെട്ട നമ്മുടെ ആഗ്രഹങ്ങളെ നിഗ്രഹിക്കുവാൻ ഉപവാസം നമ്മെ ശക്തിപ്പെടുത്തുന്നു.

ഈ നോമ്പുകാലത്തിൽ പുണ്യങ്ങളെ കോരിയെടുക്കുന്നവരാകാൻ നമുക്ക് ശ്രമിക്കാം. നോമ്പും ഉപവാസവും പഴയതലമുറയുടെ ഭക്ത്യാഭ്യാസങ്ങൾ മാത്രമാകാതെ നമ്മെ ദൈവാനുഭവത്തിലേക്ക് നയിക്കുന്നവയാക്കി മാറ്റാം. സ്വശരീരത്തിൽ പീഡയേറ്റവന്റെ തിരുനാൾ ആഘോഷിക്കാൻ ഒരുങ്ങുമ്പോൾ നമ്മുടെ സഹനങ്ങളും ചെറിയ ഉപേക്ഷകളും നമ്മെ ആ വലിയ ഉയിർപ്പിന്റെ മഹനീയ പ്രത്യാശയിലേക്ക് നയിക്കും. നവ്യമായ ഒരു നോമ്പനുഭവം ഏവർക്കും ആശംസിക്കുന്നു. ●



# ഉള്ളതു പറഞ്ഞാൽ...



കൊലയ്ക്കും കൊള്ളിവെയ്പ്പിനും മാനഭംഗത്തിനും അക്രമത്തിനും എന്റെ ഒരു ഊഹം ശരിയാണെങ്കിൽ നാളിതുവരെ ജാതിയോ മതമോ ഇല്ലായിരുന്നു. എന്നാൽ ഇന്ന് അവസ്ഥ മാറിയിരിക്കുന്നു. കോൺഗ്രസ് മാനഭംഗം, കമ്യൂണിസ്റ്റ് കൊലപാതകം, ഹിന്ദു ആക്രമണം, മുസ്ലീം തീവ്രവാദം, ക്രിസ്ത്യൻ സ്വത്ത് തർക്കം അങ്ങനെ ഇനവും പട്ടികയും തിരിച്ച് മുകൾ സൂചിപ്പിച്ച പ്രവർത്തനമേഖലയെ ഒരോരുത്തർ സ്വന്തമാക്കിയിരിക്കുന്നു. സ്വന്തം ഭർത്താവിനെ വെട്ടിനുറുക്കി കൊല്ലിച്ചവരെ കൂടി കണ്ടു പിടിക്കണം, നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരണം എന്ന് ആവശ്യപ്പെട്ട് ഒരു സ്ത്രീ സമരം ചെയ്യുന്നു. മറ്റൊരു സ്ത്രീ നടുറോഡിൽ തടയപ്പെട്ട സഞ്ചാരസ്വാതന്ത്ര്യം പുനഃസ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ട് രാഷ്ട്രീയ മേലാളന്മാരെ ചീത്തപറഞ്ഞ് ഓടിച്ചു, ദാനം കിട്ടിയ പശുവിന്റെ വായിലെ പല്ല് എണ്ണരുത് എന്നാണ് ചൈനീസ് പഴമൊഴി. അത് തെറ്റിച്ച് പ്രഖ്യാപിച്ച പണം തരണമെന്ന് ആവശ്യപ്പെട്ട് മറ്റൊരു സ്ത്രീ ഒരാളുടെ സഞ്ചാരസ്വാതന്ത്ര്യം ഹനിക്കാൻ ശ്രമിച്ചു. ഇതിൽ ആദ്യ സ്ത്രീ ചമ്മിപോയി എന്നു ഒരു പക്ഷം, രണ്ടാമത്തെ സ്ത്രീ ധീരവനിതയെന്നു മറുപക്ഷം. മൂന്നാമത്തെ സ്ത്രീ തീവ്രവാദിയെന്നു വേറൊരു പക്ഷം. ഇവരെയൊക്കെ എന്തിനാണ് ജാതി, മതം, രാഷ്ട്രീയം ഇവ നോക്കി ചിലർ അവരവരുടെ പ്രതികരണമായും പ്രതീകമായും മാറ്റുന്നത്?.




ഒരു മന്ത്രിയുടെ വീട്ടിൽ വച്ച് ടിയാന്റെ ഭാര്യ മരണപ്പെട്ടു. അതേ മന്ത്രിയുടെ പാർട്ടി ഓഫീസിൽ വച്ച് മറ്റൊരു മന്ത്രി കൊല്ലപ്പെടുന്നു. ആ പാർട്ടിക്കാരെല്ലാം സ്ത്രീപീഡകരും കൊലയാളികളും എന്ന് പറഞ്ഞ് തെരുവിൽ സംഘർഷം, വഴിതടയൽ, ബഹളം ഇങ്ങനെ ബഹളം വയ്ക്കുന്നവർ 51 വെട്ട് (ക്ഷമിക്കണം 12) വെട്ടി കൊല ചെയ്യപ്പെട്ട ഒരാളുടെ നിസാഹയായ ഭാര്യയുടെ രോദനത്തെ പരിഹസിക്കുന്നു. കലിംഗ യുദ്ധത്തിന് ശേഷം വിജയശ്രീലാളിതനായി നിൽക്കുന്ന അശോക ചക്രവർത്തിയോട് സന്ന്യാസിവര്യൻ ചോദിച്ചത് "നിന്റെ പാർട്ടിക്കാർ വെട്ടിയിട്ട തലകൾക്ക് തിരികെ ജീവൻ നൽകാൻ പറ്റുമോ? എന്നല്ലേ.."



ഇവിടെ എല്ലാം ജാതിയ്ക്കും മതത്തിനും അടിസ്ഥാനത്തിലായിരിക്കുന്നു. ഒരു പാർട്ടിക്ക് സുധീരമായ നേതൃത്വം വേണമെന്ന് കേന്ദ്രം ആഗ്രഹിച്ചപ്പോൾ എന്റെ ജാതിയിൽപ്പെട്ട ഒരാളെ തൽസ്ഥാനത്തേക്ക് കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടിരുന്നതായി അഭിനവ ഗുരു. താക്കോലും താക്കോൽക്കൂട്ടവും വേണമെന്ന് വാശിപിടിക്കുന്ന ചിലർ. മുസ്ലീം സുഹൃത്തുക്കൾ ഒരുമിച്ച് ഒരുസ്ഥലത്ത് താമസിച്ചാൽ അത് "മുസ്ലീം കോട്ടയാണ്" എന്നു പറഞ്ഞ് കളിയാക്കുന്ന മറ്റു ചിലർ, അങ്ങനെ ജാതി പറഞ്ഞും മതം പറഞ്ഞും എല്ലാം എല്ലാവരും സ്വന്തമാക്കുന്നു. ●



അഡ്വ. വിനോദ് മാത്യു വിൽസൺ







**ഡോ. രാജൻ ജോസഫ് മാഞ്ഞൂരാൻ**
MD, DM, PGDHRM, FCSI, FICC, FIAE, FISE, FACC
പുഷ്പഗിരി ഹാർട്ട് ഇൻസ്റ്റിറ്റ്യൂട്ട്


# ഹൃദ്രോഗബാധയും ആധുനിക ചികിത്സയും

ഹൃദ്രോഗബാധ അഥവാ ഹൃദയാഘാതം (Heart Attack) നമ്മെ ഓരോരുത്തരെയും ഞെട്ടിക്കുന്ന ഒരു രോഗമാണ്. ഹൃദ്രോഗബാധ ഉണ്ടാകുന്ന ഏത് വ്യക്തിക്കും അപകടസാദ്ധ്യത വളരെ കൂടുതലാണ് എന്നതുകൊണ്ട് ആ വ്യക്തിയുടെ ബന്ധുക്കൾ വ്യാകുലരും പരിഭ്രാന്തരുമാകുന്നു. എന്നാൽ ശരിയായ വിദഗ്ധ ചികിത്സ ശരിയായ സമയത്തു ലഭ്യമായാൽ ഹൃദ്രോഗബാധ സാധാരണ ജലദോഷത്തേക്കാൾ അനായാസം ചികിത്സിച്ച് ഭേദമാക്കാവുന്നതാണ്.

## ഹൃദ്രോഗബാധ എന്ത്? എങ്ങനെ?

ഹൃദയമാംസപേശികളുടെ പ്രവർത്തനത്തിനു ആവശ്യമായ പ്രാണവായുവും പോഷകങ്ങളും രക്തം വഴി എത്തിച്ചു കൊടുക്കുന്ന രക്തധമനികളെ ഹൃദയധമനികൾ (Coronary Arteries) എന്നു വിളിക്കുന്നു. ഈ ഹൃദയധമനിയുടെ ഉൾഭിത്തിയിൽ കൊഴുപ്പ് പതിച്ച് രക്തകുഴൽ ചുരുങ്ങുന്ന അവസ്ഥയാണ് അതിരോസ്ക്ലീരോസിസ് (Atherosclerosis) എന്ന രോഗം. കൊഴുപ്പ് പതിച്ച രക്തകുഴലുകളുടെ ഉൾഭിത്തിയെ ആവരണം ചെയ്യുന്ന ചർമ്മത്തിൽ ചില പ്രത്യേക സാഹചര്യങ്ങളിൽ വിള്ളൽ ഉണ്ടാകുന്നു. ഉൾഭിത്തിയിൽ വിള്ളൽ ഉണ്ടായാൽ ഉടൻ ആ ഭാഗം രക്തകുഴലിലൂടെ ഒഴുകുന്ന രക്തവുമായി സമ്പർക്കത്തിലാകുന്നു. അവിടെ ഒരു രക്തകട്ടയുണ്ടാകുന്നു. ഇങ്ങനെ ഉണ്ടാകുന്ന രക്തകട്ട, രക്തകുഴലിനെ പൂർണ്ണമായി അടച്ചാൽ അതിലൂടെയുള്ള രക്ത ഓട്ടം പൂർണ്ണമായി നിലയ്ക്കുന്നു.

പ്രസ്തുത രക്തകുഴൽ രക്തം നൽകുന്ന ഹൃദയമാംസപേശികൾക്ക് രക്തം ലഭിക്കാതെ വരുന്നു. പ്രാണവായുവിന്റേയും പോഷകങ്ങളുടേയും കുറവുമൂലം ആ മാംസപേശികൾ മൃതമാകുന്നു. ഈ അവസ്ഥയാണ് ഹൃദ്രോഗബാധ അഥവാ ഹൃദയാഘാതം (Heart Attack). ഇങ്ങനെ ഹൃദ്രോഗബാധ ഉണ്ടാകുന്ന സാഹചര്യത്തിൽ ഹൃദയ ഭിത്തികൾ ക്രമമായി സംങ്കോചിക്കുകയും വികസിക്കുകയും ചെയ്യുന്ന സാധാരണ അവസ്ഥമാറി ഹൃദയം അതിവേഗം വിറയ്ക്കുന്ന (Fibrillation) അവസ്ഥയുണ്ടാകാം. ഇത് സംഭവിച്ചാൽ ഹൃദയത്തിൽ നിന്നും രക്തം പുറത്തോട്ട് ഒഴുകുകയില്ല. ശരീരാവയവങ്ങൾക്ക് രക്തം ലഭിക്കാതെ വരുന്നു. ഈ അവസ്ഥയാണ് ഹൃദയസ്തംഭനം (Cardiac Arrest). ഹൃദ്രോഗബാധ മൂലം പെട്ടെന്ന് മരണം സംഭവിക്കുന്നതിന്റെ പ്രധാനകാരണം ഹൃദയസ്തംഭനമാണ്.

## ഹൃദ്രോഗ ബാധ – ചികിത്സയിലുണ്ടായ പുരോഗമനം

ഹൃദ്രോഗബാധയുടെ ചികിത്സാവിധികൾ കഴിഞ്ഞ 50 വർഷങ്ങൾകൊണ്ട് വളരെ പുരോഗമിച്ചു. 1950–60 കളിൽ ഹൃദ്രോഗബാധ മൂലം ആശുപത്രിയിൽ വരുന്ന രോഗികളിൽ ഏകദേശം 35% പേർ മരണപ്പെടുമായിരുന്നു. എന്നാൽ 1960 കളിൽ അതിതീവ്ര ഹൃദയപരിചരണ യൂണിറ്റുകൾ തുടങ്ങിയപ്പോൾ ഹൃദയമിടുപ്പിന്റെ താളം തെറ്റൽ, ഹൃദയസ്തംഭനം എന്നിവ കൃത്യമായി മനസ്സിലാക്കി വേണ്ട ചികിത്സ നൽകുവാൻ സാധിച്ചതിന്റെ ഫലമായി ഹൃദ്രോഗബാധമൂലമുള്ള ആശുപത്രിമരണം 15%മായി കുറഞ്ഞു. 1970–കളിൽ ഹൃദ്രോഗബാധയുണ്ടാകുന്ന സാഹചര്യത്തിൽ ഹൃദയത്തിന്റെ പ്രവർത്തനത്തെ ശാന്തമാക്കുന്ന മരുന്നുകളുടെ ഉപയോഗത്തിലൂടെ ഹൃദയമാംസപേശികളുടെ കേട് കുറയ്ക്കുവാൻ സാധിച്ചു. തന്മൂലം ഹൃദ്രോഗബാധമൂലമുള്ള മരണനിരക്ക് 12 ശതമാനമായി. എന്നാൽ 1980–കളിൽ രക്തകുഴലിൽ ഉണ്ടാകുന്ന രക്തകട്ട അലിയിക്കുന്ന മരുന്ന് (Thrombolytic agent) കുത്തിവച്ച് ഹൃദ്രോഗബാധയുടെ കാരണമായ രക്തകട്ട അലിയിക്കുന്ന ചികിത്സ പ്രാബല്യത്തിൽ വന്നു. ഹൃദ്രോഗബാധയുടെ മരണനിരക്ക് ഏകദേശ 8 മുതൽ 10% മായി താഴ്ന്നു. 1990–കളുടെ മദ്ധ്യത്തോടെ രക്തകട്ടകൾ ബലൂൺ ചികിത്സയിലൂടെ രക്തകുഴലിൽ നിന്നും മാറ്റി രക്തകുഴലുകൾ തുറന്ന് രക്ത ഓട്ടം പുനഃസ്ഥാപിക്കുന്ന ചികിത്സ പ്രാബല്യത്തിൽ വന്നു. ഇതുമൂലം രോഗി ഉടൻ തന്നെ സൗഖ്യം പ്രാപിക്കുന്നു. ഹൃദ്രോഗബാധയുടെ ആശുപത്രി മരണനിരക്ക് 5%മായി കുറഞ്ഞു. ഇതിനു പുറമെ 2000–മാണ്ടോടെ, തുറന്ന രക്തകുഴലുകൾ വീണ്ടും അടയാതെ സംരക്ഷിക്കുന്നതിനുള്ള സ്റ്റെന്റ് (Stent) വച്ചു പിടിപ്പിക്കുന്ന ചികിത്സാ വിധിയിലൂടെ ഹൃദ്രോഗബാധയുടെ മരണനിരക്ക് 2 മുതൽ 5% വരെ താണു. ഇങ്ങനെ ഹൃദ്രോഹബാധ ഉണ്ടാകുന്ന രോഗിയെ ബലൂൺ ചികിത്സയും സ്റ്റെന്റ് വച്ചു പിടിപ്പിയ്ക്കുകയും മൂലം രക്തകട്ട മാറ്റുകയും രക്തക്കുഴൽ പൂർണ്ണമായി തുറന്ന് രക്ത ഓട്ടം പുനഃസ്ഥാപിക്കുകയും ചെയ്യുന്ന ചികിത്സാവിധിയെയാണ് പ്രാഥമിക ഹൃദയധമനി പുനർനിർമ്മാണം (Primary Coronary Angioplasty) എന്ന് പറയുന്നത്.

*(തുടരും)*

# CBCI ദിനങ്ങളിലൂടെ....

## 2014 ഫെബ്രുവരി 5


### മാർപാപ്പ നൽകുന്ന വിസ്മയങ്ങളും ആഗോളസഭയുടെ മഹത്വവും സംഗമിച്ചപ്പോൾ

ഭാരതത്തിലെ കത്തോലിക്ക മെത്രാന്മാരുടെ 31-ാമത് പ്ലീനറി സമ്മേളനം പാലായിൽ നടത്തിയപ്പോൾ ആഗോളസഭയുടെ മഹത്വവും സാന്നിദ്ധ്യവും ഫ്രാൻസിസ് മാർപാപ്പ സഭയിൽ കൊണ്ടു വരുന്ന വിസ്മയങ്ങളും പാലായിൽ സംഗമിക്കുന്നതുപോലെ തോന്നി. ദൈവ വിളികളുടെ നാടായ പാലായുടെ ആത്മീയ അനുഭവവും പ്രൗഡിയും വിശുദ്ധമായ ആത്മീയ പൈതൃകവും ഈ സമ്മേളനത്തിൽ തുടക്കം മുതൽ പ്രകടമായിരുന്നു.






സഭ ക്രിസ്തുവിന്റെ ശരീരമാണെന്ന യാഥാർഥ്യം ഇവിടെ ഏറെ പ്രകടമാണ്. ഭാരതത്തിലെ എല്ലാ ദിക്കുകളിൽനിന്നുമുള്ള 187 മെത്രാന്മാർ ഇവിടെ ഒരു ശരീരത്തിലെ അംഗങ്ങളെപ്പോലെ പ്രവർത്തിക്കുന്നു. സിബിസിഐയുടെ റിപ്പോർട്ടിൽ പശ്ചിമഘട്ടത്തിലെ കർഷകരുടെ പ്രശ്നങ്ങളും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ ഗിരിവർഗ്ഗക്കാരുടെ പ്രശ്നങ്ങളും ഒന്നുപേലെ ഉൾപ്പെടുത്തപ്പെട്ടതു പ്രാദേശിക സഭകളുടെ വികാരങ്ങൾ ഈ സമ്മേളനത്തിനു സ്വന്തം എന്നു വ്യക്തമാക്കുകയാണ്.



**സാമുവൽ മാർ ഐറേനിയോസ്**

(തിരുവനന്തപുരം മേജർ അതിരൂപതാ സഹായ മെത്രാൻ)

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രമാണരേഖകൾ പരിശുദ്ധാത്മാവാൽ തയ്യാറാക്കപ്പെട്ടവയാണെന്ന് ഈ സമ്മേളനവും അടിവരയിടുന്നു. അവയിലെ നിലപാടുകൾ സൂനഹദോസ് കഴിഞ്ഞ് 50 വർഷം പിന്നിടുമ്പോഴും ജീവിച്ചു തീരുകയോ വ്യാഖ്യാനിച്ചു തീരുകപോലുമോ ചെയ്തിട്ടില്ലെന്ന സത്യം നമുക്കു മുന്നിൽ നിൽക്കുന്നു. സഭ വിശുദ്ധയാണ്; ഒപ്പം തീർഥാടകയുമാണ്. സഭ മാറ്റമില്ലാത്തവളു



മാണ്; ഒപ്പം മാറുന്നവളുമാണ്. സഭ ഒന്നാണ്; എന്നാൽ വൈവിധ്യമുള്ളവളാണ്. സഭ കൂദാശയാണ്; കൂട്ടായ്മയുമാണ്. യഥാർത്ഥ ക്രിസ്തു അനുഭവത്തിലൂടെ സമൂഹത്തെ വിസ്മയിപ്പിക്കാൻ സഭയ്ക്കു കഴിയണം. സഭയിൽ സുവിശേഷദൗത്യബോധം ഉണ്ടാകണം. സഭയിൽ സന്തോഷം എപ്പോഴും പ്രസരിപ്പിക്കണം എന്ന് ചർച്ചകൾ ചൂണ്ടിക്കാട്ടി.

## 2014 ഫെബ്രുവരി 6

## ജീവിതം സന്ദേശമാക്കുന്നതിലേക്ക് വളരാൻ ആഹ്വാനം

'എന്റെ ജീവിതമാണ് എന്റെ സന്ദേശം' എന്ന കാഴ്ചപ്പാടിലേക്ക് ഉയരാൻ മെത്രാന്മാർക്കു സാധിക്കണമെന്നുള്ള ആഹ്വാനം ഏവരും സ്വീകരിച്ചു. ഈ മാറ്റത്തിന്റെ സന്ദേശം ലോകത്തിനു നൽകാൻ സ്വർഗ്ഗം തന്ന സമ്മാനമാണു ഫ്രാൻസിസ് മാർപാപ്പ. സഭ നേരിടുന്ന വെല്ലുവിളികളും ക്ലേശങ്ങളും ഏറെയാണെങ്കിലും ഇവയുടെ നടുവിലും വിവിധ മെത്രാന്മാർ കൈവരിക്കുന്ന വിജയഗാഥകൾ എല്ലാവർക്കും പ്രത്യാശയുടെ ആവേശം പകർന്നു. വിശുദ്ധരായ മെത്രാന്മാർ വിശുദ്ധരായ വൈദികരേയും വിശുദ്ധരായ വൈദികർ വിശുദ്ധരായ വിശ്വാസികളെയും ജനിപ്പിക്കുന്നു എന്ന് സിബിസിഐ അദ്ധ്യക്ഷൻ കർദിനാൾ ഡോ. ഓസ്വാൾഡ് ഗ്രേഷ്യസ് ഓർമ്മിപ്പിച്ചു. മാർപാപ്പ ആഗ്രഹിക്കുന്നത് ഒരു തുറന്ന സഭയാണ്, എല്ലാവരേയും സ്വാഗതം ചെയ്യുന്ന സഭ. സന്തോഷ






മുള്ള സഭ, വാതിലുകൾ തുറന്നിട്ടിരിക്കുന്ന സഭ. സ്ത്രീകളോടും യുവജനങ്ങളോടും അദ്ദേഹത്തിന് ഏറെ അടുപ്പമാണ്. അവരുടെ ശേഷികൾ സഭയ്ക്കു വേണ്ടി കൂടുതൽ വിനിയോഗിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നു. സഭയിൽ നാലു തരത്തിലുള്ള മാറ്റങ്ങളാണ് ഉണ്ടാകേണ്ടത്. ജീവിതശൈലിയിലുള്ള മാറ്റങ്ങളാണ് ഒന്നാമത്തേത്. മാർപാപ്പയുടെ സമീപനം കൈവരിക്കുക എന്നതാണു രണ്ടാമത്തേത്. തൊഴിലിനോടും തൊഴിൽ സാഹചര്യങ്ങളോടുമുള്ള സമീപനത്തിൽ മാറ്റമുണ്ടാകണം. മാറുന്ന സാഹചര്യത്തിൽ സഭയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കാനും തൊഴിലുള്ളവർക്ക് മെച്ചപ്പെട്ട തൊഴിൽ സൗകര്യങ്ങൾ ലഭ്യ





മാക്കാനും നടപടി എടുക്കാൻ സാധിക്കുന്നു. ഇക്കാര്യത്തിൽ സന്നദ്ധസംഘടനകളുമായി സഹകരിക്കാവുന്നതാണ്. നാലാമതായി, മറ്റുള്ളവരുമായി ബന്ധപ്പെടുന്ന രീതിയിലാണു മാറ്റം വരേണ്ടത്. സഭ ഒരു കൂട്ടായ്മയാണ്. ഒപ്പം എല്ലാവരോടും ആർദ്രതയുള്ളവളുമാണ്. സഭാഗാത്രത്തിന്റെ മാതൃക മാറുന്നതിനെക്കുറിച്ചു ചർച്ചകൾ നടക്കണം. സഭാമേലധ്യക്ഷന്മാരുടെ മുൻപിൽ പരിശുദ്ധാത്മാവ് വലിയ വെല്ലുവിളികളാണ് ഉയർത്തുന്നത്. കൂടാതെ ക്രൈസ്തവ ഉപവി അഭ്യസിക്കാൻ അല്മായർക്ക് പരിശീലനം നൽകണമെന്നും പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

## 2014 ഫെബ്രുവരി 7

## ദൈവാനുഭവത്തിൽ ഊന്നിയ സമൂഹമായി മുന്നേറുക

ദൈവാനുഭവത്തിൽ ഊന്നിയ ഒറ്റ സമൂഹമായി ഭാരതത്തിലെ സഭ മുന്നേറുന്നതിന് കൈക്കൊള്ളേണ്ട നടപടികളെക്കുറിച്ചാണ് ഭാരതത്തിലെ കത്തോലിക്കാ മെത്രാന്മാർ ചർച്ച നടത്തിയത്. സഭ അടിമുതൽ മുടി വരെ ദൈവാനുഭവത്തിൽ ഊന്നിയതാവണം. അതിന് പലമേഖലകളിലും മാറ്റം ആവശ്യമുണ്ട്. അല്മായരെ എങ്ങനെ കൂടുതൽ ശക്തികരിക്കാം, ലിംഗനീതി എങ്ങനെ ഉറപ്പാക്കാം, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ എങ്ങനെ നേരിടാം, സഭയിൽ നിന്നും സെക്ടറുകളിലേക്ക് വിശ്വാസികൾ ചേർന്നുപോകുന്നത് എങ്ങനെ തടയാം. വിശ്വാസം ബുദ്ധിയുടെയും തത്ത്വങ്ങളുടെയും തലത്തിൽ നിന്നും വ്യക്തിയനുഭവങ്ങളുടെ തലത്തിലേക്കുകൊണ്ടുവരണമെന്നത് എല്ലാവരുടെയും ഏക വികാരമായിരുന്നു. ദൈവാനുഭവത്തിൽ ഊന്നിയ ഒരു സമൂഹം അതാണ് പരിശുദ്ധാത്മാവ് ഭാരതസഭയോട് ആവശ്യപ്പെടുന്ന അടിസ്ഥാനപരമായ മാറ്റം. ഭക്തിയുടെ ബാഹ്യപ്രകടനങ്ങൾ പോരാ വൈകാരികതലവും പോരാ, ഇങ്ങനെയുള്ള ഭക്തിയാണ് നിർണായക നിമിഷങ്ങളിൽ തളർന്നുപോകുന്നത്. ഭക്തി വ്യക്തിപരമായ ഒരു അനുഭവമാകണം.

സഹനമാണ് ശിഷ്യത്വത്തിന്റെയും അപ്പോസ്തോലികതയുടെയും അടയാളം. സഹനങ്ങൾ സഭയെ വളർത്തുവാനുള്ള പരിശുദ്ധാത്മാവിന്റെ ഇടപെടലാണ്. ഖണ്ടമാലിലും സിസ്റ്റർ റാണി മരിയയിലും മദർ തേരെസയിലും വി. അൽഫോൻസാമ്മയിലും ഗ്രഹാം സ്റ്റെയിൽസിലും ജോൺപോൾ രണ്ടാമനിലും നാം കണ്ടത് ഇതാണ്. വിലനൽകാൻ തയ്യാറായാൽ ഇടയന്മാർ എന്ന നിലയിൽ നാം ഫലമണിയും. ദൈവരാജ്യം സഹിക്കുന്നവർക്കുള്ളതാണ്. ഈ സഹനശേഷി ദൈവത്തിന്റെ കരുണകൊണ്ടാണ് നമുക്കുലഭിക്കുന്നത്.

## 2014 ഫെബ്രുവരി 8

## സന്ന്യാസം സഭയുടെ നിക്ഷേപം

സഭയെ നവീകരിച്ചുകൊണ്ട് ലോകത്തെ നവീകരിക്കാൻ സഭയ്ക്കു സാധിക്കുമെങ്കിൽ സഭയ്ക്കു യേശുവിനോട് ആഴപ്പെട്ട സമർപ്പണമുണ്ടാകണം. അതു മെത്രാന്മാരിലും



വൈദികരിലും സന്യസ്തരിലും കുടുംബങ്ങളിലും ദൈവജനം മുഴുവനിലും പ്രസരിക്കണം. സന്ന്യാസം സഭയ്ക്കു നൽകുന്ന വലിയ ദാനമാണ്. അത് വ്യക്തികൾക്ക് നൽകപ്പെട്ട ഒന്നല്ല. ആരാധനയും ദൈവശാസ്ത്രവുംപോലെ സഭയുടെ ഒരു നിക്ഷേപമാണ് സന്ന്യാസം. ദൈവം സഭയിലൂടെ വിശ്വാസത്തെപ്രതി സമർപ്പിച്ച സന്ന്യസ്തർ നമ്മുടെ പൊതുസ്വത്താണ്. സഭയുടെ അനുഗ്രഹമാണ്. സന്ന്യാസഭവനങ്ങൾ ശുദ്ധീകരണ സ്ഥലങ്ങളാവരുത്, പകരം കുടുംബങ്ങളാവണം. അവിടെ സ്നേഹവും സന്തോഷവും പ്രസരിക്കണം. ഇങ്ങനെ സന്ന്യാസ ഭവനങ്ങളും സന്ന്യാസികളും സഭയുടെ ശക്തിസ്രോതസായി മാറണം.

രണ്ടാം വർത്തിക്കാൻ കൗൺസിൽ സന്ന്യാസികളിൽനിന്നു നാലു കാര്യങ്ങളാണു പ്രധാനമായി ആവശ്യപ്പെടുന്നത് ഒന്നാമതായി സുവിശേഷം പഠിപ്പിക്കുന്നതുപോലെ ക്രിസ്തുവിനെ പിൻചെല്ലുക. രണ്ടാമതായി സഭയുടെ താത്പര്യങ്ങൾ ഏറ്റവും മികച്ച രീതിയിൽ ശുശ്രൂഷിക്കുക. മൂന്നാമതായി സഭയുടെ ജീവിതത്തിൽ പ്രതിബദ്ധതയോടെ പങ്കാളിത്തം വഹിക്കുക. നാലാമതായി സമകാലീന ജീവിതത്തെക്കുറിച്ച് ശരിയായ ബോധ്യവും ധാരണയുമുണ്ടാകുക. മദർ



തെരേസയെപ്പോലുള്ള സന്ന്യാസികളുടെ സേവനം സഭയ്ക്കു നൽകിയ തിളക്കം എത്രയോ ഉന്നതമാണ്, സന്യാസസഭകളെ ശക്തിപ്പെടുത്തുകയും അവയ്ക്കു പിൻബലം നൽകുകയുമാണ് വേണ്ടതെന്ന് പിതാക്കന്മാർ അഭിപ്രായപ്പെട്ടു.

## 2014 ഫെബ്രുവരി 9
## തീർത്ഥാടനത്തിന്റെ ദിനം

സിബിസിഐ സമ്മേളനത്തിനെത്തിയ പിതാക്കന്മാർക്ക് ഇന്ന് തീർത്ഥാടനത്തിന്റെ ദിനമായിരുന്നു. ഭാരതസഭയ്ക്ക് ഏറെ കടപ്പാടുള്ള പാലാരൂപതയുടെ വിശ്വാസജീവിതത്തിന്റെ തുടിപ്പുകൾ നേരിട്ട് അനുഭവിച്ചറിയാൻ പാലാ രൂപതയിലെ വിവിധ തീർത്ഥാടന കേന്ദ്രങ്ങളായ പാലാ കത്തീഡ്രൽ, കുറവിലങ്ങാട്, മുട്ടുചിറ, ചേർപ്പുങ്കൽ, രാമപുരം, അരുവിത്തുറ എന്നിവിടങ്ങളിലും ചാവറപിതാവിന്റെ സ്ഥലമായ മാന്നാനത്തും കോട്ടയം വടവാതൂർ സെമിനാരിയിലും പിതാക്കന്മാർ തീർത്ഥാടകരായി എത്തി.

മാർത്തോമാ ശ്ലീഹായിൽ നിന്നും വിശ്വാസം സ്വീകരിച്ച ഈ നാട്ടിലെ ജനങ്ങൾ തങ്ങളുടെ വിശ്വാസം സജീവമായി നിലനിർത്തുന്നതിന്റെ നേരനുഭവങ്ങൾ സഭാമേലദ്ധ്യക്ഷന്മാർ



നേരിട്ട് കണ്ടനുഭവിച്ചു. അപ്പോസ്തോലന്മാരുടെ പിൻഗാമികളായ മെത്രാന്മാരോട് വിശ്വാസി സമൂഹത്തിനുള്ള ആദരവും അവർക്ക് വിശ്വാസികൾ നൽകുന്ന പിൻബലവും മെത്രാന്മാർക്ക് കണ്ടറിയുവാനായി.

## 2014 ഫെബ്രുവരി 10
## ആരാധന ജീവിതമാക്കുക

ആരാധന ജീവിതമാക്കുകയെന്നതായിരുന്നു ഇന്നത്തെ സഭാ മേലധ്യക്ഷന്മാരുടെ മുമ്പിൽ ഉയർന്ന വെല്ലുവിളി. വിശ്വാസികൾ ദൈവത്തെ കണ്ടുമുട്ടുന്നവരും അനുഭവിക്കുന്നവരും ഒന്നാമതായി ആരാധനയിലാണെന്ന് രാവിലെ ദിവ്യബലിയിൽ മുഖ്യകാർമികത്വം വഹിച്ചുകൊണ്ട് കർദിനാൾ ടെലസ്ഫോർ ടോപ്പോ അനുസ്മരിച്ചു. ഈ അനുഭവം സ്വന്തമാക്കാനും വിശ്വാസികൾക്കു പകർന്നുകൊടുക്കാനും ഇടയനുസാധിക്കണം.

അപ്പസ്തോല പ്രവർത്തനങ്ങളിൽ സഭ ക്രിസ്ത്വനുഭവം നേടുന്നതു പ്രാർത്ഥിച്ചുകൊണ്ടിരുന്ന വേളകളിലായിരുന്നു. ഈ അനുഭവം പകർന്നു നൽകുന്നതിൽ നമുക്കുണ്ടായ പരാജയം മൂലമാണു വിശ്വാസികൾ മറ്റു സെക്ടറുകളിലേക്കും



ശക്തികളിലേക്കും ആകർഷിക്കപ്പെടാൻ ഇടയായത്. ആരാധന എല്ലാവരെയും ഒന്നിപ്പിക്കുന്നതാണ്. വിവിധ ഭാഷകളും ആചാരങ്ങളും ഉള്ളവർക്ക് ഒന്നിച്ച് ആരാധിക്കാനാവണം. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആരാധനാക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖ സഭയിൽ ഉണ്ടാക്കിയതു വിപ്ലവകരമായ മാറ്റമാണ്.

കുർബാനയോടുള്ള സമീപനം നമ്മുടെ ജീവിതത്തെ നയിക്കണം. വചനാധിഷ്ഠിതവും പരിശുദ്ധാത്മാഭിഷേകം നിറഞ്ഞതും പങ്കുവയ്ക്കുന്നതുമായ സമൂഹം ആ ബലിയിൽനിന്ന് ഉയരണം. ഈ വിശുദ്ധ കുർബാന അനുഭവത്തിന്റെ യാഥാർഥ്യവത്കരണമായിരുന്നു രാത്രിയിൽ നടന്ന സ്നേഹവിരുന്ന്. ഇത്തരം വേദികളിൽ ഒരിക്കലും കടന്നുവന്നിരിക്കാൻ ഇടയില്ലാത്ത പാവപ്പെട്ടവർക്കൊപ്പമായിരുന്നു സ്നേഹവിരുന്ന്. അഗതികൾക്കൊപ്പം 200 സിബിസിഐ പ്രതിനിധികളും മറ്റു ക്രൈസ്തവ സഭകളിൽ നിന്നുള്ള 10 മേലധ്യക്ഷന്മാരും സമുദായ- രാഷ്ട്രീയ നേതാക്കളും വിവിധ വൈദികരും ചേർന്ന് ഏതാണ്ട് 647 പേരാണ് സ്നേഹവിരുന്നിൽ പങ്കെടുത്തത്. മെത്രാന്മാർക്കു വ്യത്യസ്തമായ യേശു അനുഭവമായി ആ വിരുന്ന്.

## 2014 ഫെബ്രുവരി 11
## നവീകരണത്തിന്റെ രഹസ്യവും ശക്തിയും തിരിച്ചറിയണം

ഒരാഴ്ചയായി സഭയുടെ നവീകരണത്തെക്കുറിച്ചു നടന്ന ചർച്ചകളുടെ കണ്ടെത്തൽ സംഗ്രഹിക്കുന്നതിനുള്ള ശ്രമമാണ് ഇന്ന് സിബിസിഐയിൽ നടന്നത്. ഭാരതസഭയുടെ ഉപരിവിശുദ്ധീകരണത്തിനായി വിപ്ലവകരമായ നിർദേശങ്ങളാണ് സിബിസിഐ തയ്യാറാക്കുന്നത്. കൈക്കൂലി വാങ്ങരുതെന്നു മാത്രമല്ല, കൊടുക്കുകയുമരുത്. സഭയുടെ ശൈലികൾ കൂടുതൽ ലളിതമാക്കണം. മെത്രാൻപദവിയോടു ചേർന്നുള്ള ആദരസൂചകമായ പദങ്ങളിലും ഈ സമീപനം ഉണ്ടാവണം. ആഗോളീകരണത്തിന്റെ ഭാഗമായി കുടുംബജീവിതത്തിൽ ഉണ്ടായിരിക്കേണ്ട മൂല്യച്യുതി പരിഹരിക്കപ്പെടണം. പാവപ്പെട്ടവർക്കും ദുരിതബാധിതർക്കും സ്ത്രീകൾക്കും വേണ്ടി സഭ ഏറെ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇനിയും വളരെ കാര്യങ്ങൾ ചെയ്യാനുണ്ട്. പ്രവാസികളുടെ കാര്യത്തിൽ സഭയ്ക്കു കൂടുതൽ ഉത്തരവാദിത്വമുണ്ട്. അല്മായരുടെ ശബ്ദം കൂടുതൽ

# ഇടയശബ്ദം 3 – ാം പേജ് തുടർച്ച

Plenary. യേശുക്രിസ്തുവിനെ ജീവിതം കൊണ്ടു പ്രഘോഷിക്കുവാൻ സഭയിലെ എല്ലാ ഘടകങ്ങളെയും വിശിഷ്യ ബഹുഭൂരിപക്ഷം വരുന്ന അൽമായസഹോദരങ്ങളെ ആത്മീകതയിൽ ഉറപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേക്കും രാഷ്ട്രനിർമ്മിതിയിൽ സഹകാരികളാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുവാനും തീരുമാനമായി. സഭയ്ക്കും സമൂഹത്തിനും വ്യക്തികൾക്കും ദൈവം ദാനമായി തന്ന ഒരു നന്മയും വ്യർത്ഥമായി പോകാതിരിക്കുവാനുള്ള സൂഷ്മതയും ശ്രദ്ധയും അധികാരികളും ചുമതലയുള്ളവരും പ്രകടിപ്പിക്കേണ്ടിയിരിക്കുന്നു. യേശുക്രിസ്തു എല്ലാവർക്കും എല്ലാം ആകുവാനുള്ള ഉൽക്കടമായ അഭിവാഞ്ച എല്ലാ ഘടകങ്ങളെയും ഭരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സീറോ മലബാർ സീറോ മലങ്കര മെത്രാന്മാരുടെ സംയുക്തയോഗവും ഉണ്ടായിരുന്നു. ഏറെ പ്രസക്തമായ പല വിഷയങ്ങളും സംസാരിക്കുകയുണ്ടായി. മലയോര, മലബാർ കുടിയേറ്റ മേഖലകളിലെ മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങൾ, കസ്തൂരിരംഗൻ, മാധവ് ഗാഡ്കിൽ റിപ്പോർട്ടുകളുലെ നിർദ്ദേശങ്ങൾ തീരദേശവാസികളുടെ പ്രതിസന്ധികൾ ഇവയെല്ലാം സുദീർഘമായി ചർച്ച ചെയ്യുകയും സഭയുടെ ഒരുമിച്ചുള്ള തീരുമാനം ഈക്കാര്യങ്ങളിൽ കൈക്കൊള്ളുകയും ചെയ്തു. പ്രകൃതിയും പ്രകൃതിയുടെ സംരക്ഷണവും സത്വരമായ ശ്രദ്ധ ആവശ്യപ്പെടുന്നതാണെന്ന് വിലയിരുത്തി. എന്നാൽ മനുഷ്യനെ കൂടാതെയുള്ള പ്രകൃതിയുടെ സംരക്ഷണം സ്വീകാര്യമാവില്ല എന്ന് ഉറക്കെ തീരുമാനിക്കുകയും ചെയ്തു. ഈ മേഖലകളിലെ മനുഷ്യരോടൊപ്പം ആണ് സഭ. അവരുടെ പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുവാൻ വേണ്ട കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടു. വേണ്ടതുപോലെ പഠിക്കാതെയും പ്രകൃതിസ്നേഹം എന്നതിന്റെ പേരിൽ യുക്തിക്കു നിരക്കാത്ത നിലപാടുകൾ സ്വീകരിക്കുകയും ചെയ്യുന്ന സമീപനം കത്തോലിക്ക സഭയ്ക്ക് സ്വീകാര്യമല്ല എന്ന് തറപ്പിച്ചു പറയുകയും ചെയ്തു. എന്നാൽ സഭയുടെ ഭാഗത്തു നിന്നും സമാധാനപരമായ രീതിയിൽ മാത്രമായിരിക്കും സമ്മർദ്ദങ്ങൾ ചെലുത്തുകയെന്നും പ്രതികരിക്കുകയെന്നും പ്രതിപാദിച്ചു. ആരെയും വെറുക്കുവാനോ, ശത്രു എന്നു കരുതി പെരുമാറുവാനോ സഭയ്ക്കും സഭാമക്കൾക്കും സാധിക്കില്ല. അവകാശങ്ങളും സ്വാതന്ത്ര്യവും ഉറപ്പാക്കുവാൻ എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്.

മലങ്കരസഭയിൽ പരമ്പരാഗതമായി കൂടി നടക്കുന്ന സീറോ മലബാർ വിശ്വാസികളെ സീറോമലബാർ സഭയിലേക്കും, സീറോ മലബാർ സഭയിൽ ഉൾപ്പെട്ടു നിൽക്കുന്ന മലങ്കരക്കാരായ വിശ്വാസികളെ മലങ്കരസഭയിലേക്കും സ്നേഹബുദ്ധ്യാനിർബന്ധിച്ചു വിടാനും തീരുമാനമായി. മലങ്കര ഓർത്തഡോക്സ്, യാക്കോബായ മാർത്തോമാ വിശ്വാസികൾ പുനരൈക്യപ്പെടേണ്ടത് മലങ്കര കത്തോലിക്കാ സഭയിൽ ആണെന്നും വിവാഹവുമായി ബന്ധപ്പെട്ടാണ് പുനരൈക്യം നടക്കുന്നതെങ്കിൽകൂടി അതു മലങ്കര കത്തോലിക്കാ സഭയിൽ തന്നെ ആയിരിക്കണമെന്നും മുഴുവൻ പിതാക്കന്മാരും തീരുമാനിക്കുകയുണ്ടായി. സഭയുടെ പൊതുനിയമം അനുസരിച്ച്, ഓരോ വിശ്വാസിയുടെയും പൈതൃകം ഏതു സഭയിലാണോ ആ പൈതൃകം, ആരാധന പാരമ്പര്യം, ഇവ ഉൾക്കൊള്ളുന്ന തതുല്യമായ കത്തോലിക്കാക്കൂട്ടായ്മയിലേക്കായിരിക്കണം കത്തോലിക്കനാകേണ്ടത്. വിവാഹത്തിലും വിവാഹജീവിതത്തിലും ഭാര്യമാർക്ക് ഭർത്താക്കന്മാരുടെ റീത്തിലേക്ക് ചേരാം എന്നുള്ളത് ദുർവ്യാഖ്യാനം ചെയ്ത് കത്തോലിക്കാസഭയിലേക്കുള്ള പുനരൈക്യവുമായി കൂട്ടിക്കുഴയ്ക്കരുതെന്നും തീരുമാനിച്ചു. ഇപ്രകാരമുള്ള പുനരൈക്യങ്ങൾ കൃത്യമായി നടക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ടവർ അധികാരികളെ സമീപിക്കേണ്ടതാണ്.

---

ശ്രദ്ധിക്കപ്പെടുകയും അവർക്കു കൂടുതൽ അംഗീകാരം ഉറപ്പാക്കുകയും വേണം. സഭ സംവാദത്തിന്റെ സഭയാകണം, പാവങ്ങളുടെ സഭയാകണം. ദൈവകേന്ദ്രീകൃതമായ, ക്രിസ്തുകേന്ദ്രീകൃതമായ, പരിശുദ്ധാത്മാഭിഷേകം നിറഞ്ഞ സഭയാകണം. സഭ യഥാർഥമായ എളിമയുടെ അടയാളമാകണം, ഇടയന്മാർക്കു 'ആടിന്റെ ഗന്ധം' തിരിച്ചറിയാനാകണം, ദളിത് ക്രൈസ്തവർക്കു അവരുടെ അവകാശങ്ങൾ ലഭ്യമാകുന്നതിന് സഭ ഒന്നിച്ചു പ്രവർത്തിക്കണം, തുടങ്ങിയ വളരെ ഹൃദ്യമായ ചർച്ചകളാണ് നടന്നത്. റീത്തുകളുടെയോ സ്ഥാനവ്യത്യാസങ്ങളുടെയോ പ്രായഭേദങ്ങളുടെയോ തടസങ്ങളില്ലാതെ എല്ലാവരും സഭയുടെ നവീകരണത്തിനു വേണ്ടി ഹൃദയം തുറന്നു ആശയവിനിമയം നടത്തി. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന അനുഭവം ചർച്ചയുടെ എല്ലാ ഘട്ടത്തിലും അനുഭവപ്പെട്ടു.

## 2014 ഫെബ്രുവരി 12 സഭാനുഭവത്തിന്റെ പരകോടിയിൽ നിന്ന് ഒരു പുറപ്പാട്

ഭാരതത്തിലെ രുചിഭേദം സഭാമേലധ്യക്ഷന്മാർ അനുഭവിച്ചറിഞ്ഞ ദിവസമായിരുന്നു ഇന്ന്. എല്ലാം അതീവഹൃദ്യമായ അനുഭവങ്ങളായിരുന്നുവെന്നു ഒരു മനസ്സോടെ എല്ലാവരും ഏറ്റുപറഞ്ഞുകൊണ്ടാണ് പാലായിൽ നിന്നു യാത്രയാവുന്നത്. സമാപന ദിവസത്തിൽ നടന്ന ദിവ്യബലിയ്ക്ക് സിബിസിഐയുടെ പുതിയ പ്രസിഡണ്ട് കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ മുഖ്യകാർമികത്വം വഹിച്ചു. നാലു കർദിനാൾമാരും സിബിസിഐയുടെ ഇപ്പോഴത്തെയും പുതിയതുമായ ഭാരവാഹികളും മുഖ്യകാർമികരായി. ദൈവരാജ്യവും അവിടുത്തെ നീതിയും അന്വേഷിക്കുന്നവർക്ക് എല്ലാം കൂട്ടിച്ചേർക്കപ്പെടുമെന്നും ദൈവവചനം നിറവേറ്റുമെന്നും നാം വിശ്വസിക്കണം. അതിന്റെ രണ്ട് അടയാളങ്ങളായ അൽഫോൻസാമ്മയേയും വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെയും കണ്ടുമുട്ടിയതിന്റെ നിർവൃതിയിൽ നിന്നാണ് പാലായിൽ നിന്നും മടങ്ങുന്നത്.

സമാപനത്തിൽ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണം നടന്നു. പഴയ പ്രസിഡന്റ് കർദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസും മെത്രാൻ സംഘത്തിലെ ഏറ്റവും മുതിർന്ന അംഗമായ ആർച്ച് ബിഷപ്പ് എബ്രഹാം വിരുതുക്കുളങ്ങരയും ചേർന്നു കർദിനാൾ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവയെ സിബിസിഐ പ്രസിഡന്റിന്റെ കസേരയിൽ ഇരുത്തി. വൈസ് പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് അടക്കമുള്ള മറ്റു ഭാരവാഹികളെയും പുതിയ സ്ഥാനം ഏൽപിച്ചു. ●

പൗരസ്ത്യ സഭാനിയമപ്രകാരം ഭർത്താക്കന്മാരുടെ റീത്തിൽ ആയിരിക്കണം ഭാര്യമാർ ചേരേണ്ടത്. ഭർത്താക്കന്മാർക്ക് ഭാര്യയുടെ റീത്തിൽ ചേരുവാൻ അവകാശമില്ലാത്തതും അങ്ങനെയുള്ള കൂദാശ സ്വീകരണങ്ങൾ പ്രത്യേകിച്ചും മൂറോൻ, വിവാഹം, പട്ടം മുതലായവ അസാധുവായിരിക്കുകയും ചെയ്യും. എല്ലാം കത്തോലിക്കാ സഭകൾ തന്നെയെങ്കിലും ഓരോ സഭയുടെയും പൈതൃകവും നന്മയും ആഗോള സഭ താല്പര്യത്തോടെ സംരക്ഷിക്കുകയും ചെയ്യുന്നതു കൊണ്ടാണ് ഇപ്രകാരമുള്ള നിബന്ധനകൾ ഉള്ളത്. നമ്മുടെ ജനനത്തെക്കുറിച്ചു നമുക്കു നിശ്ചയിക്കുവാൻ അധികാരമില്ലല്ലോ? അതുപോലെ നാം പിറന്നു വീഴുന്ന നമ്മുടെ അപ്പന്റെ സഭയിലെ അംഗമാകുന്നതും നിയോഗമായി കാണേണ്ടതു തന്നെ.

ഏറെ അഭിമാനത്തോട് നാം കാണുന്ന മറ്റൊരു കാര്യം 31-ാം ദ്വിവാർഷിക സമ്മേളനത്തിൽ ഭാരതകത്തോലിക്ക മെത്രാൻ സമിതിയുടെ അദ്ധ്യക്ഷനായി നമ്മുടെ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്ക ബാവ തെരഞ്ഞെടുക്കപ്പെട്ടു എന്നതാണ്. കേരള മെത്രാൻ സമിതിയുടെ അദ്ധ്യക്ഷൻ, ഭാരത മെത്രാൻസമിതിയുടെ അദ്ധ്യക്ഷൻ എന്നീ മഹത്തായ സ്ഥാനങ്ങൾ നമ്മുടെ പിതാവിലൂടെ മലങ്കര സഭയ്ക്ക് കൈവരുന്ന അനുഗ്രഹങ്ങൾ ആണ്. അവിഭക്ത മലങ്കരസഭയ്ക്ക് കത്തോലിക്ക സഭ കൽപ്പിക്കുന്ന ആദരവും അംഗീകാരവുമാണ് ക്ലീമിസ് പിതാവിലൂടെ ഉണ്ടാവുന്നത്. ഏതാണ്ട് 2 കോടിയിൽ അധികം വരുന്ന കത്തോലിക്കാ സഭയുടെ അദ്ധ്യക്ഷൻ മലങ്കരസഭയുടെ തലവനും പിതാവുമാകുന്നതിൽ നമുക്കു കൂടുതൽ ദൈവത്തെ മഹത്വപ്പെടുത്താം. പിതാവിൽ സഭയും സമൂഹവും അർപ്പിച്ചിരിക്കുന്ന വിശ്വാസം ദൈവമഹത്വത്തെ ലക്ഷ്യമാക്കിയും ദൈവജനത്തിന്റെ നന്മയ്ക്കും പൊതു സമൂഹത്തിന്റെ ഉന്നതിയ്ക്കും പ്രയോജനപ്പെടുവാൻ പ്രാർത്ഥിക്കണം.

ഭാരതത്തിന്റെ പ്രധാനമന്ത്രി നമ്മുടെ പിതാവിനെ ദേശീയ ഉദ്ഗ്രഥനസമിതിയിലേക്ക് വിശിഷ്ട വ്യക്തി എന്ന നിലയിൽ നാമനിർദ്ദേശം ചെയ്തതും എത്ര വലിയ നേട്ടമാണ്. ആർഷഭാരതസംസ്ക്കാരം അതിന്റെ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് കഴിഞ്ഞ 67 സംവത്സരങ്ങളായി ഒരു പൂർണ്ണജനാധിപത്യ രാഷ്ട്രം എന്ന നിലയിൽ പുരോഗമിച്ചത് നാം അഭിമാനപൂർവ്വം കാണുന്നു. ബാവാ തിരുമേനിയുടെ പ്രത്യേകതകളും വ്യക്തിത്വമഹത്വവും നിലപാടുകളും ആർഷഭാരത സംസ്ക്കാരത്തെയും തനിമയെയും അഖണ്ഡതയേയും ഒരുപോലെ സ്വാധീനിച്ചിരിക്കുന്നു എന്നതാണല്ലോ ഈ നിയമനത്തിലൂടെ സമാദരണീയനായ പ്രധാനമന്ത്രി പ്രഖ്യാപിച്ചത്.

നവീകൃതമായ ഒരു സമൂഹത്തിനുവേണ്ടി ഒരു ഇടയശ്രേഷ്ഠൻ ഇതാ കടന്നു വരുന്നു. നമുക്കേവർക്കും ഈ വലിയ വിളിയിലും നിയോഗത്തിലും നമ്മുടെയും പങ്കുകൾ വഹിക്കാം. ഭാരതത്തിന്റെ ആത്മീക, ബൗദ്ധിക, സാംസ്ക്കാരിക, ജനാധിപത്യ മതേതര മൂല്യങ്ങൾ മുറുകെ പിടിച്ചുകൊണ്ട് നമ്മുടെ യാത്ര തുടരാം...

●

## ലെറ്റർ ടു ദ എഡിറ്റർ




2014 ജനുവരിയിൽ ഐക്യദീപം മാസികയിൽ പ്രസിദ്ധികരിച്ച വി. വള്ളിക്കാടിന്റെ 'വല്ലാത്ത ഒരു രാത്രി' എന്ന കവിത വളരെ മനോഹരമായിരുന്നു. വായനക്കാരനോടും സഹൃദയനോടും എന്തെങ്കിലുമൊക്കെ സംസാരിക്കാനുള്ള ഇത്തരം കവിതകൾ ഐക്യദീപത്തിൽ നിന്നും ഇനിയും പ്രതീക്ഷിക്കുന്നു. വള്ളിക്കാടിന് അഭിനന്ദനങ്ങൾ. മാസികയുടെ നിലവാരത്തിന് അനുയോജ്യമായ കൃതികൾ തിരഞ്ഞെടുക്കുന്ന എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ. അടുത്തിടയായി മാസികയുടെ രൂപരേഖ (Layout) മികവ് പുലർത്തുന്നുണ്ട്. പുതിയ പംക്തിയായ 'സീൻ ബൈ സീൻ' ഉം നിലവാരം പുലർത്തുന്നതാണ്. അമ്മമനസ്സ് എന്ന പംക്തിയിൽ വരച്ചിരിക്കുന്ന മാതാവിന്റെ ഫോട്ടോ മനോഹരമായിരിക്കുന്നു. നാളിതുവരെയായി അതു വരച്ച ആളിന്റെ പേര് കൊടുത്തിട്ടില്ല. തിരുവചനത്തിന്റെ പുനർവായനയായ പ്രബോധനം പഴയതിലും നല്ല ചിന്തകൾ നൽകുന്നുണ്ട്.

എല്ലാവർക്കും നന്മകളോടെ, വിനയത്തോടെ

***ജിനു കൊച്ചുപ്ലാമൂട്ടിൽ***

## വൈദികവസ്ത്രം സ്വീകരിച്ചു

തിരുവല്ലാ അതിരൂപതയിലെ വൈദിക വിദ്യാർത്ഥികളായ ബ്ര. മാത്യു ഈട്ടിക്കൽ (കൊച്ചുകാമാക്ഷി), ബ്ര. തോമസ് സൈമൺ കാഞ്ഞിരത്തിങ്കൽ(മുരിക്കടി), ബ്ര.സാമുവൽ ഒറ്റക്കല്ലിൽ (വെച്ചുച്ചിറ), ബ്ര. മാത്യു ജോസഫ് പറമ്പിൽ മേമുറിയിൽ(അയിരൂർ), ബ്ര. അബ്രഹാം പരിയാരത്തിൽ(അണക്കര), ബ്ര. അലക്സ് പീടികയിൽ(പൂഴിക്കുന്ന്), ബ്ര. മാത്യു പൊട്ടുകുളത്തിൽ(കത്തീഡ്രൽ), ബ്ര. അബ്രഹാം താനുവേലിൽ(തിരുമൂലപുരം).,ബ്ര. സ്റ്റാൻലി തെങ്ങുവേലിൽ (കോട്ടൂർ),ബ്ര. വർഗ്ഗീസ് വടക്കത്ര(തൃക്കോമല), ബ്ര. അബ്രഹാം വലിയ കുളത്തുങ്കൽ(മുക്കൂട്ടുതറ), ബ്ര. മാത്യു വെട്ടിയിൽ(പൂഴിക്കുന്ന്) എന്നിവർ അതിരൂപത ആർച്ചുബിഷപ്പ് അഭി. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ ഫെബ്രുവരി 15-ാം തീയതി സെന്റ്. ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വച്ച് വൈദിക വസ്ത്രം സ്വീകരിച്ചു.


**ഐക്യദീപം കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.**

# അനുതാപത്തിന്റെ വഴിയിലൂടെ



**"ജറുസലേം പുത്രിമാരേ, എന്നെ പ്രതി നിങ്ങൾ കരയേണ്ട നിങ്ങളെയും നിങ്ങളുടെ മക്കളെയും പ്രതി കരയുവിൻ" (ലൂക്കാ. 23:28)**

## അമ്മ മനസ്സ്




**സി. സോണിയ OSS**

**സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്, തിരുവല്ല അതിരൂപത**


കുരിശു മരണത്തിനു വിധിക്കപ്പെട്ട് കാൽവരിയിലേക്ക് ആനയിക്കപ്പെട്ടപ്പോൾ പീഡനങ്ങളും കുരിശിന്റെ ഭാരവും യേശുവിനെ തളർത്തി. പല പ്രാവശ്യം അവിടുന്ന് നിലത്തുവീണു. രണ്ടാം പ്രാവശ്യം വീണ് എഴുന്നേറ്റ് മുന്നോട്ട് നീങ്ങാൻ ശ്രമിക്കുമ്പോഴാണ് ഏതാനും ഭക്തസ്ത്രീകൾ വിലപിച്ചുകൊണ്ട് യേശുവിനെ സമീപിച്ചത്. കർത്താവിന്റെ പ്രതികരണം അസാധാരണമായിരുന്നു. "ജറുസലേം പുത്രിമാരേ, എന്നെ പ്രതി നിങ്ങൾ കരയേണ്ട, നിങ്ങളെയും നിങ്ങളുടെ മക്കളെയും ഓർത്ത് കരയുവിൻ".

ജറുസലേം പുത്രിമാരോടുള്ള യേശുവിന്റെ ഉപദേശം സ്ഥലകാലപരിധിക്കതീതമായി എല്ലാവരോടും, പ്രത്യേകിച്ച് മാതാപിതാക്കളോടുള്ള ആഹ്വാനമാണ്. തങ്ങളുടെ കുട്ടികളുടെ വളർച്ചയെക്കുറിച്ചും അവരുടെ ഭാവിയെക്കുറിച്ചും ചിന്തിക്കാത്ത മാതാപിതാക്കളുണ്ടോ? തങ്ങളാലാവും വിധം അവരുടെ വളർച്ചയിൽ ശ്രദ്ധിക്കുന്നവരാണ് ഏതൊരു മാതാവും പിതാവും. എന്നാൽ കുട്ടികളുടെ വളർച്ചയുടെ വഴിയിൽ പതിയിരിക്കുന്ന അപകടങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കാൻ മാതാപിതാക്കൾക്ക് കഴിയാതെ പോകുന്നു എന്നതാണ് സത്യം.

കുടുംബാംഗങ്ങൾ തമ്മിലുണ്ടായിരിക്കേണ്ട പരസ്പരമുള്ള കരുതൽ, ശ്രദ്ധ തുടങ്ങിയവ ഇന്ന് കുറഞ്ഞു വരുന്നു. കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളിൽനിന്നും കുടുംബത്തിൽനിന്നും ലഭിക്കേണ്ട സ്നേഹം, സുരക്ഷിതത്വം, അംഗീകാരം, പ്രോത്സാഹനം തുടങ്ങിയവ അന്യമായിക്കൊണ്ടിരിക്കുന്നു.

കുടുംബത്തിൽനിന്നും ലഭിക്കേണ്ടവ ലഭിക്കാതെ വരുമ്പോൾ കുടുംബാംഗങ്ങൾ പ്രത്യേകിച്ച് നമ്മുടെ കുഞ്ഞുങ്ങൾ അവയെ കുടുംബത്തിന് പുറത്ത് അന്വേഷിച്ചു പോകുന്നു. ഈ പോക്ക് തെറ്റായ സ്നേഹബന്ധങ്ങളിലേക്കും മദ്യത്തിലേക്കും മയക്കുമരുന്നു മാഫിയകളുടെ പിടിയിലേക്കും സാത്താൻ ആരാധനയിലേക്കുമൊക്കെ കുഞ്ഞുങ്ങളെ കൊണ്ടെത്തിക്കുന്നു.

കൂടാതെ ഇന്റർനെറ്റിന്റെ ദുരുപയോഗം ഇന്ന് കുടുംബങ്ങളിൽ വലിയ പ്രശ്നങ്ങളാണുണ്ടാക്കുന്നത്. ഇന്റർനെറ്റ് ചാറ്റിംഗിലൂടെ പരിചയപ്പെട്ട് തെറ്റായ ബന്ധങ്ങളിലെത്തിച്ചേരുന്ന കുട്ടികളുടെ എണ്ണം വർദ്ധിച്ചുവരിക

യാണ്. പല മാതാപിതാക്കൾക്കും അറിവില്ലാത്ത മേഖലയായതിനാൽ, കടിഞ്ഞാണിടാനാളില്ലാത്തതിനാൽ, കുട്ടികൾ പെട്ടെന്ന് തെറ്റിലേക്ക് വഴുതി വീഴുന്നു.

ആധുനിക ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത സെൽഫോണിന്റെ ഉപയോഗവും കുട്ടികളുടെ ജീവിതത്തിൽ വെല്ലുവിളി ഉയർത്തുന്നതാണ്. ഇന്ന് നാം പത്രമാധ്യമങ്ങളിലൂടെ കാണുന്ന ഭൂരിഭാഗം കേസുകളുടെയും വില്ലൻ മൊബൈൽ ഫോണാണ്. കൗമാരക്കാരായ മക്കൾക്ക് സ്നേഹത്തോടെ മൊബൈൽ ഫോണുകൾ സമ്മാനിക്കുന്ന മാതാപിതാക്കൾ അതിനു പിന്നിൽ പതിയിരിക്കുന്ന അപകടത്തെ മനസ്സിലാക്കാതെ പോകരുത്. കരകയറാനാവാതെ ഇത്തരം കുഴികളിൽ പതിക്കുന്ന കുഞ്ഞുങ്ങളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. ഒറ്റപ്പെട്ട തുരുത്തുകളായി കുടുംബങ്ങൾ മാറുമ്പോൾ കുഞ്ഞുങ്ങൾ എണ്ണ വറ്റിയ വിളക്കുകളുമായി പ്രകാശവും കർമ്മചൈതന്യവും നഷ്ടപ്പെട്ട് ഇരുട്ടിൽ തപ്പിത്തടയും. ഒരു കൂരയ്ക്കു കീഴിൽ അപരിചിതരായി മാതാപിതാക്കളും മക്കളും കഴിയേണ്ടി വരും.

നാശത്തിലേക്ക് നയിക്കുന്ന തിന്മകളെക്കുറിച്ചും അതിനുള്ള പ്രതിവിധിയെക്കുറിച്ചും കർത്താവ് സുവിശേഷത്തിൽ മുന്നറിയിപ്പ് നൽകുന്നുണ്ട്. "സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും ആ ദിവസം ഒരു കെണി പോലെ പെട്ടെന്ന് നിങ്ങളുടെ മേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. അതിനാൽ സംഭവിക്കാനിരിക്കുന്ന ഇവയിൽ നിന്ന് രക്ഷപെടാനും മനുഷ്യപുത്രന്റെ മുമ്പിൽ നിൽക്കുന്നതിന് യോഗ്യരാകാനും വേണ്ടി എപ്പോഴും ഉണർന്നിരുന്ന് പ്രാർത്ഥിക്കുവിൻ" (ലൂക്കാ. 21:34-36).

തിന്മയുടെ ശക്തിയാണ് ഈ ലോകത്തിൽ നാശം വിതയ്ക്കുന്നത്. ദൈവത്തിന്റെ കല്പനകൾ അനുസരിക്കാതെ നാം തിന്മയ്ക്കടിമപ്പെടുമ്പോൾ, മനുഷ്യകുലത്തിന്റെ പാപഭാരം ഏറ്റുവാങ്ങിയ തമ്പുരാന് മനുഷ്യന്റെ ആശ്വാസവാക്കുകൾ ആവശ്യമില്ല. മറിച്ച് നാം പാപമാർഗ്ഗങ്ങൾ ഉപേക്ഷിച്ച്, അനുതപിച്ച് നമ്മുടെ അടുത്ത തലമുറയിലെ കുഞ്ഞുങ്ങൾക്ക് ശരിയായ മാതൃക നൽകാൻ കടപ്പെട്ടവരാണ് എന്നുള്ള ബോദ്ധ്യം ഏറ്റെടുത്ത് മാതൃകാജീവിതം നയിക്കുകയാണ് വേണ്ടത്.

അതിനാൽ ഈ വലിയ നോമ്പുകാലത്തിലൂടെ കടന്നുപോകുമ്പോൾ, മാതാപിതാക്കളും മക്കളും യേശുവിന്റെ കുരിശിലേക്കു നോക്കി അവിടുത്തെ തിരുവിലാപിൽ നിന്നൊഴുകുന്ന തിരുരക്തത്താൽ കഴുകപ്പെടുവാൻ ആഗ്രഹിച്ച് പ്രാർത്ഥിക്കണം. കുരിശിലേക്ക് നോക്കുന്ന കുഞ്ഞുങ്ങളുടെ മുറിവുകൾ, നൊമ്പരങ്ങൾ, തിരുരക്തത്താൽ നനഞ്ഞ് സൗഖ്യപ്പെടണം. കുടുംബങ്ങളിൽ സ്നേഹം കിട്ടാത്ത കുഞ്ഞുങ്ങൾ കർത്താവിന്റെ കുരിശിലെ സ്നേഹം കണ്ട് ആ സ്നേഹത്തിലേക്ക് തിരിച്ചു വരണം. ●



# വഴികാട്ടി

അജുജോർജ് മുണ്ടപ്പള്ളി

ആദിപാപം പൂണ്ടു ഞാനീ മണ്ണിലൂടലഞ്ഞ നാൾ
ആദമിന്റെ ദൈവമെന്നെ തേടിയെത്തി മണ്ണിലും.
ആദിയുടെ നാഥനന്നു സീനായ്മലമുകളിൽ
അരുളിന്റെ കല്പനകൾ അഗ്നിയാലെഴുതി.
അലകടലിന്നോളമായ് അരികിലുണ്ടെന്നീശോ
അഴലിൻ തീരം തേടിയവൻ എത്തുമിന്നു നിശ്ചയം.
ആഴിയുടെ ആഴങ്ങളിൽ മുങ്ങിത്താഴും നേരം,
ആധിവേണ്ടാർദ്രമോടെ ചാരെയെത്തുമീശോ.
പാപഭാരം പേറി ഞാനീ പാരിനെ വെറുത്തനാൾ
പാരിലെന്റെ പാപം പേറി പാപിയായി മരിച്ചവൻ.
പുകയുന്നോരഗ്നിയായ് ഞാൻ വെന്തൊരുനാളിൽ
പതയുന്നസ്നേഹമായ് എന്നരികിലെത്തുമീശോ.
വീണ്ടെടുപ്പിൻ നാളിലെന്റെ പാപമെല്ലാംപോക്കി
വീണ്ടുമെന്നെചേർക്കുംതൻ നിത്യമായരാജ്യത്തിൽ.
സ്നേഹമാണ്, സത്യമാണ്, യേശുവെന്നനാമം
സഹനമാണ്, ദാനമാണ്, അവനിലേക്കു മാർഗ്ഗം.


## Matrimonial



മലങ്കര കത്തോലിക്ക യുവതി 23 വയസ്സ്, B.sc Nurse, 155 cm വെളുത്തനിറം. വിദേശത്തോ നാട്ടിലോ ജോലിയുള്ള മലങ്കര കത്തോലിക്ക യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹ ആലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 04692631671, 9496426136, 9446115806

മലങ്കര കത്തോലിക്കാ യുവതി (26/155) B.sc Nurse Riyadh University Hospital- ൽ ജോലി. ജൂൺ അവസാനം നാട്ടിൽ വരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0479 2428111

# മുടന്തൻ ന്യായങ്ങളെ വലിച്ചെറിയുക



**ബിനു കണ്ണന്താനം**
ട്രെയ്നർ & കൗൺസിലർ

ഇന്ന് നമ്മുടെ സമൂഹത്തിൽ എല്ലാ മേഖലകളിലും കണ്ടുവരുന്ന ഒരു മഹാ വിപത്താണ് മുടന്തൻ ന്യായീകരണങ്ങൾ. ഉദ്യോഗസ്ഥൻ തന്റെ മുമ്പിൽ വരുന്ന ഫയൽ മുടന്തൻ ന്യായം പറഞ്ഞ് മടക്കുന്നു, വിദ്യാർത്ഥികൾ അവരുടെ പരാജയത്തിനും , മദ്യപാനി അവന്റെ മദ്യ പാനത്തിനും കുടുംബനാഥനും കുടുംബനാഥയ്ക്കും എല്ലാമുണ്ട് മുട ന്തൻ ന്യായങ്ങൾ. ഒരു വ്യക്തിയെ ജീവിതത്തിൽ പിന്നോട്ടു നയിക്കുന്ന ഒരു പ്രധാന ഘടകമാണിത്. മുന്നിൽ വരുന്ന ഒരു ചെറിയ പ്രശ്നം മതി ഇവരുടെ യാത്ര മുടക്കാൻ. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും അതിജീവിച്ച് മുന്നേറുന്നവനു മാത്രമേ ജീവിതവിജയം ഉണ്ടാവുകയു ള്ളൂ. പ്രശ്നങ്ങൾ വരുമ്പോൾ അത് പറഞ്ഞ് പിന്നോട്ട് മാറുന്നവന് ഒരിക്കലും ജീവിതവിജയം ഉണ്ടാവുകയില്ല. ജീവിതം എന്നത് ഒരു വെല്ലുവിളിയാണ്. അത് പട്ടും പരവതാനിയും വിരിച്ചതല്ല. മറിച്ച കല്ലും മുള്ളും നിറഞ്ഞതാണെന്നുള്ള സത്യം മനസ്സിലാക്കണം. ആ വെല്ലു വിളികളെയും പ്രതിസന്ധികളെയും നേരിടുവാൻ നാം പ്രാപ്തരാവു കയും അവയെ സ്വാഗതം ചെയ്യുകയും വേണം. കാരണം ആ വെല്ലു വിളികൾ നമ്മെ കൂടുതൽ ബുദ്ധിമാനും കരുത്തനും കഴിവുള്ള വനുമാക്കും. തെറ്റു പറ്റിയാലോ എന്നുള്ള ആകുലത അരുത്. അതിൽ നിന്നും നമുക്ക് പാഠങ്ങൾ പഠിക്കുവാൻ സാധിക്കും. അത് നമ്മുടെ ലക്ഷ്യപ്രാപ്തിക്ക് പ്രയോജനപ്പെടും. ഒരു ലക്ഷ്യത്തിലെത്തുക എന്നു ള്ളത് മാത്രമായിരിക്കരുത് ജീവിതലക്ഷ്യം. ഒന്നിൽ നിന്ന് മറ്റൊന്നിലേ യ്ക്കുള്ള പ്രയാണമായിരിക്കണം ജീവിതം. ഇവിടെ കയറ്റങ്ങളും ഇറ ക്കങ്ങളുമെല്ലാം കാണും പ്രശ്നങ്ങൾ വരുമ്പോൾ അതിൽ നിന്ന് ഒളി ച്ചോടുന്ന ഒട്ടകപ്പക്ഷികളാകരുത്. പ്രശ്നങ്ങളിലേയ്ക്ക് ഇറങ്ങിച്ചെല്ലു ക. പ്രശ്നങ്ങളൊന്നും തന്നെ പ്രശ്നങ്ങളല്ല എന്നു മനസ്സിലാകും. ഏതു പ്രതിസന്ധിയുടെയും ആഴങ്ങളിലേയ്ക്ക് ഊളിയിട്ട് ചെന്നാൽ പ്രശ് നങ്ങളുടെ അടിത്തട്ടിലെവിടെയെങ്കിലും നിങ്ങൾക്ക് അനുകൂലമായ ഒരു ഘടകം കാണാതിരിക്കുകയില്ല. ആ മുത്തിനെ തേടിപ്പിടിക്കുവാൻ സാധിച്ചാൽ ഏതു പ്രതിസന്ധികളെയും നമുക്കനുകൂലമാക്കി മാറ്റി യെടുക്കുവാൻ സാധിക്കും. എതിരാളികളുടെ മുമ്പിൽ ചുവടു പിന്നോ ട്ടുവച്ചാൽ അവന്റെ വീര്യം നാലിരട്ടി വർദ്ധിക്കും. അതേ സമയം മുന്നോട്ടു കടന്നു ചെന്നാൽ അവനിലെ ഭീരുത്വം നാലിരട്ടിയായി വർദ്ധി ക്കും. മഞ്ഞ് പണ്ടെനിക്ക് അലർജിയായിരുന്നു. ആയുർവേദം ചെയ്തു, അലോപ്പതി ചെയ്തു, ഒരു രക്ഷയുമില്ല. മഞ്ഞ് അടിച്ചാൽ തുമ്മലോടു തുമ്മൽ. ഞാൻ തീരുമാനിച്ചു മഞ്ഞ് അടിച്ചാലുടൻ തുമ്മാനുള്ളതല്ല എന്റെ മൂക്ക്. ഞാൻ മഞ്ഞിലേയ്ക്ക് ഇറങ്ങി നിൽക്കുവാൻ തുടങ്ങി. ഏതാനും ദിവസംകൊണ്ട് മഞ്ഞ് എനിക്കലർജിയല്ലാതായി മാറി. ജീവി തത്തിലെ എല്ലാ പ്രശ്നങ്ങളും ഇതുപോലെയാണ്. പ്രശ്നങ്ങളും പ്രതി സന്ധികളും ജീവിതഭാഗമാണ്. ഇതിലൂടെ മാത്രമെ നമുക്ക് മുന്നേറു വാൻ സാധിക്കൂ. പ്രശ്നങ്ങളും പ്രതിസന്ധികളും എന്റെ മാത്രം തല വരയാണെന്നുള്ള ചിന്ത ഉപേക്ഷിക്കണം. കൊട്ടാരത്തിൽ ജനിച്ചാലും കുടിലിൽ ജനിച്ചാലും ഇത് ജീവിതഭാഗമാണ്. നിങ്ങളുടെ ഇന്നലെ കൾ എന്തുമാകട്ടെ അവിടെ നിങ്ങളെ വിഷമിപ്പിക്കുന്നതായി പല പ്രശ്നങ്ങളുമുണ്ടാകാം. അത് നിങ്ങളുടെ ഇന്നലെകൾക്ക് വിട്ടുകൊ ടുത്ത് ഇന്ന് ഒരു രണ്ടാം ജന്മം സ്വീകരിക്കുവാൻ നാം തയ്യാറാകണം. മാനസികമായും ശാരീരികമായും ആത്മീയമായും നിവർന്നു നിൽക്കാ ൻ പഠിക്കണം. ഞാൻ മറ്റൊരാളായിരുന്നുവെന്നു വിചാരിച്ചിട്ടു കാര്യ മില്ല. അത് അസാധ്യമാണ്. നമ്മുടെ ശക്തിദൗർബല്യങ്ങൾ തിരിച്ച റിഞ്ഞ് അതെങ്ങനെ ജീവിതവിജയത്തിനായി രൂപപ്പെടുത്തിയെടുക്കാം എന്നാവണം നമ്മുടെ ചിന്ത. ഒരു പരാജിതന്റെ ഏറ്റവും വലിയ ലക്ഷ ണമാണ് ന്യായീകരണങ്ങൾ. കള്ളുകുടി യനോട് കുടിയെപ്പറ്റി ചോദിച്ചാൽ അവന് പല ന്യായീകരണങ്ങളുമുണ്ടാകും. ഒന്നു കിൽ ഭാര്യയുടെ കുഴപ്പം അല്ലെങ്കിൽ മക്കളുടെയോ മാതാപിതാക്കളുടെയോ കുഴപ്പം കൊണ്ടാണ് എന്ന്,

ഒരിക്കൽ ഒരു ഇടവക വികാരി തന്റെ ഇടവകയിലുള്ള ഒരു ഭവനം സന്ദർശിച്ചു. അപ്പൻ മുഴുക്കുടിയൻ മൂത്തമകൻ അതിൽ വലിയ കുടിയൻ ഇള യവനാകട്ടെ സൽസ്വഭാവി. മദ്യം തൊടി ല്ല. ഇന്നത വിദ്യാസമ്പന്നനും ഉയർന്ന ഉദ്യോഗാർത്ഥിയും. ഇതിൽ മൂത്തമക നോട് വികാരി ചോദിച്ചു. മകനേ നീയെ ന്താണ് ഇങ്ങനെ മുഴുക്കുടിയനായി മാറി യത്. അതിന് അവൻ പറഞ്ഞ മറുപടി ഇതായിരുന്നു. എന്റെ കുഴപ്പമല്ല അച്ചാ എന്റെ അപ്പൻ കാരണമാണ് ഞാനി ങ്ങനെ കുടിയനായി മാറിയത്. ഞാൻ ജനിച്ചപ്പോൾ മുതൽ മുഴുക്കുടിയനായ അപ്പനെയാണ് കാണുന്നത്. അതുകൊ ണ്ടാണ് ഞാനിങ്ങനെയായത്. രണ്ടാ മത്തെ മകനോടു ചോദിച്ചു നീയെങ്ങ നെയാണ് മദ്യപാനിയല്ലാതായിത്തീർന്ന ത്. അച്ചാ, എന്റെ അപ്പനും ചേട്ടനും കാരണമാണ് ഞാനൊരു മദ്യപാനി അല്ലാ തായിത്തീർന്നത്. എന്റെ ഓർമ്മ വന്ന നാൾ മുതൽ മുക്കുടിയനായ അപ്പനെയും ചേട്ടനെയും ആണ് ഞാൻ കണ്ടു കൊണ്ടിരിക്കുന്നത്.അന്ന് ഞാൻ തീരുമാ നിച്ചു ജീവിതത്തിൽ ഒരിക്കലും മദ്യപി ക്കില്ലെന്ന്. ഇംഗ്ലീഷിലൊരു വാക്കുണ്ട് PROCRASTINATION. കാര്യങ്ങൾ പിന്ന ത്തേയ്ക്കു മാറ്റി വയ്ക്കുക എന്നാണ് ഈ വാക്കിന്റെ അർത്ഥം. ഒരു വ്യക്തിയുടെ ഏറ്റവും വലിയ ബലഹീനതയാണ് ഇത്.

"അന്നന്നു തുടങ്ങിയും അന്നന്നു മുടങ്ങിയും പിന്നെയുമതിൽ നിന്നാരംഭി ച്ചീടുന്നവൻ മൂഢൻ" എന്നാണ് മഹാഭാ രതം പഠിപ്പിക്കുന്നത്. ഇന്നു ചെയ്യേണ്ടത് ഇന്നു ചെയ്തിട്ട് നിങ്ങൾ ഉറങ്ങാൻ പോകൂ , ജീവിതവിജയം നിങ്ങളോ ടൊപ്പം ഉണ്ടാകും.

●

# നോമ്പും നോമ്പുകാലചൈതന്യവും
# വിശുദ്ധ ഗ്രന്ഥത്തിലും ആരാധനക്രമത്തിലും (15-ാം പേജ് തുടർച്ച)

യഥാർത്ഥത്തിൽ പാപം. ദൈവത്തിൽനിന്നും സഹോദരങ്ങളിൽനിന്നും അകന്നു നിൽക്കുന്നത് പാപമാണ്. കായേന്റെ തെറ്റ്, സ്വന്തം സഹോദരനുമായുള്ള കൂട്ടായ്മയിൽനിന്ന് അകന്നുപോയി എന്നതാണ്. ധൂർത്തപുത്രന്റെ തെറ്റ് അവന്റെ പിതാവുമായി, സഹോദരങ്ങളുമായി, കുടുംബവുമായി, പ്രിയപ്പെട്ടവരുമായി ഒക്കെയുള്ള ബന്ധത്തിൽനിന്ന് അകന്നു എന്നതാണ്.

മേൽപ്പറഞ്ഞ ചോദ്യങ്ങൾക്കെല്ലാം വ്യക്തിപരമായി നോമ്പുകാലത്ത് നാം ഉത്തരം കണ്ടുപിടിക്കേണ്ടതുണ്ട്. ഉത്തരം മോശമെങ്കിൽ, നോമ്പുകാലത്ത് നാം ചോദിക്കേണ്ട മറ്റൊരു ചോദ്യം, "അങ്ങനെയെങ്കിൽ ഞാൻ എന്തു ചെയ്യണം" എന്നാണ്. "ഞാൻ എന്തു ചെയ്യണം" എന്ന് ചോദിച്ചു തുടങ്ങുന്നിടത്ത് പശ്ചാത്താപത്തിന്റെയും അനുതാപത്തിന്റെയും വഴി ആരംഭിച്ചു. ആ വഴി നമ്മെക്കൊണ്ടു ചെന്നെത്തിക്കുന്നത് മാനസാന്തരത്തിലേക്കാണ്, മാറ്റത്തിലേക്കാണ്, ഒരു പുതുജീവിതത്തിലേക്കാണ്. ലൂക്കായുടെ സുവിശേഷം 3-ാം അധ്യായം 9-ാം വാക്യത്തിൽ സ്നാപക യോഹന്നാൻ പറയുന്നതായി നാം ഇപ്രകാരം കാണുന്നു "വൃക്ഷങ്ങളുടെ വേരിന് കോടാലി വയ്ക്കപ്പെട്ടിരിക്കുന്നു.... ഫലം തരാത്തത് വെട്ടിക്കളയും". ഫലം തരാത്തത് വെട്ടിക്കളയുമെന്നത് കേട്ടവർക്കെല്ലാം ഭയമായി. കേട്ടവരെല്ലാം വന്ന് സ്നാപകനോട് ചോദിക്കുന്നു. 'അങ്ങനെയെങ്കിൽ ഞങ്ങൾ എന്തുചെയ്യണം'?എല്ലാവരോടും സ്നാപകൻ ഒരു മറുപടിയെ പറയുന്നുള്ളൂ, "നിങ്ങൾ നല്ലവരാകുക, കൂടുതൽ നല്ലവരാകുക". ജനക്കൂട്ടത്തോട്, മറ്റുള്ളവരെ കൂടുതൽ കരുതുവാനും, ചുങ്കക്കാരോട്, അന്യായമായി പിരിച്ച് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാതിരിക്കാനും, പടയാളികളോട്, മാന്യമായി മറ്റുള്ളവരോട് പെരുമാറുവാനും സ്നാപകൻ ആവശ്യപ്പെടുന്നു.

നോമ്പുകാലം നാമും ദൈവത്തോട് ചോദിക്കണം, "ഞങ്ങൾ എന്തു ചെയ്യണം". ദൈവത്തിന് ഒരു മറുപടിയേ ഉള്ളൂ - "നല്ലവരാകണം, കൂടുതൽ നല്ലവരായി ജീവിക്കണം". ദൈവത്തിന്റെ രക്ഷ കാണുവാനുള്ള മാർഗ്ഗം അതാണ്. അതാണ് ലൂക്കായുടെ സുവിശേഷം 3: 4-6 ൽ കാണുക "കർത്താവിന് വഴിയൊരുക്കുവിൻ. അവന്റെ പാത നേരെയാക്കുവിൻ. താഴ്വരകൾ നിരത്തപ്പെടും. കുന്നും മലയും നിരത്തപ്പെടും. വളഞ്ഞ വഴികൾ നേരെയാക്കപ്പെടും. പരുപരുത്തവ മൃദുവാക്കപ്പെടും. അങ്ങനെ സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണുകയും ചെയ്യും". നോമ്പുകാലം കർത്താവിന് വഴിയൊരുക്കുവാൻ, നമ്മുടെ ജീവിതത്തിന്റെ വളഞ്ഞ വഴികൾ നേരെയാക്കുവാൻ, പാപബന്ധനങ്ങളാകുന്ന കുന്നും മലയും താഴ്‌വാരങ്ങളും നികത്തുവാനുള്ള സമയമാണ്. അതേ, അതാണ് ദൈവത്തിന്റെ രക്ഷ കാണുവാനുള്ള മാർഗ്ഗം.

## നോമ്പുകാലം തിരിച്ചുവരവിന്റെ അനുഭവം


നോമ്പുകാലം മടങ്ങിവരവിന്റെ സന്ദേശമാണ് നമുക്കു നൽകുക. അതൊരു മടക്കയാത്രയുടെ സമയവും, തിരിച്ചുവരവിന്റെ അവസരവുമാണ്. ഹോസിയാ 14:1 ൽ ഇപ്രകാരം കാണുന്നു: "ഇസ്രായേൽ, നിന്റെ ദൈവമായ കർത്താവിങ്കലേക്ക് തിരിച്ചു വരുക. നിന്റെ അകൃത്യങ്ങൾ മൂലമാണ് നിനക്ക് കാലിടറിയത്. കുറ്റം ഏറ്റുപറഞ്ഞ് കർത്താവിന്റെ അടുക്കലേയ്ക്ക് തിരിച്ചുവരുക". തിന്മയുടെ പന്നിക്കൂട്ടിൽ കിടന്നപ്പോൾ ധൂർത്തപുത്രന് സുബോധമുണ്ടായെന്ന് വി. ഗ്രന്ഥം പറയുന്നു (ലൂക്കാ. 15:18). ദൈവത്തെ തിരിച്ചറിയുവാൻ സുബോധമുണ്ടാകേണ്ട കാലമാണ് നോമ്പുകാലം. നോമ്പ് ഒരു മടക്കയാത്രയിലേക്ക് നമ്മെ നിർബന്ധിക്കുന്നു.

നോമ്പുകാലം ചികിത്സയുടെ കാലമാണ് - ദൈവേഷ്ടത്തോട് അനുരൂപപ്പെടാനുള്ള ചികിത്സയുടെ കാലം. മുറിക്കപ്പെട്ട ബന്ധം വിളക്കിയെടുക്കാൻ, അകന്നുപോയ ബന്ധം അടുപ്പിക്കാനുള്ള ചികിത്സയുടെ സമയം. ദൈവവും മനുഷ്യനുമായുള്ള ബന്ധം കൂടുതൽ ദൃഢമാക്കുവാനും ശക്തമാക്കുവാനുമുള്ള സമയം. ജീവിതത്തിലെ കുറവുകൾ കണ്ടുപിടിക്കുവാനുള്ള സമയമാണ് നോമ്പുകാലം. നല്ല വിശ്വാസിയാകാൻ, ദൈവത്തോടടുക്കാൻ, നല്ല ബന്ധത്തിൽ വളരാൻ എന്നിലെ കുറവെന്താണെന്ന് കണ്ടുപിടിക്കാനുള്ള സമയം. പ്രത്യക്ഷത്തിൽ, കുറവൊന്നുമില്ല, എല്ലാം നന്നായി പോകുന്നുവെന്ന് കരുതിയേക്കാം. അത്തിമരത്തിൽ ഇലകൾ നിറഞ്ഞു നിന്നപ്പോഴും, അതിനിടയിൽ ഫലമുണ്ടോ എന്നാണ് യേശു അന്വേഷിച്ചത് (മത്താ. 21:19). ജീവിതത്തിൽ ധാരാളം തളിർത്ത ഇലകൾ ഉണ്ടാകാം, പക്ഷേ ഫലമുണ്ടോ? അതാണ് നോമ്പുകാലത്തെ ചോദ്യം.

കുറവുള്ളതിനെ നിറവായി മാറ്റുവാൻ ദൈവത്തിനു സാധിക്കും. പക്ഷേ അതിന് നമ്മുടെ പരിശ്രമവും ആവശ്യമാണ്. കാനായിലെ കല്ല്യാണവിരുന്നിൽ വീഞ്ഞു സമൃദ്ധമായത് കൽഭരണികളിൽ വെള്ളം നിറയ്ക്കാൻ അവർ തയ്യാറായപ്പോഴാണ്. മീൻ സമൃദ്ധമായത് വലതുവശം മാറ്റി വലയിട്ടപ്പോഴാണ്. അപ്പം സമൃദ്ധമായത് ഉള്ളത് കൊണ്ട് കൊടുത്തപ്പോഴാണ്. ജീവിതത്തിൽ അത്ഭുതം കാണണമെങ്കിൽ നാം കൂടി ദൈവത്തോട് സഹകരിക്കണം. ഒരു അത്ഭുതമെന്നത്, ദൈവത്തിന്റെ ഇടപെടലും നമ്മുടെ പരിശ്രമവുംകൂടി ചേരുമ്പോഴാണ്.

നോമ്പ് ആത്മാവിനെ വെടിപ്പാക്കുന്ന പ്രക്രിയയാണ്. പഴയതിൽനിന്ന് പുതിയ ജീവിതത്തിലേയ്ക്കുള്ള പ്രയാണമാണത്. "നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്ന് രൂപം കൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിയുവിൻ..... പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ (എഫേ. 4:22-24). ധൂർത്തപുത്രനെപ്പോലെ, സക്കേവൂസിനെപ്പോലെ, പാപിനിയായ സ്ത്രീയെപ്പോലെ, യഥാർത്ഥ മനുഷ്യത്വത്തിലേക്കുള്ള മടങ്ങിവരവ്. അവരെല്ലാം മടങ്ങിവരണമെന്ന് ആഗ്രഹിച്ചവരാണ്. നോമ്പുകാലം ജീവിതത്തിൽ കൈമോശം വന്നതിനെ തിരിച്ചുപിടിക്കുവാനുള്ള സമയമാണ്. നടന്നകന്നുപോയ നാശത്തിന്റെ പാത വിടാനുള്ള സമയമാണ്. സക്കേവൂസിന്റെ ജീവിതത്തിലേയ്ക്കു വരുന്ന യേശുവിന് സക്കേവൂസ് വിഭവ സമൃദ്ധമായ ഒരു വിരുന്ന് വീട്ടിൽ ഒരുക്കിയപ്പോൾ, യേശു സക്കേവൂസിനും ഒരു വലിയ വിരുന്നൊരുക്കി - രക്ഷയുടെ വിരുന്ന്. യേശു പറയുന്നു "ഇന്ന് ഈ ഭവനത്തിന് രക്ഷ കൈവന്നിരിക്കുന്നു" (ലൂക്കാ 19:9). നോമ്പുകാലം രക്ഷയുടെ വിരുന്ന് അനുഭവിക്കുവാനുമുള്ള സമയമാണ്.

●




# CBCI XXXI PLENARY ASSEMBLY, February 05 – 12, 2014 – FINAL STATEMENT

## Renewed Church for a Renewed Society – Responding to the Call of Vatican II

1. We, the 187 member-bishops of the Catholic Bishops' Conference of India (CBCI), came together at the Alphonsian Pastoral Institute, Palai in Kerala, the place sanctified by St. Alphonsa, from February 5 -12, 2014, for the 31st Plenary Assembly. In continuation of the 30th Plenary Assembly's theme, Role of the Church for a Better India, the Bishops deliberated, under the guidance of the Holy Spirit, on the theme: "**Renewed Church for a Renewed Society - Responding to the Call of Vatican II**". On the 50th anniversary of the Second Vatican Council (1962-1965), the CBCI Plenary Assembly reflected on this theme in the light of the Second Vatican Council documents in order to draw inspiration for her future course of life and ministry. We took into account the reflections of the Catholic Council of India which studied the same theme at its December 2013 annual meeting in Varanasi.

2. We first recalled the Church's self-understanding, enshrined in the Constitution on the Church, *Lumen Gentium*, as the pilgrim People of God, a community rooted in a deep experience of the Trinitarian God in Christ Jesus. *Ad Gentes*, reminds us that the Church is a community with a mission to evangelize, to proclaim the good news of Jesus to all, a mission entrusted to her by Jesus and the Spirit. The Church exercises her mission in a world marked by a tremendous imbalance: a few very rich and the vast majority poor struggling to eke out a living. The Document on the Church in the Modern World, *Gaudium et Spes* impels the members of the Church to an involvement in the struggles of suffering humanity based on the principles of respect for the human person, solidarity



**Fr. Joseph Chinnayyan**
Deputy Secretary General & Spokesperson, CBCI




and effective social dialogue to bridge the gap between the rich and the poor. Finally, the Council document on the Laity, *Apostolicam Actuositatem* points out that the lay faithful, who form the vast majority in this People of God, have a specific role in society – that of penetrating and perfecting the temporal order in the spirit of the Gospel.

3. When we look at our country, we see corruption plaguing every sphere of society. In such a scenario, Church institutions must be an example of transparency and probity. Another phenomenon is that of internal migration which, while opening opportunities to people, has torn the cultural and religious moorings that sustained them. Globalization too has brought in its wake problems like prolonged working hours which have disrupted family life. We witness the trend to fundamentalism which seeks to dilute the secular character of our nation. Against this trend, we stand by the values upheld by the Indian Constitution and appeal to governments to respect these values.

4. The Church in India has tried to live up to the vision of Vatican II. Several people have been led to a deep experience of God through reading the Word of God, through the traditional practices of piety and through the Charismatic Movement. In many places Small Christian Communities, rooted in the Word and Eucharist have been established. "These communities are a sign of vitality within the Church, an instrument of formation and evangelization, and a solid starting point for a new society based on a 'civilization of love'" (*Redemptoris Missio*, 51). The Church has worked for the uplift of the downtrodden. She has been appreciated for the way she has responded immediately to natural calamities, for her unbiased outreach to the needy and vulnerable sections of society. Participatory structures have been established in several regions, dioceses and parishes. The 2010 CBCI Gender Policy has been hailed as a step in the right direction. Youth have experienced empowerment through training programs and services.

5. However, there is still need for improvement. The reflections of the Plenary Assembly centred chiefly on **seven** areas:

5.i. **Fostering God Experience**: What is needed is a deep experience of the Trinitarian God drawing on the treasures of the Church especially the Word and Sacraments. For this, our liturgies have to be well prepared, participative and meaningful. Hence, we have decided to initiate a renewal in the celebration of the liturgy so that it becomes an effective means for Christ-centred God experience. We bishops have to be ourselves Spirit-filled men of God, giving priority to prayer and to the Word of God, and helping our clergy and lay faithful to become aware of God's presence and activity in their lives. The God experience will lead to an inner conversion made visible in the simplicity of our lives, in our attitude of love, compassion and forgiveness. Following the example of Pope Francis, we will live a genuinely simple, humble, welcoming and outgoing life reaching out to all people. We will so orient the formation of future priests and religious that they enter the ministry with an attitude of humility, ready to serve the poor and marginalized of society.

5.ii. **Addressing justice issues**: The experience of God will lead us to involvement in and solidarity with the marginalized and the exploited, those suffering from disabilities, those living in the peripheries of economic, cultural and social spheres. We will speak out against all forms of injustice meted out to them and we will defend their rights. We listened to the call of Pope Francis urging us to "work to eliminate the structural causes of poverty and to promote the integral development of the poor." (*Evangelii Gaudium*, no. 188). We want the Church to be truly a Church of the Poor. We reaffirm our solidarity with the Dalits in India who continue to be oppressed. The CBCI

reiterates its resolve to struggle for equal rights of Dalit Christians on par with their counterparts in other religions. We will continue the fight against the 1950 Presidential Order, which unjustly discriminates against Dalit Christians and we demand that the Government remove this 64 year injustice. Justice delayed is justice denied. We also commit ourselves to rooting out all forms of discrimination within the Church and ensuring equal opportunities in leadership roles for Dalit Christians.

5.iii. **Ensuring for our lay faithful their rightful place**: Recognizing the God-given talents and potentialities of the lay faithful, we will, in the first place, listen more to their voice. Hence, we commit ourselves to establish Pastoral Councils in every diocese. We realize that formation of the lay faithful is the need of the hour. To this end, we commit ourselves, as a priority, to initiate programmes for lay formation to equip them to play their role in the Church and society.


5.iv. **Stamping out Discrimination against Women**. We commit ourselves to strive for the equal dignity of and equal opportunities for women, providing especially equal opportunities for the education of the girl child. We wholeheartedly support the campaign against female foeticide and domestic violence. In the face of increasing sexual abuse and violence in Indian society, we will do all in our power to enforce discipline so as to ensure a secure environment in our institutions for women and children.

5.v.. **Creating a Christian presence in political and public life**. We depend in a special way on our youth, the future leaders of the Church and society. As bishops we realize much more needs to be done for them. We want to embark on intensive programmes for them to enter into the mainstream of public life so as to ensure value-based politics. Hence, we request every region to set up, wherever possible, training centres to prepare the youth for leadership roles in civic and political life.

5.vi. **Promoting Dialogue**. India is home to a rich variety of ancient cultures and religions. The Church in India has to be a Church in dialogue. We urge our lay faithful to engage in the "dialogue of life", mingling with our brothers and sisters of other religious traditions, greeting them on their feast days and being with them in life's vulnerable moments such as sickness and death. Besides strengthening the already existing Small Christian Communities, we will seek to establish Basic Human Communities which would be a powerful means for communal peace and harmony.

5.vii. **Safeguarding Ecology**. The Bishops re-affirm their commitment to the protection of nature. We stand for sustainable development of peoples and human ecology. The CBCI Plenary Assembly shares the apprehensions of people living in the Western Ghats and in the areas affected by the 2011 Notification of the Ministry of Environment on the Coastal Regulation Zone. We appeal to the Union Government to protect the civic rights of the inhabitants in areas adversely affected by the proposals of the Madhav Gadgil and Kasturirangan Reports. The CBCI also shares the similar concerns of the tribal population in Chhattisgarh, Odisha, Madhya Pradesh and Jharkhand fast coming under mining projects.


6. The road ahead of us is challenging. But we count on the presence of the Risen Lord who, through the power of His Spirit, "makes all things new" (Rev. 21:5). All renewal is always the work of the Spirit. We place our efforts at renewing the Church in view of renewing society in the hands of Mary, our Mother, the Star of Evangelization. ●

**ഉദ്ദിഷ്ട കാര്യത്തിന്**
**ഉപകാര സ്മരണ**


മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്ത ദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യ കാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഏലിയാമ്മ അയിരൂർ**



**ഉപകാര സ്മരണ**

**ഒരു വിശ്വാസി**
**ആറ്ററികം**



# പ്രബോധനം

തിരുവചനത്തിന്റെ പുനർവായന

മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...

## മാർച്ച് 2 ഞായർ – കൊത്തിനെ ഞായർ, വലിയനോമ്പിലെ ഒന്നാം ഞായർ

**റോമ 12:16 – 21, യോഹ. 2:1 – 11**

മനുഷ്യചരിത്രം ആരംഭിക്കുന്നതുതന്നെ ദൈവമക്കളുടെ വിവാഹ ആഘോഷങ്ങളോടുകൂടിയായിരുന്നു. ഈ പ്രപഞ്ചവും അതിന്റെ സമൃദ്ധിയും സൗന്ദര്യവും സമ്പത്തുമെല്ലാം പിതാവായ ദൈവം തന്റെ മക്കളായ ആദത്തിനും ഹവ്വയ്ക്കും നൽകിയ വിവാഹസമ്മാനമത്രേ. ദൈവപുത്രൻ തന്റെ രക്ഷാകര പ്രവർത്തനങ്ങളുടെ അരങ്ങേറ്റം കുറിച്ചതും ഒരു വിവാഹ സമ്മേളനത്തിൽ ആയിരുന്നു എന്ന് സുവിശേഷകനായ യോഹന്നാൻ രേഖപ്പെടുത്തിയിരിക്കുന്നു. സ്വർഗ്ഗരാജ്യത്തെത്തന്നെ ഒരു വിവാഹ വിരുന്നിനോട് സാദൃശ്യപ്പെടുത്താറുണ്ടല്ലോ. എല്ലാറ്റിലുമൊടുവിൽ നീതിമാന്മാർ എത്തിച്ചേരുന്നത് കുഞ്ഞാടിന്റെ വിവാഹവിരുന്നിലാണല്ലോ (വെളി.19:9). ക്രിസ്തീയകൂട്ടായ്മയുടെ സവിശേഷതയായി കണക്കാക്കാവുന്ന കാര്യം ഒരുക്കമുള്ള മനസ്സാണ്. സന്തോഷിക്കുവാനും സന്തോഷിപ്പിക്കുവാനും സന്നദ്ധതയുള്ള മനസ്സ്; സഹകരിക്കുവാനും പങ്കുവയ്ക്കുവാനും ഒരുക്കമുള്ള മനസ്സ്; കുറവുകൾ കണ്ടറിഞ്ഞ് അവ നികത്തുവാനുള്ള മനസ്സ്; തിരുസഭ വലിയ നോമ്പിലേക്കു പ്രവേശിക്കുന്നതുതന്നെ ഇപ്രകാരമുള്ള മനസ്സൊരുക്കം പ്രാപിക്കുന്നതിനുവേണ്ടിയാണ്.

ഈശോയെ ഒരു ജാലവിദ്യക്കാരനായോ ചെപ്പടിവേലകൊണ്ട് കാഴ്ചക്കാരെ അത്ഭുതപ്പെടുത്തുന്നവനായോ ചിത്രീകരിക്കുക എന്നതായിരുന്നില്ല യോഹന്നാന്റെ ലക്ഷ്യമെന്ന് തിരിച്ചറിയാൻ ഉപകരിക്കുന്ന ധാരാളം സൂചനകൾകൊണ്ടു നിറഞ്ഞതാണ് കാനായിലെ സംഭവ വിവരണം. ഓരോന്നായി പരിശോധിക്കുമ്പോൾ ആ സൂചനകളെല്ലാം നമ്മെ അത്ഭുതപരതന്ത്രരാക്കുംവിധം അർത്ഥസംപുഷ്ടമാണെന്നു കാണാൻ കഴിയും.

2. 'മൂന്നാം ദിവസം' വെറും തീയതി മാത്രമല്ല നമ്മുടെ ഓർമ്മയിൽ കൊണ്ടുവരുന്നത്. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിയുടെ വിവരണം നമ്മെ ഓർമ്മിപ്പിക്കുകയും ഒരു രണ്ടാം സൃഷ്ടി നടക്കുന്നു എന്ന സൂചന നൽകുകയും ചെയ്യുന്നു. ബാലനായ ഈശോയെ കാണാതായതിനുശേഷം മാതാപിതാക്കൾ അവനെ ദേവാലയത്തിൽ കണ്ടെത്തിയത് മൂന്നാം ദിവസമായിരുന്നല്ലോ. സർവ്വോപരി ക്രൂശിതനായി മരിച്ച ഈശോ ഉത്ഥാനം ചെയ്ത് തന്റെ മഹത്വം പ്രകടമാക്കിയ മഹാസംഭവം നടന്നത് മൂന്നാം ദിവസമായിരുന്നല്ലോ.

3. 'ഈശോയുടെ അമ്മ' എന്ന സ്ഥാനപ്പേരിനാൽ മാത്രമേ യോഹന്നാൻ മറിയത്തെക്കുറിച്ചു പരാമർശിക്കുന്നുള്ളൂ. തുടക്കത്തിലും ഒടുക്കത്തിലും ആ അമ്മയുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും ചെയ്യുന്നു (19:25).

4. തക്കതായ കാരണമില്ലാതെ ഈശോയെപ്പോലൊരു ദൈവപൈതൽ അമ്മയെ 'സ്ത്രീ' എന്ന് സംബോധന ചെയ്യുമെന്ന് കരുതാൻ വയ്യ. ഇവിടെയാണ് മറിയം ആദിമാതാവായ ഹവ്വായ്ക്കു പകരം നിൽക്കുന്നതും ഉല്പത്തി 3:15–ലെ ശാപമുക്തി ഈശോയിൽ സഫലമായി എന്ന് വെളിപ്പെടുത്തുന്നതും.

5. 'അവർക്കു വീഞ്ഞില്ല' – കുടിയന്മാരെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണീ വാർത്ത. പക്ഷേ മറിയത്തെപ്പോലെ ഭക്തയായ ഒരു സ്ത്രീരത്നത്തിന് ഏറെ സന്തോഷം നൽകേണ്ട കാര്യമാണല്ലോ ലഹരി പദാർത്ഥങ്ങളുടെ കുറവോ അഭാവമോ. ഇവിടെ ദൈവമാതാവ് സൂചിപ്പിക്കുന്നത്, ദൈവാത്മാവ് ഒരുവന്റെ ഉള്ളിലാകുമ്പോഴുണ്ടാകുന്ന ഉത്സാഹത്തെക്കുറിച്ചാണ്. 'Enthusiasm' എന്ന പദത്തിന്റെ വാച്യാർത്ഥം അതാണ്. വെളിപാടു പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതുപോലെ 'നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു' (2:4). തുടക്കത്തിൽ കാണിക്കുന്ന ഉത്സാഹവും ആവേശവും സ്നേഹവായ്പും ഒരു ലഹരിയോടുപമിക്കാം. മനുഷ്യന്റെ വിശുദ്ധീകരണ പ്രക്രിയയിൽ ഇസ്രായേലിനു സംഭവിച്ച വരൾച്ചയ്ക്ക് പ്രതിവിധി തേടിയാണ് മറിയം ഈശോയെ സമീപിക്കുന്നത്.

6. 'എന്റെ സമയം ഇനിയും ആയിട്ടില്ല' (2:4) – അത്ഭുത പ്രവൃത്തികളിലൂടെ പേരും പ്രശസ്തിയും അധികാരവും നേടിയെടുത്ത് മഹത്വം പ്രാപിക്കുകയല്ല ഈശോയുടെ മാർഗ്ഗം. സഹനത്തിലൂടെ മാത്രമേ നിലനിൽക്കുന്ന വിജയം നേടാൻ കഴിയൂ. തന്നെ അനുഗമിക്കുന്നവർക്കുണ്ടാകാനിരിക്കുന്ന അളവില്ലാത്ത ആനന്ദവും അതിലേക്ക് നമ്മെ നയിക്കുന്ന കുരിശിന്റെ പാതയുമെല്ലാം സൂചിപ്പിക്കാൻ ഈ സംഭവം മുഖാന്തിരമായി.

7. ഈശോയുടെ രക്ഷണീയ വ്യാപാരത്തിൽ മറിയത്തിന് ചെറുതല്ലാത്ത ഒരു പങ്കാളിത്തമുണ്ടെന്ന് കാണിക്കാൻ സുവിശേഷകൻ താല്പര്യപ്പെടുന്നുണ്ട്. തുടക്കത്തിൽ മാത്രമല്ല ഒടുക്കത്തിലും മറിയം എന്ന സ്ത്രീയുടെ സാന്നിദ്ധ്യം സ്പഷ്ടമാക്കുന്നത് മറ്റൊന്നുമല്ല. ഇല്ലായ്മകളെ മുൻകൂട്ടി കണ്ടറിഞ്ഞ് സഹായിക്കാൻ മറിയം കാട്ടുന്ന താല്പര്യം ഏതൊരു ക്രിസ്തീയശിഷ്യനും അനുകരണീയമായ മാതൃകയാണ്.

8. പഴയ നിയമത്തിലെ ശുദ്ധീകരണ പ്രക്രിയകളും ക്ഷാളനങ്ങളുമെല്ലാം വേണ്ടവതന്നെ എന്നുവരികിലും അവയുടെ അപര്യാപ്തത സൂചിപ്പിക്കാനാണ് അപൂർണ്ണ സംഖ്യയായ 6 കൽഭരണികൾ എന്ന് സൂചിപ്പിച്ചിരിക്കുന്നത്.

9. 'അവൻ പറയുന്നതുപോലെ ചെയ്യുവിൻ'– അവൻ പറയുന്നത് ഏറ്റു പറയാനല്ല, ചെയ്യാനാണ് മറിയം നിർദ്ദേ

ശിക്കുന്ന്. യേശുവിന്റെ നിർദ്ദേശങ്ങൾ വാചകത്തിൽ പ്രയോഗിക്കാനല്ല, ജീവിതത്തിൽ പ്രയോഗിക്കാനാണ് മറിയം നമ്മോടാവശ്യപ്പെടുന്നത്.

10. വിശുദ്ധന്മാരുടെ മാദ്ധ്യസ്ഥം സഭ എന്നും വിലമതിച്ചിരുന്നു. അവർ നമ്മുടെ പ്രശ്നങ്ങൾ ദൈവസന്നിധിയിൽ സമർപ്പിക്കുക മാത്രമല്ല, ദൈവഹിതം നിറവേറ്റാൻ നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

*ഫാ. ഏബ്രഹാം കാടമല*

## മാർച്ച് 9 വലിയനോമ്പിലെ രണ്ടാം ഞായർ
## ഗർബോ ഞായർ തിതോസ് 2: 1 – 10, മർക്കോ 1:40 – 45
## സൗഖ്യവും വിശ്വാസവും

വി.ഗ്രന്ഥത്തിൽ പല സ്ഥലങ്ങളിലും കർത്താവിന്റെ അത്ഭുതങ്ങൾ വിശ്വാസവുമായി ബന്ധപ്പെട്ടിരിക്കുന്നതായി കാണാം– "അവരുടെ വിശ്വാസം കണ്ട്", "നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു", "വിശ്വസിച്ചാൽ നീ ദൈവമഹത്വം ദർശിക്കും"– എന്നാൽ കുഷ്ഠരോഗിയെ സുഖപ്പെടുത്തുന്ന അവസരത്തിൽ അവന്റെ വിശ്വാസമല്ല മറിച്ച് ദൈവത്തിന്റെ നിസ്സീമമായ കരുണയാണ് ആധാരം. നമ്മുടെ ജീവിതത്തിൽ അത്ഭുതങ്ങളും സൗഖ്യങ്ങളും ഉണ്ടാവുന്നത് നമ്മുടെ വിശ്വാസത്തിന്റെ പ്രതിഫലത്തെക്കാളുപരി ദൈവത്തിന്റെ കരുണസ്പർശത്താലാണ്. ദൈവത്തിന്റെ കരുണസ്പർശനം ലഭിച്ച പലരിലും ഒളിഞ്ഞു കിടക്കുന്ന ഒരു അപകടം ഇവിടെയുമുണ്ട്. ദൈവീകസൗഖ്യത്താൽ തന്നെ വിശ്വാസജീവിതത്തിന്റെ ഔന്നത്യത്തിലേക്ക് താൻ ഉയർത്തപ്പെട്ടു എന്ന തെറ്റിധാരണയാൽ ആത്മീയതയുടെ ബാലപാഠങ്ങൾ അവഗണിക്കുന്ന പലരും ഇതിന് ഉദാഹരണമാണ്. തന്നോട് എന്ത് ആവശ്യപ്പെടുന്നു എന്നു കേൾക്കുവാനുള്ള മനസ്സോ കാത്തിരിക്കുവാനുള്ള ക്ഷമയോ അവനില്ല ശാരീരികമായി സൗഖ്യം ലഭിച്ചു എന്നത് ആത്മീയമായി സൗഖ്യപ്പെട്ടു എന്നതിന്റെ തെളിവല്ല, മറിച്ച് ആത്മീയ സൗഖ്യത്തിന്റെ ആവശ്യകതയും അത് നമ്മുടെ മാത്രം തീരുമാനത്താലെ സാധ്യമാവൂ എന്ന തിരിച്ചറിവും സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

### സാക്ഷ്യവും സുവിശേഷവും

ശിഷ്യന്റെ സാക്ഷ്യമാണ് സുവിശേഷം. അവൻ കണ്ടതിനെ സാക്ഷ്യപ്പെടുത്തുന്നു(യോഹ 21:24). എന്നാൽ എല്ലാ സാക്ഷ്യവും സുവിശേഷമാകുന്നില്ല. ദൈവത്താൽ നിയോഗിക്കപ്പെട്ടവൻ (ലൂക്ക 1:4) അവിടുന്ന് പ്രഘോഷിക്കപ്പെടുവാൻ തീരുമാനിക്കുന്ന കാര്യങ്ങൾ (മർക്കോ 14:9) സാക്ഷ്യപ്പെടുത്തുമ്പോൾ മാത്രമേ അത് സുവിശേഷമാകുകയുള്ളൂ. ഇവിടെ സൗഖ്യം ലഭിച്ചവനെ ആരോടും ഒന്നും സംസാരിക്കരുത് എന്ന കർശനമായി താക്കിതു നൽകിയ ശേഷം ജനങ്ങളുടെ സാക്ഷ്യത്തിനായി മോശയുടെ നിയമം അനുസരിക്കാൻ ആവശ്യപ്പെടുകയാണ്. അദൃശ്യമായ കൃപാവരങ്ങളുടെ സ്വീകരണത്തിന് ദൃശ്യമായ അടയാളങ്ങളുടെ പ്രസക്തി എത്ര മാത്രമാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. എന്നാൽ ഇവിടെ അവൻ കർത്താവ് കൽപിച്ചത് അനുസരിക്കുന്നതിനു പകരം തന്നെതന്നെ ഒരു 'സ്വയം പ്രേരിത സുവിശേഷകൻ' ആക്കുകയും ചെയ്യുന്നു. അവന്റെ സാക്ഷ്യം വിശ്വാസ വളർച്ചയ്ക്ക് ഉതകുന്നതായല്ല; കർത്താവിന്റെ വഴികൾക്ക് തടസ്സമായി തീരുന്നതായാണ് കാണുന്നത്. എന്തുപറയണം എന്നു നമ്മെ പ്രേരിപ്പിക്കുന്ന പരിശുദ്ധാത്മാവിന്റെ അഭാവം, ദൈവീക വചനങ്ങളോടുള്ള പൂർണ്ണമായ വിധേയത്വമില്ലായ്മ, മോശയുടെ കൽപ്പനകൾക്കും ശുദ്ധീകരണ കാഴ്ചകൾക്കും സമാനമായ സഭാജീവിതത്തോടുള്ള വിരക്തി, തുടങ്ങിയവയിൽ ആയിരിക്കുന്നവനെ ലഭിക്കുന്ന ശാരീരിക സൗഖ്യം ഒരു ആത്മീയമാറ്റത്തിന് വഴിയൊരുക്കുന്നില്ലായെങ്കിൽ അത് അതിന്റെ ഏഴിരട്ടി അപകടാവസ്ഥയിൽ അവന്റെ ആത്മാവിനെ ബാധിക്കുകയും അവന്റെ ജീവിതം ദുരിതപൂർണ്ണമാകുകയും ദൈവിക വഴികളിൽ എതിർ സാക്ഷ്യമായിത്തീരുകയും ചെയ്യും.

*ഫാ. തോമസ് പയ്യംപള്ളിൽ*

## മാർച്ച് 16. മ്ശറിയോ ഞായർ
## വലിയനോമ്പിലെ മൂന്നാം ഞായർ
## റോമാ. 6:15 – 23, മത്താ 9:1 – 8

സമാന്തര സുവിശേഷകരിൽ ഏറ്റവും ചുരുക്കമായി തളർവാതരോഗിയെ നമ്മുടെ കർത്താവ് സുഖപ്പെടുത്തിയ സംഭവം എഴുതിയിരിക്കുന്നത് വിശുദ്ധ മത്തായിശ്ലീഹാ ആണ്. ഇസ്രായേൽക്കാരുടെ വിശ്വാസമനുസരിച്ച് രോഗം ഉണ്ടാകുന്നത് ഓരോരുത്തരുടെയും പാപത്തിന്റെ ഫലമായാണ്. അതിന്റെ പ്രത്യക്ഷമായ പ്രകാശനമാണ് ജന്മനാ അന്ധനായ ഒരു മനുഷ്യനെ കാണിച്ചുകൊണ്ട് നമ്മുടെ കർത്താവിന്റെ ശിഷ്യന്മാർ അവിടുത്തോട് ചോദിക്കുന്ന വി. യോഹന്നാന്റെ സുവിശേഷം 9–ാം അദ്ധ്യായത്തിലെ ആരംഭവാക്യങ്ങൾ. "റബ്ബീ, ഇവൻ അന്ധനായി ജനിച്ചത് ആരുടെ പാപം നിമിത്തമാണ്? ഇവന്റെയോ ഇവന്റെ മാതാപിതാക്കളുടെയോ?" യേശു അവിടെ ആ വിശ്വാസം തിരുത്തുന്നുണ്ട്, അതു രണ്ടും അല്ല മറിച്ച് ദൈവത്തിന്റെ പ്രവർത്തനം അവനിൽ പ്രകടമാകാൻ ആണെന്ന്. എന്നാൽ ആ പഴയ വിശ്വാസത്തിൽ അടിയുറച്ച് പ്രത്യാശ നഷ്ടപ്പെട്ട് തളർവാതത്തെ തന്റെ വിധിയായി സ്വീകരിച്ച് കട്ടിലിൽ തന്നെ കഴിഞ്ഞിരുന്ന ഒരുവന്റെ സൗഖ്യമാണ് ഇന്നത്തെ ചിന്തയ്ക്ക് സഭ നമുക്കു തരുന്ന വേദവായന (വി. മത്തായി 9:1–8). യേശുവിന്റെ ജീവിതത്തെയും അത്ഭുതപ്രവർത്തനങ്ങളെയുംപറ്റി കേട്ട് നന്മ ചെയ്യുവാൻ ആഗ്രഹിച്ച നാലു മനുഷ്യർ ചേർന്ന് തളർവാതം പിടിപെട്ട് ശയ്യാവലംബിയായ ഒരു ദുർഭഗനായ മനുഷ്യനെ നമ്മുടെ കർത്താവിന്റെ മുമ്പിൽ എത്തിക്കുന്നു. അവരുടെ വിശ്വാസവും ആ രോഗിയോടുള്ള സ്നേഹവും സഹതാപവും പ്രകടമാകുന്നതായിരുന്നു അവരുടെ പെരുമാറ്റം. യേശു വീടിനുള്ളിൽ ആയിരിക്കുമ്പോൾ ആ ഭാഗത്തുള്ള മേൽക്കൂര പൊളിച്ചാണ് അവിടുത്തെ മുൻപിൽ ശയ്യയോടെ അയാളെ എത്തിക്കുന്നത്. ജനക്കൂട്ടം അവിടുത്തെ ചുറ്റും കാത്തു നിൽക്കുകയായിരുന്നു. എത്രയും വേഗം ആ നിസ്സഹായനെ യേശുവിന്റെ മുൻപിലെത്തിച്ച് രോഗവിമുക്തനാക്കണമെന്ന ആ മനുഷ്യരുടെ വിശ്വാസം വലുതുതന്നെ. അപ്രകാരം തന്നെ യേശുവും അവരുടെ വിശ്വാസതീക്ഷ്ണതയെ കണ്ടു. ആ ദുർഭഗനെ, മകനേ എന്നു വിളിച്ച് ധൈര്യമായിരിക്കുക, നിന്റെ പാപങ്ങൾ ക്ഷമി

ക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്നു. അത്രയും കേട്ട പ്പോഴെ കാത്തിരുന്ന അവസരം എന്നപോലെ ചില നിയ മജ്ഞർ അവിടുത്തെ കുറ്റപ്പെടുത്തി പരസ്പരം പറ ഞ്ഞു. ഇവൻ ദൈവദൂഷണം പറയുകയാണ്. അവരെ തൃപ്തിപ്പെടുത്തേണ്ടത് ആവശ്യമായി വന്നപ്പോൾ യേശു ഒരു ചോദ്യം ചോദിക്കുന്നു: "ഏതാണ് എളുപ്പം? പാപം ക്ഷമിക്കുന്നതോ രോഗം സുഖപ്പെടുത്തു ന്നതോ?" അവരുടെ ഉത്തരത്തിനു കാത്തുനിൽക്കാതെ രോഗിയോട് പറയുന്നു, "എഴുന്നേറ്റ് നിന്റെ ശയ്യയുമെ ടുത്തു വീട്ടിലേക്ക് പോകുക." പാപം ക്ഷമിക്കുന്നതിന്റെ ഫലം ബാഹ്യമായി കാണാനാകുകയില്ല. രോഗം സുഖ പ്പെടുത്തുന്നത് പെട്ടെന്നു കാണാനാകും. പക്ഷേ ഇവിടെ പാപം ക്ഷമിക്കപ്പെടുന്നതിന്റെ തെളിവായാണ് കട്ടിലിൽ ചുമന്നുകൊണ്ടു വന്ന മനുഷ്യനെ അതേ കട്ടിൽ ചുമന്നുകൊണ്ടു നടന്നു വീട്ടിലേക്കു പോകു വാൻ പറഞ്ഞ് യേശു ശത്രുക്കളെ നിശബ്ദരാക്കുന്ന ത്. അവൻ ഒന്നും പറയുന്നില്ല. പക്ഷേ അവിടെ കൂടി യിരുന്ന ജനം ദൈവത്തെ മഹത്വപ്പെടുത്തി എന്നും തുടർന്ന് നമ്മൾ വായിക്കുന്നു. യേശു ആഗ്രഹിച്ചതും അതു തന്നെ ആയിരുന്നു. തന്നിലൂടെ ദൈവകൃപ മനു ഷ്യരിലേക്ക് ഇറങ്ങിവന്നതുകണ്ട് താൻ ദൈവത്താൽ അയയ്ക്കപ്പെട്ടവനാണെന്ന് ജനം വിശ്വസിക്കുക.

നമുക്കും ഈ നോമ്പുകാലത്ത് കൂടുതൽ നന്മ ചെയ്യുവാനുള്ള പ്രേരണ നൽകുകയാണ് ശയ്യയോടെ തളർവാതക്കാരനെ യേശുവിനു മുമ്പിൽ എത്തിച്ച് സൗഖ്യം വാങ്ങിക്കൊടുത്ത ആ മനുഷ്യർ. അവരുടെ വിശ്വാസം കണ്ടാണ് യേശു ആ രോഗിയെ സുഖപ്പെ ടുത്തിയത്. പക്ഷേ ആ വിശ്വാസത്തിന്റെ ഉടമകളെപ്പറ്റി ഒന്നും പറയുന്നില്ല, പ്രശംസിക്കുന്നുമില്ല. അവരുടെ നന്മയും വിശ്വാസത്തിന്റെ ഫലവും അനുഭവിച്ച് സുഖ പ്പെട്ട വ്യക്തി നന്ദിയും പറയുന്നില്ല. അതു രണ്ടും നാം പ്രത്യേകം ശ്രദ്ധിക്കണം. നമ്മൾ ആർക്കു നന്മ ചെയ്താലും ദൈവം അതു കാണുന്നുണ്ട്. ആരോടു നല്ലതു പറഞ്ഞാലും ദൈവം അത് ശ്രദ്ധിക്കുന്നുണ്ട്. പ്രതിഫലം എല്ലാവിധ നന്മയ്ക്കും ദൈവമാണ് നൽകു ന്നത്. അതു വിശുദ്ധ മത്തായി ശ്ലീഹായുടെ സുവി ശേഷം 6-ാം അദ്ധ്യായത്തിൽ മൂന്നു പ്രാവശ്യം (വാക്യം 4,6,18) എടുത്തു പറഞ്ഞിട്ടുണ്ട്. " രഹസ്യ ങ്ങൾ അറിയുന്ന നിന്റെ പിതാവ് നിനക്കു പ്രതിഫലം നൽകും." നന്മ ചെയ്യുവാൻ നമ്മെ പ്രേരിപ്പിക്കട്ടെ വിശ്വാസതീക്ഷ്ണതയുടെ ഈ വലിയ മാതൃകാവ്യക്തി കൾ.

*ഫാ. തോമസ് പുതിയവീട്ടിൽ*

## മാർച്ച് 23 - വലിയ നോമ്പിലെ 4-ാം ഞായർ
## ക്നാനയ്ത്തോ ഞായർ
## റോമ 7:13-25 , മത്തായി 15:21-28

ഇന്നത്തെ വിശുദ്ധ കുർബാനയ്ക്കുള്ള സുവിശേഷ ഭാഗത്ത് അസാധാരണമായ ചില സംഭവങ്ങളാണ് വി. മത്തായിശ്ലീഹാ എഴുതിയിരിക്കുന്നത്. ആദ്യമായി പറ യുന്ന കാര്യം നമ്മുടെ കർത്താവ് അവിടുത്തെ പ്രവർത്തനരംഗമായ ഇസ്രായേൽക്കാരുടെ ആവാസ കേന്ദ്രങ്ങൾ വിട്ട് പുറജാതിക്കാരുടെ പ്രദേശത്ത് പര്യ ടനം നടത്തുകയാണ്. അതിനു മുൻപ് ഒരിക്കൽ ഗദറായ രുടെ ദേശത്ത് പ്രവേശിച്ച് പിശാചാവസിച്ചിരുന്ന രണ്ടു പേരിൽ നിന്ന് പിശാചുക്കളെ ബഹിഷ്ക്കരിച്ചിരുന്നു. അവ പന്നിക്കൂട്ടത്തിൽ പ്രവേശിച്ച് അവയെല്ലാം കടലിൽ ചാടി ചത്തതും ആ പട്ടണവാസികൾ വന്ന് അവരുടെ അതിർത്തി വിട്ടുപോകാൻ ആവശ്യപ്പെട്ടകാര്യവും വി. മത്തായിശ്ലീഹാ 8-ാം അദ്ധ്യായത്തിന്റെ അവസാനം എഴു തിയിട്ടുണ്ട്. 10-ാം അദ്ധ്യായം ആരംഭത്തിൽ പന്ത്രണ്ടു ശിഷ്യന്മാരെ അത്ഭുതങ്ങൾ പ്രവർത്തിക്കാനും സുവി ശേഷം പ്രസംഗിക്കാനും അയയ്ക്കുമ്പോൾ ആദ്യം പറ യുന്നത് ഇസ്രായേൽക്കാർക്ക് പുറമെയുള്ള ജാതികളുടെ അടുത്തേക്കു പോകരുതെന്നാണ്. ആ പതിവുവിട്ട് പുറ ജാതികൾ, കനാൻകാരും ഗ്രീക്കുകാരും പാർക്കുന്ന ടയർ, സീദോൻ എന്നീ പ്രദേശങ്ങളിലേക്ക് ശിഷ്യരുമൊത്ത് പ്രവേശിക്കുകയാണ്.


യേശു ആ പ്രദേശത്ത് എത്തി എന്നു പറഞ്ഞു നിർത്തുമ്പോഴേ ഒരു കനാൻകാരി കരഞ്ഞുകൊണ്ട് അവി ടുത്തെ പക്കൽ എത്തുന്നതാണ് രണ്ടാമതായി നമ്മൾ വായിക്കുന്നത്. അവൾ വലിയ ഒരു വേദനയുടെ അനുഭ വസ്ഥയാണ്. അവൾക്കാകെയുള്ള മകളെ പിശാചു ക്രൂര മായി ബാധിച്ചിരിക്കുന്നു. "ദാവീദിന്റെ പുത്രാ, കർത്താ വേ, എന്നിൽ കനിയണമേ..."എന്ന അവളുടെ അപേക്ഷ യാണ് യേശുവിനെ ആ പ്രദേശത്ത് എതിരേൽക്കാൻ വന്ന ത്. ആ സ്ത്രീയുടെ വിശ്വാസപ്രഖ്യാപനം വളരെ വലിയ ഒന്നാണ്. ദാവീദിന്റെ പുത്രൻ യഹൂദരുടെ രക്ഷയ്ക്കായി വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന മിശിഹാ ആണ്. അതു പോലെ "കർത്താവേ" എന്നും വിളിച്ച് തനിക്കാകെയുള്ള മകളെ പിശാചാവാസത്തിൽനിന്ന് രക്ഷിക്കണമേ എന്നുള്ള ദയനീയമായ അപേക്ഷയുമായി ആ പുറജാ തിക്കാരി നമ്മുടെ കർത്താവിന്റെ മുൻപിൽ നിൽക്കുന്നു. അടുത്തതായി നമ്മൾ വായിക്കുന്നത്, ''എന്നാൽ അവിടുന്ന് ഒരു വാചകം പോലും ഉത്തരം പറഞ്ഞില്ല" എന്നാണ്. യേശുവിൽനിന്ന് നമ്മൾ പ്രതീക്ഷിക്കാത്ത പെരുമാറ്റമാണത്. പിന്നീട് നടക്കുന്നത് ശിഷ്യന്മാർ അവൾക്കുവേണ്ടി മാദ്ധ്യസ്ഥം നടത്തുന്നതായാണ്. "ഗുരോ, അവളെ പറഞ്ഞയച്ചാലും. അവൾ നമ്മുടെ പിന്നാലെ വന്നു നിലവിളിക്കുകയാണല്ലോ". ശിഷ്യരു ടെപോലും സഹതാപം പിടിച്ചുവാങ്ങിയ പുറജാതിക്കാരി അമ്മയുടെ അപേക്ഷയ്ക്കുമുൻപിലുള്ള യേശുവിന്റെ നിശബ്ദത നമുക്കു മനസ്സിലാക്കാനാകുന്നില്ലല്ലോ? അവി ടുത്തെ വാക്കുകൾ ഏതൊരു വ്യക്തിയെയും പിന്തിരി പ്പിക്കുന്നതാണ്. "ഇസ്രായേൽ ഭവനത്തിലെ നഷ്ടപ്പെട്ടു പോയ ആടുകളുടെ പക്കലേക്കാണ് ഞാൻ അയയ്ക്ക പ്പെട്ടിരിക്കുന്നത്. ആ കനാൻകാരിയുടെ വിശ്വാസം അതോടെ നഷ്ടപ്പെടുന്നതിനു പകരം ആഴപ്പെടുകയാണ്. ചുരുങ്ങിയ വാക്കുകളിൽ അവൾ വീണ്ടും അപേക്ഷിക്കു ന്നു, "കർത്താവേ, എന്നെ സഹായിക്കണമേ. കർത്താവേ ഒരു പുറജാതിക്കാരി ആയിട്ട് എന്നെ കാണാതെ അങ്ങിൽ വിശ്വസിച്ച് ആശ്രയിക്കുന്ന ഒരു സാധു അമ്മയായി മാത്രം എന്നെ കാണണമേ" എന്നു സാരം. അവിടെ യേശു വിന്റെ ഉത്തരം ആരെയും പിന്തിരിപ്പിക്കുന്നതാണ്: "മക്ക ളുടെ അപ്പം എടുത്ത് നായ്ക്കൾക്കു കൊടുക്കുന്നത് ഉചി തമല്ല."

യഹോവയായ ഏകദൈവത്തെ മാത്രം ആരാധിക്കുന്ന ഇസ്രായേൽ ജനം ദൈവപുത്രരും അന്യദേവന്മാരെ പൂജി ക്കുന്ന പുറജാതികൾ നായ്ക്കളും എന്ന പ്രവാചകരുടെ

മനഃസ്ഥിതി യഹൂദരുടെ ഉറച്ച ബോദ്ധ്യമായിരുന്നു. അതിനു പരസ്യമായ മാറ്റം വരുത്തേണ്ടത് യേശുവിന്റെ ആവശ്യമായിരുന്നു. പിന്നീട് നടക്കുന്നത് അതാണ്. ആരെയും പിന്തിരിപ്പിക്കാവുന്ന ആ വാക്കുകൾക്കു മുൻപിൽ വിശ്വാസത്തിന്റെയും എളിമയുടെയും എക്കാലത്തെയും മാതൃകയായി ആ കനാൻകാരി അമ്മ സ്വയം സമർപ്പിക്കുന്നു: "കർത്താവേ, നായ്ക്കുട്ടികളും യജമാനന്മാരുടെ മേശയിൽനിന്നു വീഴുന്ന അപ്പക്കഷണങ്ങൾ കൊണ്ടാണല്ലോ ജീവിക്കുന്നത്". അത്രയും ആയപ്പോൾ യേശുവിന്റെ ഭാവം പാടെ മാറുകയാണ്. അവിടുന്നവളെ പ്രശംസിക്കുന്നു. ''സ്ത്രീയേ, നിന്റെ വിശ്വാസം വലുതാണ്. നീ ആഗ്രഹിക്കുന്നതുപോലെ നിനക്കു ഭവിക്കട്ടെ". അവിടെ നടക്കുന്നത് പുറജാതിക്കാരെ വിശ്വാസത്തിലൂടെ തന്റെ രക്ഷാകരകർമ്മത്തിന്റെ മക്കളായി ഉയർത്തിക്കാണിക്കുന്ന സംഭവമാണ്. തന്നിൽ വിശ്വസിക്കുന്നവർക്ക് ഇസ്രായേൽ മക്കളോടൊപ്പം ദൈവകൃപ അവർ ആഗ്രഹിക്കുന്നതുപോലെ സുലഭമായി ലഭിക്കുമെന്ന ഉറപ്പാണ്. പിന്നാലെ മത്തായിശ്ലീഹാ പറഞ്ഞു നിർത്തുന്നത്, ആ സമയം മുതൽ അവളുടെ പുത്രി സൗഖ്യമുള്ളവളായി എന്നാണ്.

നോമ്പുകാലത്ത് നമ്മുടെ പ്രാർത്ഥനയുടെ മനഃസ്ഥിതി എപ്രകാരം ആയിരിക്കണം എന്ന് ഇന്നത്തെ സുവിശേഷഭാഗം നമ്മെ പഠിപ്പിക്കുന്നു. ഞാൻ അയോഗ്യനാണ്, പാപിയാണ്, കർത്താവേ അവിടുത്തെ കൃപയും കരുണയും മാത്രം ആണ് എന്റെ യോഗ്യത. അങ്ങയുടെ പ്രിയമുള്ള മകനായി/ മകളായി എന്റെ അയോഗ്യതയെല്ലാം നീക്കി എന്റെ എളിയ പ്രാർത്ഥന സ്വീകരിച്ച് എന്നെ സഹായിക്കണമേ... ഞങ്ങളെ അനുഗ്രഹിക്കണമേ... എന്നായിരിക്കട്ടെ നമ്മുടെ പ്രാർത്ഥനകൾ.


## ആദരാഞ്ജലികൾ



**റവ. ഫാ. സ്റ്റനിസ്ലാവോസ് കാക്കനാട്ട്**

**ഐക്യദീപം കുടുംബത്തിന്റെ ആദരാഞ്ജലികൾ**


## വിവാഹ ഒരുക്ക സെമിനാർ 2014

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**


**ഫോൺ 0469-2603968, 9446270259, 9447617877**

**തീയതി: മാർച്ച് : 4, 5, 6 ഏപ്രിൽ : 8, 9, 10 - 22, 23, 24**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



## ഉപകാര സ്മരണ



**മറിയാമ്മ ജോയി**

**കോയിപ്രം**

## ഉപകാര സ്മരണ



**മറിയാമ്മ ജോയി**


**കോയിപ്രം**

## ഉദ്ദിഷ്ട കാര്യത്തിന് ഉപകാര സ്മരണ



**അച്ചൻകുഞ്ഞ്, മടയ്ക്കൽ, വെണ്ണിക്കുളം**

## ഉപകാര സ്മരണ



**ഒരു വിശ്വാസി**

**ആറ്ററികം**

# വി. മരിയ ഗോരേത്തി




**ആൻസി തോമസ്, പുല്ലാട്**

**തിരുനാൾ – ജൂലൈ 6**

ഇറ്റലിയിലെ കൊറിനാൾഡൊ എന്ന ഗ്രാമത്തിലാണ് മരിയ ഗോരേത്തി ജനിച്ചത്. അവളുടെ മാതാപിതാക്കൾ കൃഷിക്കാരായിരുന്നു. നിലം പാട്ടത്തിനെടുത്താണ് കൃഷിചെയ്തിരുന്നത്. കഠിനാദ്ധ്വാനം കൊണ്ട് അവർ വളരെ ക്ഷീണിച്ചിരുന്നു. ജോലി അന്വേഷിച്ച് വന്ന ജീവോന്നി സെറെനെലിയെയും അയാളുടെ മകൻ അലക്സാണ്ടറെയും കൂടെ താമസിപ്പിക്കാൻ നിലത്തിന്റെ ഉടമ മരിയയുടെ പിതാവിനോട് ആവശ്യപ്പെട്ടു. താൽപര്യമില്ലാതെ അവർ സമ്മതിച്ചു. വരുമാനമാർഗ്ഗം ആയപ്പോൾ ജീവോന്നിയുടെയും മകന്റെയും സ്വഭാവം മാറിവന്നു.

മരിയക്ക് 11 വയസുള്ളപ്പോൾ അവളുടെ പിതാവ് മരിച്ചു വളരെ കഷ്ടതയിൽ കഴിഞ്ഞ കുടുംബത്തിന് അവളുടെ ആദ്യകുർബാന നടത്താൻ കഴിയുമായിരുന്നില്ല. ആ ഗ്രാമത്തിലെ ആളുകൾ സഹായിച്ചു. 12-ാംമത്തെ വയസിൽ അവൾ ആദ്യകുർബാന സ്വീകരിച്ചു. എഴുത്തും വായനയും അവൾക്ക് അറിയില്ലായിരുന്നു. അമ്മയിൽ നിന്ന് പ്രാർത്ഥനകൾ മനഃപാഠമാക്കി. ഒരു ദിവസം അമ്മയ്ക്ക് സുഖമില്ലാത്തതിനാൽ മരിയ അലക്സാണ്ടറിനോപ്പംപുരയിടത്തിലേക്ക് പോയി. അവിടെ വച്ച് അവൻ അവളെ പാപം ചെയ്യാൻ പ്രലോഭിച്ചു. അവൾ അവിടെ നിന്നും രക്ഷപ്പെട്ട് അവനിൽ നിന്ന് ഒളിച്ചു നടന്നു. ഒരാഴ്ച കഴിഞ്ഞ് വീട്ടിൽ ആരും ഇല്ലാത്ത സമയത്തും ഇത് ആവർത്തിച്ചു. അമ്മയോട് പറഞ്ഞാൻ അവളെ കൊന്നുകളയുമെന്നും ഭീഷണിമുഴക്കി. ഈ വിവരം അവൾ അമ്മയിൽ നിന്നും മറച്ചു വച്ചു. മരിയയ്ക്ക് ഭയം കൂടിവന്നു. എന്നാൽ പ്രാർത്ഥിക്കുമ്പോൾ അവൾക്ക് ധൈര്യം കിട്ടികൊണ്ടേയിരുന്നു. അവളിൽ വസിക്കുന്ന ഈശോയെ തോൽപിക്കാൻ ആർക്കും കഴിയില്ല എന്നവൾ ഉറച്ചു വിശ്വസിച്ചു



ഒരു ദിവസം ഷർട്ട് തുന്നാൽ മരിയെ ഏൽപ്പിച്ചിട്ട് അലക്സാണ്ടർ പുരയിടത്തിലേക്ക് പോയി. കുറച്ച് കഴിഞ്ഞ് തൂവാല എടുക്കാൻ തിരികെ വന്നു. ഷർട്ട് തുന്നികൊണ്ടിരുന്ന മരിയെ വലിച്ച് മുറിക്കുള്ളിലേക്ക് അവൻ കൊണ്ടുപോയി. അവളുടെ നിലവിളി അരും കേൾക്കുന്നുണ്ടായിരുന്നില്ല. പാപം ചെയ്യാൻ അവളെ പ്രേരിപ്പിച്ചു. അവൾ വളരെ ശക്തമായി എതിർത്തു. ഇത് പാപമാണ് ഇത് ചെയ്താൽ നരകത്തിൽ പോകും എന്ന് അലക്സാണ്ടറിനെ തിരുത്താൻ അവൾ ശ്രമിച്ചു. കത്തി കാട്ടി ഭീഷണിപെടുത്തിയിട്ടും അവൾ വഴങ്ങാത്തതിനാൽ കോപം പൂണ്ട അവൻ കത്തി എടുത്ത് അവളെ പതിനാലു തവണ കുത്തി. ആ വേദനയിലും അവൾ നിലവിളിച്ചില്ല. മർദ്ദനങ്ങൾ ഏറ്റുവാങ്ങി. ഒരു മണിക്കൂർ കഴിഞ്ഞാണ് അമ്മ ഈ അത്യാഹിതം അറിഞ്ഞത്. മരിയയെ വേഗം ആശുപത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ആശുപത്രി കിടക്കയിൽ വച്ച് അവൾ ഈശോ കുരിശിൽ കിടന്ന് മരിക്കുമ്പോൾ ശത്രുക്കളോട് ക്ഷമിച്ച സംഭവം അനുസ്മരിച്ചിട്ട് അവൾ പറഞ്ഞു "ഞാനും അവനോടു ക്ഷമിക്കുന്നു. ഒരു ദിവസം സ്വർഗ്ഗത്തിലേക്ക് വരാനും എന്നോടു കൂടി സ്വർഗ്ഗത്തിലാകാനും ഞാൻ ആഗ്രഹിക്കുന്നു." രോഗിലേപനം സ്വീകരിച്ച് അവൾ ഇഹലോക വാസം വെടിഞ്ഞു. മരിയ ഗോരേത്തി ധീരയായ ഒരു ബാലികയായിരുന്നു. അവൾ ശുദ്ധതയുടെ ശ്രേഷ്ഠത മനസിലാക്കി ജിവിച്ചു. മരിക്കുമ്പോൾ 12 വയസ്സേ ഉണ്ടായിരുന്നൊള്ളുവെങ്കിലും വിവേകവും വിവേചനവും ആത്മശക്തിയും അവളുടെ പ്രത്യേകതയായിരുന്നു. ഘാതകന്റെ കഠാരയുടെ മുമ്പിൽ പോലും നിശ്ചയദാർഢ്യത്തോടെ അവൾ പാപത്തെ അകറ്റി. തന്റെ നിഷ്കളങ്ക ജീവിതത്തിലൂടെ ശുദ്ധതയുടെ മാറ്റൊലി ലോകത്തിനു നല്കിയ ഈ ബാലികയെ 1950 ജൂൺ 24-ാം തീയതി പരിശുദ്ധ പിതാവ് 12-ാം പീയൂസ് മാർപാപ്പ പുണ്യവതിയായി നാമകരണം ചെയ്തു. ചാരിത്ര സംരക്ഷണാർത്ഥം വീരചരമം പ്രാപിച്ച ഈ വിശുദ്ധയുടെ ജീവിതം നമ്മുക്ക് മാതൃകയും കാവലുമായിരിക്കട്ടെ.



STUDENTS' ONLY

# ബാലദീപം



# മെഗാ ബംപർ ക്വിസ്

1. ഏറ്റവും ആദ്യം എഴുതപ്പെട്ട സുവിശേഷം?
2. പഞ്ചഗ്രന്ഥികൾ ഏതൊക്കെ?
3. പഴയനിയമത്തിലെ ചെറിയ പ്രവാചക പുസ്തകം എന്ന് വിശേഷിപ്പിക്കപ്പെടുന്നവ ഏതൊക്കെ?
4. പ്രബോധനപരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന പഴയനിയമത്തിലെ പുസ്തകങ്ങൾ?
5. യേശു ദൈവപുത്രനായ ക്രിസ്തുവാണെന്നു നിങ്ങൾ വിശ്വസിക്കുന്നതിനും അങ്ങനെ വിശ്വസിക്കുക നിമിത്തം അവന്റെ നാമത്തിൽ നിങ്ങൾക്ക് ജീവൻ ഉണ്ടാകുന്നതിനുവേണ്ടിയാണ് താൻ സുവിശേഷം രചിച്ചത് ആരുടെയാണ് ഈ വാക്കുകൾ?
6. പഞ്ചഗ്രന്ഥിയിൽ നാലു തരത്തിലുള്ള പാരമ്പര്യങ്ങളുടെ സമന്വയം നടന്നതായി കരുതപ്പെടുന്നു. ഏതാണ് ആ പാരമ്പര്യങ്ങൾ?
7. എന്നാണ് യഹൂദർ തങ്ങളുടെ കാനോനിക ഗ്രന്ഥങ്ങൾ നിർണ്ണയിച്ചത്?
8. വലിയ പ്രവാചകന്മാരും ചെറിയ പ്രവാചകന്മാരും കൂടാതെയുള്ള 2 പ്രവചനപരമായ ഗ്രന്ഥങ്ങൾ ഏവ?
9. കെസിബിസിയുടെ Price &Justice കമ്മീഷൻ ചെയർമാൻ?
10. സിബിസിഐയുടെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കബാവ എത്രമാത്തെ കേരളീയനാണ്?

## നിബന്ധനകൾ

1. 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന ജാതിമതഭേദമന്യേ ഏതു കുട്ടികൾക്കും ഈ മത്സരത്തിൽ പങ്കെടുക്കാം.
2. അതാതുമാസം 15-ാം തീയതിക്കുമുമ്പായി MCCL Director-ടെ പേരിൽ ശാന്തിനിലയത്തിലേക്കോ ഐക്യദീപം മാസികയുടെ ഓഫിസിലോ എത്തിക്കുകയോ അയച്ചുതരുകയോ വേണം.
3. ഉത്തരങ്ങളോടൊപ്പം താഴെ നൽകുന്ന കൂപ്പൺ പൂരിപ്പിച്ച് നൽകണം. ഫോട്ടോസ്റ്റാറ്റ് സ്വീകാര്യമല്ല.
4. പി.ഒ.സി ബൈബിളിനെ ആസ്പദമാക്കി ആയിരിക്കും ഉത്തരങ്ങൾക്ക് വിധി നിർണ്ണയിക്കുന്നത്.
5. അതാതു മാസത്തിൽ മുഴുവൻ ഉത്തരങ്ങളും ശരിയായി നൽകുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന 5 പേർക്ക് 2 ആകർഷകമായ സമ്മാനങ്ങൾ! ഒപ്പം 2013 സെപ്റ്റംബർ മുതൽ 2014 മെയ് വരെയുള്ള എല്ലാ മത്സരങ്ങളിലും പങ്കെടുക്കുന്നവരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് മാതാപിതാക്കളോടൊപ്പം സൗജന്യ വിമാനയാത്ര!

**വിജയികളാകുന്ന 5 പേർക്ക് റ്റെഡി ബെയർ സമ്മാനം**



Sponsored by
**Vimalambika Junior College & Public School, Pampady**

പേര് : ..................................................................

അഡ്രസ്സ് : ..................................................................

..................................................................

ക്ലാസ്സ് : ..................................................................

സ്ഥലം : ..................................................................

ഫോൺ : ..................................................................

YOUTH

യൂത്ത് കോർണർ




ഫാ. ജോർജ്ജ് വലിയപറമ്പിൽ

എം. സി. വൈ. എം അസി. ഡയറക്ടർ
തിരുവല്ല അതിരൂപത





# നോമ്പ് = രൂപപ്പെടൽ

രൂപപ്പെടാനിരിക്കുന്ന ക്രിസ്തുവിനുവേണ്ടി നോവനുഭവിക്കുന്ന തീർത്ഥയാത്രയാണ് നോമ്പ്. നിന്റെ ഉള്ളിന്റെ രൂപപ്പെടലും നിന്റെ വീട്ടിന്റെ രൂപപ്പെടലും നിന്റെ സമൂഹത്തിന്റെ രൂപപ്പെടലും നിന്റെ ദേശത്തിന്റെ രൂപപ്പെടലും ഈ ലോകം മുഴുവന്റെയും രൂപപ്പെടലും ഓരോ നോമ്പും നിന്നോട് ആവശ്യപ്പെടുന്നു. ഓരോ നോമ്പും കാലാന്തരത്തിൽ നിന്നിൽ രൂപം കൊണ്ട അശുദ്ധിയുടെ, അഹങ്കാരത്തിന്റെ, അഹംഭാവത്തിന്റെ അസന്മാർഗ്ഗികതയുടെ പേകോലങ്ങളെ തച്ചുടയ്ക്കുന്ന വിശുദ്ധിയുടെ ചെങ്കോലുകൾ കൈയിലേന്തുവാൻ നിന്നോടാവശ്യപ്പെടുന്നു. മരതകത്തിന്റെ മനോഹാരിതയും തേനിന്റെ മാധുര്യവും നിന്നിൽ ഉളവാക്കുന്ന മായാലോകത്തിന്റെ മാടിവിളികളോട് അരുത് എന്ന് പറയാൻ ഓരോ നോമ്പും നിന്നെ പ്രാപ്തനാക്കും. കണ്ണിമയ്ക്കുന്ന വേഗത്തിൽ കടന്നുപോകുന്ന കാലത്തോട് കാരുണ്യം കാട്ടുവാൻ നിന്നെ പ്രാപ്തനാക്കുന്നതും ഈ നോമ്പ് തന്നെയാണ്.

ആധുനിക ലോകത്ത് നോമ്പും പ്രാർത്ഥനയും ഉപവാസവും ഒക്കെ ആശ്രമങ്ങളിലും ആത്മീയകൂടാരങ്ങളിലും ഒക്കെ ഒരുങ്ങുമ്പോൾ ജീവിതമാകുന്ന കൂടാരം നോമ്പാലും ഉപവാസത്താലുള്ള വർദ്ധനയാലും മോടിപിടിപ്പിക്കണം എന്ന സത്യം മാഞ്ഞുപോകുന്നു. മനുഷ്യൻ ജീവിക്കുന്നത് സമയനിഷ്ഠയുടെ ലോകത്താണ്. എന്തിനും ഏതിനും സമയം കണ്ടെത്തുവാൻ സാധിക്കാത്തതായി മനുഷ്യജീവിതം അവസാനിച്ചിരിക്കുകയാണ്.

മരക്കഷണംപോലെ മരവിച്ച മനസ്സുമായി അവനെ കാണുവാൻ സാധിക്കാത്തവിധം കെട്ടിയുയർത്തിയ മതിൽക്കെട്ടുകൾക്കുള്ളിൽ ജീവിച്ച് സ്വന്തമായി മുഖമില്ലാത്ത 'ഫേസ് ബുക്കിൽ' മുഖം അമർത്തി ജീവിച്ചുതീർക്കുന്ന ജീവിതമായി മാറിക്കൊണ്ടിരിക്കുന്നു മനുഷ്യജീവിതം.

പലതിനോടും 'നോ' പറയാനും പലതിനോടും 'അരുത്' എന്നുപറയാനും പ്രാപ്തിയുള്ള ക്രിസ്തുവിന്റെ ആശയമായി മാറുവാൻ വിളിക്കപ്പെട്ടവനാണ് ക്രിസ്ത്യാനി. ഇതിന് അവനെ ശക്തനാക്കുന്നത് നോമ്പും ഉപവാസവും ത്യാഗപ്രവർത്തികളും ഒക്കെയാണ്.

'മാനിഷാദ' എന്ന് പറഞ്ഞ യോഗിവര്യന്മാരുടെ ഭാരതത്തിൽ, ഒരു ചെറുജീവിയെപ്പോലും നോവിക്കരുത് എന്ന് പഠിപ്പിച്ച ബുദ്ധന്റെ ഭാരതത്തിൽ ജീവിക്കുന്ന ദൈവവിശ്വാസികളുടെ നോമ്പ് അവസാനിക്കുന്നത് അനേകം മിണ്ടാപ്രാണികളുടെ കൊലവിളികളോടെയാണ് എന്നത് ഓരോ ദൈവവിശ്വാസിയും നോക്കിയ നോമ്പിന്റെ മൂല്യത്തെ ഇല്ലായ്മ ചെയ്യുന്നില്ല. ഇവയൊക്കെ നമ്മുടെ മുൻപിൽ വരച്ചുകാട്ടുന്നത് മനുഷ്യന്റെ ക്രൂരതയുടെ ക്ലൈമാക്സുകൾ അല്ലേ.

ആയതിനാൽ നമുക്ക് സ്വാർത്ഥമായ ജഡികതയെ വെടിഞ്ഞ് ആത്മികതയുടെ ചുവടുപിടിച്ച് വിശുദ്ധിയുടെ പരിമളം വീശുന്ന വിശുദ്ധ നോമ്പിലേക്ക് പ്രവേശിക്കാം. നോമ്പുകൊണ്ടോ ഉപവാസംകൊണ്ടോ പ്രയോജനമില്ലാ എന്ന് ചിന്തിക്കുന്ന അനേകം യുവജനസുഹൃത്തുക്കളെ നമുക്ക് കാണുവാൻ സാധിക്കും. പക്ഷെ ഉൾപ്രേരണയുള്ള ഉപവാസവും ആത്മാർത്ഥതയുടെ ചൂടുള്ള വർജ്ജനകളും ദൈവതിരുമുൻപിൽ സ്വീകാര്യമാണ്. അവനമ്മെ സ്വയം പരിത്യജിച്ച് കുരിശ് എടുത്ത് നടന്നവന്റെ ത്യാഗത്തിന്റെ വഴികളിലൂടെ നയിക്കും എന്നതിന് സംശയമില്ല. അവന്റെ കുരിശ് വഹിക്കാൻ നമ്മെ ബലമുള്ളതാക്കിത്തീർക്കുന്ന ശക്തിമരുന്നുകളാണ് നോമ്പും ഉപവാസവും വർജ്ജനയുമൊക്കെ.

ഈ ന്യൂ ജനറേഷൻ ചിന്തിക്കുന്നതുപോലെ ആവശ്യം ഉള്ളപ്പോൾ മാത്രം ഉപയോഗിക്കാനുള്ള സ്റ്റെപ്പിനി അല്ല നോമ്പും ഉപവാസവുമൊക്കെ. മറിച്ച് ക്രിസ്തുവിനോടുകൂടെ സഹിക്കാനും മരിക്കാനും ഉയിർക്കാനും, അങ്ങനെ മറ്റൊരു ക്രിസ്തുവായി മാറാനുമുള്ള നിയോഗമാണ് ഇവ വച്ചുനീട്ടുന്നത്. ●



സീൻ by സീൻ

ഫാ. എൽദോ മോഴശ്ശേരിൽ




# ഇമ്മാനുവേൽ ദൈവം നമ്മോടുകൂടെ

ഇമ്മാനുവേൽ എന്ന ചിത്രം കത്തോലിക്കാ വിശ്വാസത്തിന്റെ പശ്ചാത്തലത്തിൽ ഒരുക്കിയിരിക്കുന്ന ഒരു ചിത്രമാണ്. പുതുമയുള്ള പ്രമേയമല്ല,പ്രതിഭാധനനായ സംവിധായകൻ ലാൽ ജോസ് ചെയ്യുന്നത് "The Pursuit of happiness" എന്ന ഹോളിവുഡ് ചിത്രത്തിലെ വിൽസ്മിത്ത് എന്ന നടന്റെ നന്മനിറഞ്ഞ കഥാപാത്രത്തെ ഓർമ്മിപ്പിക്കുന്നു മമ്മൂട്ടി എന്ന നടൻ അനശ്വരമാക്കിയ ഇമ്മാനുവേൽ എന്ന കഥാപാത്രം.ഇമ്മാനുവേൽ നന്മയുടെ സാഗരമാണ്.തിന്മ നിറഞ്ഞ ലോകത്തിൽ നന്മയുടെ, ദൈവീക ഭാവത്തിന്റെ സാന്നിദ്ധ്യമുണ്ട് എന്നതിന്റെ തെളിവാണ് ഇമ്മാനുവേൽ എന്ന സത്യസന്ധനായ മനുഷ്യൻ. മമ്മൂട്ടി എന്ന അതുല്യനടന്റെ ഉജ്ജ്വല പ്രകടനത്തിന്റെ മികവാണ് ഈ ചിത്രത്തിന്റെ കരുത്ത്.

ഇമ്മാനുവേലും അവന്റെ പത്നി ആനിയും അവരുടെ ഓമനപുത്രൻ റോബിന്റെ കൂടെ തങ്ങളുടെ ചെറിയ വാടക വീട്ടിൽ താമസിച്ചു വരികയാണ്. ഇമ്മാനുവേൽ ഒരു പ്രസിദ്ധീകരണശാലയിൽ ജോലി നോക്കുന്നു. താമസിക്കാതെ ഈ ജോലി അവന് നഷ്ടപ്പെടുവാൻ പോകുകയാണ്. ആ പ്രസിദ്ധികരണശാല മൂന്ന് മാസങ്ങളായി അവനു ശമ്പളം നൽകിയിട്ട്. പ്രസിദ്ധീകരണശാല ഉടനെ തന്നെ തകരുകയും അത് അടച്ചുപൂട്ടുകയും ചെയ്യുമെന്ന കാര്യം ഇമ്മാനുവേലിനെ സങ്കടത്തിലാഴ്ത്തുന്നു. എന്നാൽ ഇമ്മാനുവേലിന് ന്യു ഏജ് ഇൻസോറൻസ് കമ്പനിയിൽ ഒരു പുതിയ ജോലി ലഭിക്കുന്നു. ആ ജോലി ഇമ്മാനുവേലിന് ലഭിക്കുന്നത് അവന്റെ സാമർത്ഥ്യം കൊണ്ടാണ്.

ജീവൻ രാജ് എന്ന തന്റെ മേൽ ഉദ്യോഗസ്ഥൻ ഇമ്മാനുവേലുമായി ആദ്യ ദിവസത്തിൽ തന്നെ നീരസത്തിലാകുന്നു. ജീവൻ രാജ് പുതിയ തലമുറയുടെ വക്താവാണ്. വിജയികൾക്കുള്ളതാണ് ഈ ലോകമെന്നും പരാജയപ്പെടുന്നവർക്ക് ഈ കച്ചവടസംസ്ക്കാരത്തിൽ ഇടമില്ലായെന്നും തന്റെ പ്രവർത്തികളിലൂടെയും സംസാരത്തിലൂടെയും ജീവൻ രാജ് വ്യക്തമാക്കുന്നു.

എപ്പോഴും ജീവൻ രാജിന്റെ കൈയ്യിൽ ഒരു പി.ഒ സി ബൈബിൾ ഉണ്ട്. ഇടക്കിടെ അവൻ വേദഗ്രന്ഥത്തിൽ നിന്ന് വായിക്കാറുമുണ്ട്. തന്റെ മകളുടെ ഫോൺ വരുമ്പോൾ അവളോട് ഒത്തിരി സ്നേഹമുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അവൾക്ക് വേണ്ടി സമയം മാറ്റിവയ്ക്കാൻ അദ്ദേഹം തയ്യാറാകുന്നില്ല. ഇന്നത്തെ മനുഷ്യന്റെ ആദ്ധ്യാത്മിക ജീവിതത്തിന്റെ പ്രതിനിധിയാണ് ജീവൻ രാജ്, പ്രകടന ആദ്ധ്യാത്മികവാദത്തിന്റെ വക്താവ്. എന്നാൽ ഇമ്മാനുവേൽ ഇതിൽ നിന്നും





തീർത്തും വിഭിന്നനാണ്. അവൻ തന്റെ സ്വന്തം കഷ്ടപ്പാടുകൾ മറന്ന് മറ്റുള്ളവരെ സഹായിക്കുന്നവനാണ്. കുടുംബ പ്രാർത്ഥനയ്ക്കും വി. കുർബാനയ്ക്കും ബൈബിൾ വായനയ്ക്കും വലിയ സ്ഥാനം നൽകുന്നതാണ് ഇമ്മാനുവേലിന്റെ കുടുംബം. ഇമ്മാനുവേൽ ജോലിക്ക് ശേഷമുള്ള സമയം തന്റെ സ്നേഹനിധിയായ ഭാര്യ ആനിയും മകൻ റോബിനുമൊത്ത് കഴിയുവാനാണ് ഇഷ്ടപ്പെടുന്നത്. ന്യൂ ഏജ് ഇൻസൊറൻസ് എന്ന കമ്പനി ചതിയുടെയും വഞ്ചനയുടെയും ഈറ്റില്ലമാകുമ്പോഴും ഇമ്മാനുവേൽ തന്റെ വിശുദ്ധിയും സത്യസന്ധതയും കൈമോശപ്പെടുത്തുന്നില്ല. എല്ലാവരേയും കണ്ണടച്ചു വിശ്വസിക്കുന്ന പ്രകൃതമാണ് ഇമ്മാനുവേലിന്റേത് അതുകൊണ്ടു തന്നെ അവൻ ക്യാൻവാസ് ചെയ്യുന്ന വ്യക്തികളെ തന്റെ സഹപ്രവർത്തകർ സ്വന്തമാക്കുമ്പോൾ അതിൽ പരിഭ്രവമോ പരിഭവമോ ഇല്ല നമ്മുടെ പാവം ഇമ്മാനുവേലിന്. സ്വന്തമായി ഒരു വീടില്ലാത്തത് അവനെയും അവന്റെ ഭാര്യയെയും മകനെയും വല്ലാതെ വിഷമിപ്പിക്കുന്നു.

ഇമ്മാനുവേൽ പാവങ്ങളോടും അവരുടെ അവസ്ഥയോടും തീർത്തും സഹാനുഭൂതി കാണിക്കുന്നവനാണ്. മറുവശത്ത് ജീവൻ രാജ് ഹൃദയ ശൂന്യമായ കച്ചവടമനഃസ്ഥിതിയുടെ നിഴലാണ്. എഴുപതു വയസ്സായ വിധവയുടെ വാർദ്ധക്യ പെൻഷൻപോലും കൊടുക്കാതെ പറ്റിക്കാൻ നോക്കുന്നവനാണ് അവൻ. ഓരോ ദിവസവും മരണത്തിലേക്ക് നടന്നടുക്കുന്ന ക്യാൻസർ രോഗിയും ഒരു കുഞ്ഞിന്റെ അമ്മയും ഭർത്താവ് ഉപേക്ഷിച്ചു പോയതുമായ ഒരു സ്ത്രീക്ക് അവൻ ഓരോ ദിവസവും പല പല കാരണങ്ങൾ പറഞ്ഞ് പണം നൽകാതിരിക്കാൻ ശ്രമിക്കുന്നു. എന്നാൽ ഇമ്മാനുവേൽ വളരെ വിദഗ്ധമായി അവരെ സഹായിക്കുന്നു. ഈ സമയത്ത് കമ്പനി ഇമ്മാനുവേലിന്റെ മുൻപിൽ ഒരു വെല്ലുവിളിയുമായി എത്തുന്നു. ഏതാനും ദിവസങ്ങൾ കമ്പനിക്ക് പറഞ്ഞിരിക്കുന്ന Target എത്തിക്കുന്നില്ലെങ്കിൽ അവന്റെ ജോലി നഷ്ടപ്പെടുമെന്ന്. ആ സമയത്താണ് ഇമ്മാനുവേലിന് ഒരു വ്യക്തിയുടെ കൈയ്യിൽ നിന്ന് നല്ല ഒരു തുക ഇൻസോറൻസ് കമ്പനിയ്ക്ക് വേണ്ടി ലഭിക്കാനുള്ള സാധ്യത തെളിയുന്നത്. ഈ കാര്യം നടക്കുമെന്ന ഉറപ്പിൽ ഇമ്മാനുവേൽ ഒരു വീട് സ്വന്തമാക്കാൻ അഡ്വാവാൻസ് നൽകുന്നു. കമ്പനിയുടെ ഉന്നതതല യോഗം ജീവൻ രാജിനെ കമ്പനിയുടെ വാർഷിക വരുമാനം വർദ്ധിപ്പിക്കേണ്ട തുക വർദ്ധിപ്പിച്ചില്ല എന്ന കാരണത്താൽ പുറത്താക്കാൻ തിരുമാനമെടുക്കുമ്പോൾ ഈ കാര്യം ഇമ്മാനുവേൽ അറിയുകയും അവൻ താൻ ക്യാൻവാസ് ചെയ്തു കിട്ടിയ തുക ജീവൻ രാജിന് നൽകുകയും ചെയ്യുന്നു. അങ്ങനെ ഇമ്മാനുവേലിന് തന്റെ ജോലിയും സ്വന്തമായൊരു വീട് എന്ന സ്വപ്നവും സാക്ഷാത്കരിക്കാൻ കഴിയാതെ പോകുന്നു. തന്റെ സ്വപ്നങ്ങൾ ഒന്നൊന്നായി പൊഴിയുമ്പോഴും മറ്റുള്ളവരുടെ ജീവിതത്തിന് നിറം പകരാൻ ശ്രമിക്കുകയാണ് ഇമ്മാനുവേൽ. സ്വന്തം ജീവിതത്തിൽ പലതും സ്വപ്നങ്ങളായി അവശേഷിക്കുമ്പോഴും പരാതികൾക്കൊ പരിഭവങ്ങൾക്കോ സ്ഥാനം അദ്ദേഹം നൽകുന്നില്ല, ജീവിതത്തിൽ സന്തോഷം ദൈവം തരുന്ന നന്മകൾ മാത്രം.



ഈ ചിത്രത്തിന് നൽകിയിരിക്കുന്ന പേര് 'ഇമ്മാനുവേൽ -ദൈവം നമ്മോടുകൂടെ 'എന്നാണ്. ദൈവത്തിന്റെ സാന്നിദ്ധ്യമാകാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ഇന്നു മുതൽ ഒരു അപ്പം മാത്രമല്ല വി. കുർബാന, നിന്റെ ജീവിതവും കുർബാനയാണ്, മറ്റുള്ളവർക്കു വേണ്ടി മുറിയപ്പെടുന്ന കുർബാന. സ്വപ്നങ്ങളെ മുറിച്ച് മറ്റുള്ളവരുടെ സ്വപ്നങ്ങൾക്ക് ചിറകുനൽകുന്ന കുർബാന. ഇന്ന് മുതൽ ദൈവത്തിന്റെ വചനം ഒരു ബൈബിൾ ഗ്രന്ഥം മാത്രമല്ല ,നീയും ദൈവത്തിന്റെ സ്വാന്തന വചന മഴയായി താപം മേറ്റ് തളർന്നു കിടക്കുന്ന ഭൂമിയിൽ പെയ്തിറങ്ങുന്ന നന്മയുടെ വചനമാണ്. നീ ഒരു വടവൃക്ഷമായി മറ്റുള്ളവരെ ആ തണലിൽ ഇരുത്തുന്ന നന്മയുടെ ദൈവീക സാന്നിദ്ധ്യമായി ഈ ഭൂമിയിൽ വേണം. നീ ഇന്നുമുതൽ ഇമ്മാനുവേൽ ആണ്: "ദൈവം നമ്മോടുകൂടെ."

●



# ഉൾക്കണ്ണ്




ശാന്തമായി തുടങ്ങിയ ഒരു യാത്ര... സബർമതിയുടെ ശാന്തതയിൽനിന്ന് തിരിതെളിഞ്ഞ ആ യാത്ര ചരിത്രത്തിലേക്കായിരുന്നു. ആൾബലം കൊണ്ടല്ല, ആദർശത്തിന്റെ ബലം കൊണ്ട്, മരിക്കാത്ത ഓർമ്മകൾ ജനിപ്പിച്ച ഒരു യാത്ര... രാമനാമം ചൊല്ലി ഗാന്ധിജി ആ യാത്ര തുടങ്ങിയപ്പോൾ ജനങ്ങൾ അണിനിരന്നിരുന്നു. നന്മയുടെ വിജയത്തിനായ് യാത്രചെയ്യാൻ അവരും അദ്ദേഹത്തോടൊപ്പം തയ്യാറായിരുന്നു. ബിരിയാണിയും ആയിരം രൂപയും കൊടുത്ത് അണികളെ ആവേശം കൊള്ളിക്കുന്ന ആധുനിക 'യാത്ര'യല്ലായിരുന്നിത്... ഫ്ളക്സിന്റെയും പരസ്യത്തിന്റെയും അകമ്പടിയോടെ, സ്വയം നേതാവാകുന്ന യാത്രയുമല്ലിത്...

യാത്രകൾ നല്ലതാണ്. യാത്ര ചെയ്യുന്നത് ഒരു നല്ല നേതാവിന്റെ ലക്ഷണവുമാണ്. വെറുതെ ഒരു സവാരിയല്ല ഉദ്ദേശിച്ചത്. ജനജീവിതങ്ങളിലേക്കുള്ള ആത്മാർത്ഥതയുടെ ഒരു യാത്ര.... ഭാരതത്തിന്റെ ആത്മാവ് ഗ്രാമങ്ങളിലാണെന്ന് ഗാന്ധിജി പറഞ്ഞത് വെറുമൊരു ബോധോദയത്തിന്റെ അടിസ്ഥാനത്തിലായിരുന്നില്ല. പിന്നെ ഹൃദയങ്ങളെ തൊട്ടറിഞ്ഞതിന്റെ പ്രതികരണമായിരുന്നു അത്. ഇന്ന് തെരുവുകൾ നിറയുകയാണ്. കൂറ്റൻ ഫ്ളക്സുകളും കൊടികളും കടലുപോലെ നിറയുമ്പോൾ ചില നേതാക്കളെ ജനങ്ങളിലേക്ക് അടിച്ചേൽപ്പിക്കുകയാണോ? അതോ നട്ടുപിടിപ്പിക്കുകയാണോ? സ്വയം രക്ഷപെടാൻ കഴിയാത്തവർ നടത്തുന്ന ഇത്തരം 'രക്ഷായാത്ര'കളും 'മുന്നേറ്റയാത്ര'കളുമൊക്കെ ആരുടെയെങ്കിലും മനസ്സിൽ ഇടം നേടുന്നുണ്ടോ? ഇല്ല എന്ന ആ സത്യം വലതനും ഇടതനും ഒരേപോലെ മനസ്സിലാക്കാതെ പോകുന്നു. വികസനത്തിനായ് ഒരു യാത്ര... കണ്ണീരൊപ്പാൻ മറ്റൊരു യാത്ര... ശാക്തീകരണത്തിനായി വേറൊരു യാത്ര... യാത്രകൾ ഇങ്ങനെ നീളുമ്പോൾ ഓർക്കുക... സബർമതിയുടെ ആ ശാന്തത, ഗാന്ധിജിയുടെ ആദർശശുദ്ധി, ഇതിലൊന്നും അല്പംപോലും ഇല്ല....

# ഉപകാരസ്മരണ



മനോജ് ജോർജ്ജ്

ന്യൂയോർക്ക്

Date of Publication: 28-02-2014 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2012-14
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 R.N.I. 35982/90
Licenced to Post without Pre Payment No. KL/TLA/WPP/112/12-14 March 2014




*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Dr. Thomaskutty Pathinettil.*